


ഖുത്ബ്: ആരാധന ദൈവത്തോട് മാത്രം

# സത്യദൂതൻ

2011 സെപ്റ്റംബർ | ലക്കം 9

വില ₹ 20



## പരിണാമവും മലക്കുകളും

## യൂറോപ്പ്: ഭീകരതയിലേക്ക് വഴിമാറുന്ന അസഹിഷ്ണുത

## വിശുദ്ധ ഖുർആനിൽ നിന്ന്



ബോധനം വഴിക്കോ അല്ലെങ്കിൽ ഒരു മറയുടെ പിന്നിൽ നിന്നോ അതുമല്ലെങ്കിൽ ഒരുദൂതനെ അയച്ച് അവന്റെ കല്പനപ്രകാരം അവനുദ്ദേശിക്കുന്നത് അദ്ദേഹം(ആ ദൂതൻ) ബോധനം നൽകുകയോ ചെയ്യുന്ന മാർഗേനയല്ലാതെ ഒരു മനുഷ്യനോടും അല്ലാഹു സംസാരിക്കുകയുണ്ടാവില്ല. തീർച്ചയായും അവൻ സർവോന്നതനും അഗാധജ്ഞനുമാകുന്നു. **(42:52)**




## നബിവചനം

### നല്ല സ്വപ്നം

നിങ്ങളിൽ വല്ലവനും താനിഷ്ടപ്പെടുന്ന രീതിയിലുള്ള സ്വപ്നം കണ്ടാൽ തീർച്ചയായും അത് അല്ലാഹുവിൽ നിന്നുള്ളതാണ്. അവൻ അല്ലാഹുവിനെ സ്തുതിക്കുകയും അതിനെസംബന്ധിച്ച് മറ്റുള്ളവരോട് പറയുകയും ചെയ്യട്ടെ. വല്ലവനും താൻ വെറുക്കുന്ന തരത്തിലുള്ള ഒരു സ്വപ്നം കണ്ടാൽ തീർച്ചയായും അത് പിശാചിൽ നിന്നുള്ളതാണ്. അതിന്റെ നാശത്തിൽ നിന്ന് അവൻ അല്ലാഹുവിനോട് അഭയം തേടുകയും അത് പറയാതിരിക്കുകയും ചെയ്യട്ടെ. അത് അവന് യാതൊരു ഉപദ്രവവും ചെയ്യുകയില്ല. **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം



### ദൈവത്തിൽ നിന്നുള്ള ആശ്വാസ വചനം

ഇൽഹാമിന്റെ മറ്റൊരു രൂപം ഇതാണ്. മനുഷ്യന്റെ ശബ്ദവുമായി യാതൊരു ബന്ധവുമില്ലാത്ത നിലയിൽ, പുറത്തുനിന്നെന്ന പോലെ ഒരു ശബ്ദം വരുന്നു. ആ ശബ്ദം ഒരു മറയുടെ പിന്നിൽ നിന്ന് ആരോ സംസാരിക്കുന്നത് പോലെ തോന്നും. എന്നാൽ ഈ ശബ്ദം കർണാനന്ദകരവും അതിമനോഹരവും ഒരളവോളം വേഗത കൂടിയതുമായിരിക്കും. ഹൃദയത്തിന് അതൊരു ആനന്ദ നിർവൃതി നൽകും. മനുഷ്യൻ ഏതോ ലയത്തിലായിരിക്കുമ്പോൾ പെട്ടെന്നുണ്ടായിവരുന്ന ഈ നാദം കേട്ട് അത് ഏത് ഭാഗത്ത് നിന്നാണ് വന്നതെന്നും ആരാണ് തന്നോട് സംസാരിച്ചതെന്നും മനസ്സിലാകാതെ അയാൾ അമ്പരന്ന് പോകും . വിസ്മയ പരതന്ത്രനായി അയാൾ അങ്ങോട്ടുമിങ്ങോട്ടും നോക്കുകയും ഏതോ മാലാഖയാണ് തന്നോട് സംസാരിച്ചതെന്നു അപ്പോൾ മനസ്സിലാക്കുകയും ചെയ്യും. ഈ ബഹിർ നാദം അധികവും മനുഷ്യൻ ഏതെങ്കിലും കാര്യത്തിൽ വളരെയേറെ വിചാരമഗ്നനും ദുഃഖിതനുമായിരിക്കുമ്പോൾ സുവിശേഷമായി ട്ടായിരിക്കും കേൾക്കുക.

**(റൂഹാനി ഖസായിൻ, ബറാഹീനെഅഹ്മദിയ്യ)**

لا إله إلا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം


**4** യുഗശബ്ദം

**5** എഡിറ്റോറിയൽ


**6** ഖുത്വ്ബ
**ആരാധന ദൈവത്തോട് മാത്രം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)


**10** ലേഖനം
**ദൈവവിധിയും മനുഷ്യ സ്വാതന്ത്ര്യവും**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)


**13** ലേഖനം
**പരിണാമവും മലക്കുകളും**
നസീർ ത്വാഹിർ എം.ഡി


**18** ലേഖനം
**കുടിയേറ്റവും സാമൂഹിക ഉദ്ഗ്രഥനവും**
നസീർ അഹ്മദ് ഖമർ


**23** ലേഖനം
**രമ്യമനോഹരമായ പ്രപഞ്ച വ്യവസ്ഥ**
മുഹമ്മദ് സഫറുല്ലാഹ്ഖാൻ


**25** ലേഖനം
**ആത്മാവിന്റെ അവസ്ഥാന്തരങ്ങൾ**
എം.മുബാറക്ക് അഹ്മദ്


**27** ലേഖനം
**ജറുസലേം: സമാധാനത്തിന്റെ നഗരം**
സയ്യിദ് മൻസൂർ ഷാ അഹ്മദ്


**31** ലേഖനം
**ഹദ്റത്ത് മസീഹ് മൗഊദ് (അ) വിശ്വാസലോകത്ത് വരുത്തിയ ആത്മീയ വിപ്ലവം**
മുഹമ്മദ് ഉമർ, നാഇബ് നാസിർ അഅ്‌ലാ, ഖാദിയാൻ



**34** ലേഖനം
**ഇസ്‌ലാമിക് ബാങ്കിങ്ങ്**
ഹാഷിം അഹ്മദ്


**37** ലേഖനം
**മുസ്‌ലിം തീവ്രവാദം അവസാനിക്കണമെങ്കിൽ...**
അബ്ദുല്ലാഹി മാസ്റ്റർ, കൊടിയത്തൂർ


**39** കുറിപ്പുകൾ
**യൂറോപ്പ്: ഭീകരതയിലേക്ക് വഴിമാറുന്ന അസഹിഷ്ണുത**
മുസാഫിർ



**41** പംക്തി
**ലോകജാലകം**
അഫ്ഇദത്തുൽ സലാം വി.എം.


**The Sathyadoothan Monthly**

2011 സെപ്റ്റംബർ
ഹി.ശ.1390 - തബൂഖ്
1432 ശവ്വാൽ - ദുൽഖഅദ്
പുസ്തകം 83 ലക്കം 9
വില 20 രൂപ

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ: 9497343704**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**

**വിലാസം**

സത്യദൂതൻ,
മസ്ജിദ് ഉമർ,
സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്,
കൊച്ചി - 682018
email-sathyadoothan1@gmail.com

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath at Anaswara Offset, Ernakulam
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

# മനുഷ്യനും മലക്കുകളും

ഹദ്റത്ത് അഹ്മദ് (അ)



ഇസ്‌ലാമിക നിയമത്തിൽ ചില പ്രത്യേക മലക്കുകൾ ചില പ്രത്യേക വ്യക്തികളേക്കാൾ ഔന്നത്യം വഹിക്കുന്നില്ല എന്ന കാര്യം നാം ഓർക്കേണ്ടതാണ്. തീർച്ചയായും രണ്ടാമത് പറഞ്ഞ കൂട്ടർ ആദ്യം പറഞ്ഞവരേക്കാൾ ഉയർന്ന പദവിയിലുള്ളവരാണ്. ആദ്യം പറഞ്ഞ മലക്കുകൾ ഭൗതികവും ആത്മീയവുമായ വ്യവസ്ഥകളിൽ മധ്യവർത്തികളായി പ്രവർത്തിക്കുന്നു എന്നത് അവരുടെ ഔന്നത്യത്തിന്റെ സൂചനയല്ല. വിശുദ്ധ ഖുർആൻ പറയുന്നതനുസരിച്ച് അവർ ഈ കൃത്യം നിർവഹിക്കുന്നത് സേവകർ എന്ന നിലക്കാണ്. ഖുർആൻ പറയുന്നത് പോലെ അവൻ സൂര്യനെയും ചന്ദ്രനെയും രണ്ടും അവയുടെ കൃത്യങ്ങൾ സ്ഥിരമായി നിർവഹിക്കുന്ന വിധത്തിൽ നിങ്ങൾക്ക് സേവനത്തിനേർപ്പെടുത്തിത്തന്നിരിക്കുന്നു. (വി. ഖുർആൻ 14:34) ഒരു പോസ്റ്റ്മാൻ ഒരു ഭരണാധികാരിയുടെ എഴുത്ത് ഗവർണർക്കോ ഗവർണർ ജനറലിനോ എത്തിക്കുന്നു. അതിനർഥം ഭരണാധികാരിക്കും ഗവർണർ ജനറലിനുമിടയിൽ ഒരു ഏജന്റ് ആയി വർത്തിക്കുന്ന ഒരു പോസ്റ്റ്മാൻ, ഗവർണർ ജനറലിനേക്കാൾ സമുന്നതമായ ഒരു പദവി വഹിക്കുന്നയാളാണെന്നല്ല. ഇത് തന്നെയാണ് മധ്യവർത്തിയുടെയും സ്ഥിതി. ഭൂമിയിലെ ഭൗതികവും ആത്മീയവുമായ വ്യവസ്ഥയിലേക്ക് സർവശക്തനായവന്റെ കല്പനകൾ വഹിച്ച് അവർ സ്വയം അത് നിർവഹിക്കുന്നു. മഹത്വവാനായ ദൈവം വിശുദ്ധ ഖുർആനിൽ ചില സ്ഥലങ്ങളിൽ അക്കാര്യം വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. ആകാശഭൂമികൾക്കിടയിൽ എന്തെല്ലാം സൃഷ്ടിക്കപ്പെട്ടുവോ അതെല്ലാം മനുഷ്യന്റെ നന്മക്കായിട്ടു മാത്രമാണ്. മനുഷ്യനാകട്ടെ പദവിയിലും സ്ഥാനത്തിലും അവയെക്കാളെല്ലാം ഉയർന്നുനിൽക്കുകയും ചെയ്യുന്നു. മനുഷ്യൻ അവരാൽ സേവിക്കപ്പെടുകയും ചെയ്യുന്നു. ഖുർആൻ പറയുന്നത് പോലെ.

'അവൻ സൂര്യനെയും ചന്ദ്രനെയും രണ്ടുംഅവയുടെ കൃത്യങ്ങൾ സ്ഥിരമായി നിർവഹിക്കുന്ന വിധത്തിൽ നിങ്ങൾക്ക് സേവനത്തിലേർപ്പെടുത്തിത്തന്നിരിക്കുന്നു. (വി:ഖുർആൻ 14:34) മറ്റൊരു സ്ഥലത്ത് ഖുർആൻ പറയുന്നു:

'നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം ഓർക്കുക. തീർച്ചയായും ഞാൻ കളിമണ്ണിൽ നിന്ന് മനുഷ്യനെ സൃഷ്ടിക്കുകയാണ്. അങ്ങനെ ഞാൻ അവനെ ശരിയായി രൂപപ്പെടുത്തുകയും അവനിൽ എന്റെ വചനത്തിൽ നിന്ന് ഒരംശം ഞാൻ അവതരിപ്പിക്കുകയും ചെയ്താൽ നിങ്ങളെല്ലാവരും അനുസരിച്ചുകൊണ്ട് അവന്റെ മുമ്പാകെ കുനിയുവിൻ. അപ്പോൾ മലക്കുകൾ എല്ലാവരും ഒന്നടങ്കം അനുസരിച്ചു. പക്ഷേ ഇബ്‌ലീസ് അനുസരിച്ചില്ല (വി. ഖുർആൻ 38:72-75).

മനുഷ്യന് സുജൂദ് ചെയ്യുക എന്നതിന്റെ യഥാർഥ അർഥം മനുഷ്യന് മുമ്പിൽ സാഷ്ടാംഗങ്ങളും പ്രണിപതിച്ചുകൊണ്ട് സ്വയം നിൽക്കുന്നത് പോലെ താഴ്മയോടെ സമർപ്പിതമായ നിലയിലും സേവനാർഥം നിലകൊള്ളുവാൻ മലക്കുകൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. ആയതിനാൽ പൂർണനായ മനുഷ്യന് മുന്നിൽ എല്ലാ മലക്കുകളും പ്രണപതിച്ചു നിന്നു. എന്നാൽ ഈ സൗഭാഗ്യത്തിൽ നിന്ന് ഇബ്‌ലീസ് അകറ്റപ്പെട്ടു.

മലക്കുകളോട് ആദമിന് സുജൂദ് ചെയ്യണമെന്ന ഈ ആജ്ഞ ആദമിന്റെ ആവിർഭാവ സമയവുമായി ബന്ധപ്പെട്ട ഒന്നല്ല. അത് തികച്ചും മറ്റൊരു ആജ്ഞയായിരുന്നു. മനുഷ്യൻ മാനവൻ എന്ന നിലക്ക് അവന്റെ കഴിവും പ്രാപ്തിയും പൂർണനിലയിലെത്തുകയും പക്വത പ്രാപിക്കുകയും ദൈവത്തിന്റെ ചൈതന്യം അവനിൽ കുടികൊള്ളുകയും ചെയ്യുമ്പോൾ അത്തരം ഒരു പരിപൂർണ മനുഷ്യനിലേക്ക് അവർ സുജൂദ് ചെയ്യണം എന്നതായിരുന്നു ആ ആജ്ഞ. മലക്കുകൾ സ്വർഗീയ പ്രകാശവുമായി അത്തരം വ്യക്തികളിൽ ഇറങ്ങുകയും അവർക്കുവേണ്ടി അനുഗ്രഹത്തിനായി അർഥിക്കുകയും ചെയ്യും എന്നും പറയുന്നതാണ്. ദൈവം അവന്റെ തിരഞ്ഞെടുത്ത വരിഷ്ടദാസന്മാരുമായി ബന്ധപ്പെട്ട് നടപ്പിൽ വരുത്തുന്ന ഒരു അനശ്വരനിയമനത്തെ പറ്റിയുള്ള സൂചനയാണിത്. ഏതെങ്കിലും ഒരു കാലഘട്ടത്തിൽ ഒരാൾ ആത്മീയ പക്വത പ്രാപിച്ചാൽ സർവശക്തനായ ദൈവം അവനിൽ പ്രതിഫലിക്കുന്നു. അതായത് അയാൾക്ക് തന്റെ അഹംഭാവം നഷ്ടമാവുകയും ദൈവത്തിന്റെ പക്കലുള്ള അനശ്വരപദവി കൈവരിക്കുകയും ചെയ്യുന്നു. പ്രത്യേകമായ രീതിയിൽ മലക്കുകൾ അയാളിൽ ഇറങ്ങുകയും ചെയ്യുന്നു. അയാളുടെ ആദ്യകാലസത്യാന്വേഷണത്തിൽ മലക്കുകൾ അദ്ദേഹത്തെ സഹായിക്കുകയും സേവിക്കുകയും ചെയ്യുന്നു. മലക്കുകളുടെ ഈ പ്രത്യേകമായ ആരോഹണാവരോഹണം വളരെ പരിപൂർണവും അവികലവുമാണ്. ആയതിനാൽ അതിനെ സുജൂദ് എന്ന് വിവരിക്കപ്പെടാവുന്നതാണ്. സുജൂദ് സൂചിപ്പിക്കുന്നത് ഒരു പരിപൂർണ മനുഷ്യനേക്കാൾ മലക്കുകൾ ഉന്നതന്മാരല്ല എന്നാണ്. ഒരു രാജകീയ സേവകനെപ്പോലെ ഒരു പരിപൂർണ്ണ മനുഷ്യനുമുമ്പിൽ സ്വയം സുജൂദ് ചെയ്തുകൊണ്ട് അവർ ബഹുമാനം അർപ്പിക്കുന്നു.

(തൗസീഹെ മറാം).

എഡിറ്റോറിയൽ

# അദൃശ്യ ലോകം

**വി**ശുദ്ധ ഖുർആന്റെ വിഷയ സാകല്യത്തിന്റെ ലഘു മാതൃകയാണ് സൂറ: ബഖറ. അതിലെ പ്രഥമ വചനങ്ങളിൽ വിശ്വാസികളെ സംബന്ധിച്ച് നടത്തുന്ന പ്രഖ്യാപനം ശ്രദ്ധേയമാണ്. ഖുർ ആൻ പറയുന്നു.

**അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും നമസ്കാരം നിലനിർത്തുകയും നാം അവർക്ക് നൽകിയിട്ടുള്ളതിൽനിന്ന് ചെലവഴിക്കുകയും ചെയ്യുന്നവരത്രെ അവർ(2:4).**

'അദൃശ്യത്തിൽ വിശ്വസിക്കുക'എന്ന ഖുർആന്റെ സവിശേഷ ശൈലി അതിഗഹനവും സങ്കീർണവുമാണ്. വാസ്തവത്തിൽ ഇസ്‌ലാം മതവിശ്വാസത്തിന്റെ അന്ത:സത്ത തന്നെ അദൃശ്യത്തിൽ വിശ്വസിക്കുക എന്നതാണ്. അയുക്തികമായ വിശ്വാസം വെച്ചു പുലർത്തുന്നവർ അവിശ്വാസികളാണെന്നാണ് ഖുർആന്റെ നിലപാട്. അപ്രകാരം വിശ്വാസ കാര്യങ്ങൾ അവനവന്റെ അന്ത:ക്കരണ മനുസരിച്ചായിരിക്കണമെന്നും അക്കാര്യത്തിൽ ബാഹ്യമായ യാതൊരു നിർബന്ധവും പാടില്ലെന്നും നിഷ്ക്കർഷിക്കുന്ന ഖുർആൻ സാത്വികരുടെ അടയാളമായി, 'അവർ അദൃശ്യത്തിൽ വിശ്വസിക്കുന്നവർ' ആയിരിക്കുമെന്ന് പറയുകയും ചെയ്യുന്നു. അത്കൊണ്ട്തന്നെ ഈ പരാമർശം വിശദീകരണമർഹിക്കുന്നു.

ഇവിടെ അദൃശ്യത്തിൽ വിശ്വസിക്കുക എന്നാൽ അസ്തിത്വം ഇല്ലാത്ത ഒന്നിൽ തെളിവൊന്നുമില്ലാതെ വിശ്വസിക്കുക എന്നല്ല അർഥമാക്കുന്നത്. മനുഷ്യന്റെ ഇന്ദ്രിയങ്ങളുടെ പരിമിതികൊണ്ട് അവന്റെ സംവേദനേന്ദ്രിയങ്ങൾക്ക് ഗ്രാഹ്യമാവാത്തതോ ഗോചരീഭവിക്കാത്തതോ ആയ അദൃശ്യ യാഥാർഥ്യങ്ങളുണ്ടെന്നും അവയിൽ വിശ്വസിക്കണമെന്നുമാണ് ഖുർആൻ പറയുന്നത്. നമ്മുടെ സംവേദനേന്ദ്രിയങ്ങളുടെ അവസ്ഥയോ ഗുണനിലവാരമോ വീക്ഷണകോണോ മാറുമ്പോൾ പല അദൃശ്യ യാഥാർഥ്യങ്ങളും അനുഭവവേദ്യമായിത്തീരും. ഭൗതിക ലോകത്ത് നിന്നു തന്നെ നമുക്ക് ഇതിന് ഉദാഹരണങ്ങൾ ലഭിക്കും. അതായത് നഗ്നനേത്രങ്ങൾ കൊണ്ട് നക്ഷത്ര കൂട്ടങ്ങളുള്ള ആകാശം നാം വീക്ഷിക്കുമ്പോൾ ആയിരക്കണക്കിന്ന് നക്ഷത്രങ്ങളെ ദർശിക്കാനാകും. ഒരു ദൂരദർശിനി ഉപയോഗിച്ച് ശക്തികൂടിയ ദർശനശേഷിയുമായി നാം ആകാശത്തെ നോക്കുകയാണെങ്കിൽ നക്ഷത്രങ്ങളുടെ എണ്ണം ശതഗുണീഭവിക്കുന്നതായിക്കാണാം. അത്വരെ അദൃശ്യമായിരുന്ന നക്ഷത്രക്കാഴ്ചകൾ നമുക്ക് പ്രത്യക്ഷമായി ഭവിക്കും. നമ്മുടെ ദർശനശക്തി വർധിച്ചപ്പോൾ മറഞ്ഞിരിക്കുന്ന യാഥാർഥ്യങ്ങൾ ദർശനയോഗ്യങ്ങളായി തീരുന്നു. അതുപോലെ നമ്മുടെ ആത്മീയ ദർശനശേഷിയുടെ അപര്യാപ്തത കൊണ്ടും സ്ഥൂലശരീരത്തിൽ നിന്ന് മനുഷ്യന്റെ ആത്മാവ് വിമോചിക്കപ്പെടാത്തതിനാലും അദൃശ്യ ലോകം അജ്ഞാതമായി തുടരുകയാണ്. നമ്മുടെ അജ്ഞത കൊണ്ട് അദൃശ്യ ലോകത്തെ നിഷേധിക്കുന്നത് വിഡ്ഢിത്തമാണ്. ആത്മീയ മാർഗത്തിൽ ചരിച്ച സത്യത്തിന്റെ മൂർത്തികളായ പുണ്യാത്മാക്കൾ അവർക്കുണ്ടായ ആത്മീയ ദർശനങ്ങളും അനുഭവങ്ങളും ലോകം ആദരപൂർവം സ്മരിക്കുന്ന സത്യങ്ങളാണ്.

ദൃശ്യലോകവും അദൃശ്യലോകവും തമ്മിലുള്ള പാരസ്പര്യത്തിന്റെ അനിഷേധ്യമായ ഉദാഹരണങ്ങൾ നമ്മുടെ ദൈനംദിനജീവിതത്തിലുണ്ട്. ഉദാഹരണത്തിന് നമ്മുടെ സംസാരം അഥവാ ഭാഷണവൃത്തി നോക്കൂ. ഭാഷണത്തിന് മുമ്പായി നടക്കുന്ന ആശയരൂപീകരണം അമൂർത്തമായ ഒരു മണ്ഡലത്തിൽ വെച്ചാണ് നടക്കുന്നത്. നമ്മുടെ മസ്തിഷ്ക്കത്തിലെ ബ്രോക്കാസ് ഏരിയ (Broca's Area) ഭാഷണ വ്യവഹാരങ്ങളെ നിയന്ത്രിക്കുന്നുണ്ടെങ്കിലും മനുഷ്യ മസ്തിഷ്ക്കത്തിൽ ബോധം ഉല്പാദിപ്പിക്കുന്ന ഭൗതിക അധിഷ്ഠാനമോ ന്യൂറോൺ സംഘാതമോ ഇല്ല. ചിന്ത ഉദ്ഭവിക്കുന്നത് അമൂർത്തവും അദൃശ്യവുമായ ഒരു മണ്ഡലത്തിൽ നിന്നാണ്. മസ്തിഷ്ക്കം അത് പിടിച്ചെടുത്ത് സംസാരമെന്ന മൂർത്ത യാഥാർഥ്യമാക്കി മാറ്റുന്നുവെന്നേയുള്ളൂ. അതുകൊണ്ട് അദൃശ്യലോകം അഥവാ അമൂർത്തലോകം നമ്മുടെ അസ്തിത്വത്തിലുള്ളതും നമ്മുടെ ഓരോരുത്തരുടെയും അനുഭവ യാഥാർഥ്യവുമാണ്. എന്നിരിക്കെ അതിനെനിഷേധിക്കുന്നത് അജ്ഞതയുടെ പ്രകടനമല്ലാതെ മറ്റെന്താണ്.

കേവലം ഇന്ദ്രിയാധിഷ്ഠിതമായ പ്രത്യക്ഷജ്ഞാനത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തുതകളല്ലാതെ മറ്റൊരു യാഥാർഥ്യവുമില്ലെന്ന വാദം അയുക്തികവും നിരർഥകവുമാണ്. പരലോക നിഷേധകരായ ഭൗതിക വാദികൾ ഉന്നയിക്കുന്ന വാദത്തെയും അവരുടെ അറിവില്ലായ്മയെയും സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു:

**'അവർ പറയുന്നു,"ജീവിതം എന്നത് നമ്മുടെ ഈ ഐഹിക ജീവിതം മാത്രമാണ്. നാം മരിക്കുകയും നാം ജീവിക്കുകയും ചെയ്യുന്നു. കാലം മാത്രമാണ് നമ്മെ നശിപ്പിക്കുന്നത്". വാസ്തവത്തിൽ അവർക്കതിനെക്കുറിച്ച് ഒരറിവുമില്ല. അവർ ഊഹിക്കുക മാത്രമാണ് ചെയ്യുന്നത്(45:25).**

# ആരാധന ദൈവത്തോട് മാത്രം

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)
ഖലീഫത്തുൽ മസീഹ്

വാഗ്ദത്ത മസീഹ് (അ) പറയുന്നു: സ്വീകാര്യയോഗ്യമായ യഥാർഥ പ്രാർഥനക്ക് ദുആയാണ് ആവശ്യം. സ്വലാത്തും നമസ്കാരവും തമ്മിലുള്ള വ്യത്യാസം എന്താണെന്ന് ഒരിക്കൽ ഞാൻ ചിന്തിച്ചു. ഹദീസിൽ വന്നിട്ടുണ്ട്. സ്വലാത്താണ് യഥാർഥത്തിൽ ദുആ. നമസ്കാരം ആരാധനയുടെ രത്നച്ചുരുക്കമാണ്.

വീണ്ടും പറയുന്നു. ഓർക്കുക. നമസ്കാരം കൊണ്ട് ദുൻയാവും ശരിയായിത്തീരുന്നതാണ്. ദീനും ശരിയായിത്തീരുന്നതാണ്. നമസ്കാരം അനുഷ്ഠിക്കുന്നത്കൊണ്ട് മനുഷ്യൻ നാനാതരം ദുഷ്പ്രവൃത്തികളിൽ നിന്നും നിർലജ്ജ പ്രവർത്തനങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടുന്നു.

ഇങ്ങനെയുള്ള നമസ്കാരം അനുഷ്ഠിക്കുക എന്നതും മനുഷ്യന്റെ നിയന്ത്രണത്തിൽ പെട്ടതല്ല. അല്ലാഹു നമസ്കരിക്കാൻ പറഞ്ഞിട്ടുണ്ടെങ്കിലും സ്വീകരിക്കപ്പെടുന്ന നമസ്കാരവും തിന്മയിൽ നിന്നും നീചകൃത്യങ്ങളിൽ നിന്നും രക്ഷപ്പെടുത്തുന്ന നമസ്കാരം, നേരായ പന്ഥാവിൽ നമ്മെ നയിക്കുന്ന ആരാധന, അല്ലാഹുവിന്റെ സഹായമില്ലാതെ നമുക്ക് നമ്മുടെ ഇംഗിതപ്രകാരം ചെയ്യാൻ സാധ്യമല്ല. നമ്മുടെ ആരാധനകളും പ്രാർഥനകളും എങ്ങനെയായിരിക്കണമെന്നതിലേക്കാണ് ഇവയെല്ലാം വെളിച്ചം വീശുന്നത്. ദുആ ചെയ്യുന്നതിനായി ഏതെല്ലാം മാർഗങ്ങളാണ് നാം അവലംബിക്കേണ്ടത് എന്നും, ഈ ആരാധനകളും പ്രാർഥനകളും നമ്മിൽ എന്ത് സ്വാധീനമാണ് ഉണ്ടാക്കേണ്ടത് എന്നും ഈ ആരാധനകളും പ്രാർഥനകളും നമസ്കാരങ്ങളും ഏതു രീതിയിലാണ് അല്ലാഹുവിന്റെ സവിധത്തിൽ സ്വീകരിക്കപ്പെടുക എന്നും നമുക്ക് മനസ്സിലാക്കാൻ കഴിയണം. ഇബാദത്താണ് മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യമെന്ന് മനുഷ്യൻ തിരിച്ചറിഞ്ഞാൽ മാത്രമേ തന്റെ ഇരുലോകവും ശരിയായി



(19 – 08 – 2011 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) വെച്ച് നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം.)

ത്തീരുകയുള്ളൂ. എങ്കിൽ മാത്രമേ മറ്റെല്ലാം ഉപേക്ഷിച്ചുകൊണ്ട് ഈ മുഖ്യ ലക്ഷ്യം കരസ്ഥമാക്കാൻ അവൻ ശ്രമിക്കുകയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ ദുആക്ക് വേണ്ടിയും ദുആയാണാവശ്യം. അല്ലാഹുവിന്റെ സഹായം അവനോട് സഹായം തേടിക്കൊണ്ടല്ലാതെ കരസ്ഥമാകുന്നതല്ല. അല്ലാഹുതആല തന്റെ ദാസരോട് അതിരറ്റ ദയ കാണിക്കുന്നവനാണ്. അവൻ വിശുദ്ധ ഖുർആന്റെ പ്രാരംഭ അധ്യായത്തിൽ തന്നെ അതിനുള്ള പ്രാർഥന പഠിപ്പിച്ചു തന്നിട്ടുണ്ട്. അഞ്ച് ഫർള് നമസ്കാരങ്ങൾക്ക് പുറമെ സുന്നത്തുകളിലും നഫലുകളിലും ഓരോ റകഅത്തിലും ഈ ദുആ ചൊല്ലണമെന്ന് നിർബന്ധമാക്കുകയും ചെയ്തു. അല്ലാഹുവേ ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുന്നു; നിന്നെ ആരാധിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ നിന്റെ സഹായമില്ലാതെ അത് അതർഹിക്കുന്ന രീതിയിൽ ഞങ്ങൾക്ക് ചെയ്യാൻ സാധ്യമല്ല. അതുകൊണ്ട് ഹൃദയാന്തരാളങ്ങളിൽ നിന്ന് ഉയർന്നുവരുന്ന വിളിയോടുകൂടി ഒരു വിശ്വാസി അല്ലാഹുവിനെ ഓർക്കുമ്പോൾ അല്ലാഹു അവർക്ക് ആരാധനയ്ക്കുള്ള ഭാഗ്യം നൽകുന്നതാണ്.

ഓരോ വർഷത്തെ റമദാൻ അവന്റെ സാമീപ്യത്തിനുള്ള വഴിയൊരുക്കുന്നു എന്നത് അവൻ ജനങ്ങളോട് ചെയ്യുന്ന വലിയ ഔദാര്യമാണ്. അവൻ ഇപ്രകാരം പ്രഖ്യാപിക്കുന്നു. ഞാനിതാ ശൈത്വാനെ ബന്ധനസ്ഥനാക്കിയിട്ടുണ്ട്. എന്നിലേക്ക് നിഷ്ക്കളങ്കമായി വരുന്ന ഓരോ ദാസന്റെയും വിളി ഞാൻ കേൾക്കുന്നു. അവനെ ഞാൻ സഹായിക്കുന്നു. അവൻ എന്നിൽ പൂർണമായും വിശ്വസിക്കുന്നു. എന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നു. ഇനിയും അവർ പൂർണമായി എന്നെത്തന്നെ ആരാധിക്കുമെന്നും എന്റെ യഥാർഥ ദാസരായിത്തീരുമെന്നും വാക്ക് തരുന്നു. അതിനാൽ അങ്ങനെയുള്ള ദാസരുടെ ദുആകൾ ഞാൻ സ്വീകരിക്കുന്നു. അതുകൊണ്ട് എവിടെയെങ്കിലും വല്ല കുറവുമുണ്ടെങ്കിൽ അത് ദാസരുടെ ഭാഗത്തുനിന്നാണുള്ളത്. അല്ലാഹുവിന്റെ ഔദാര്യങ്ങളിലും സഹായം നൽകുന്നതിലും ഒരു കമ്മിയുമില്ല. ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഉപദേശ നിർദേശങ്ങളുടെ വെളിച്ചത്തിൽ 'അല്ലാഹുവേ ഞങ്ങൾ നിന്നെമാത്രം ആരാധിക്കുന്നു' എന്നതിനെ വിശദീകരിക്കുന്നതാണ്. അതിലെ ആത്മീയജ്ഞാനം നാം ഗ്രഹിച്ച് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ ശ്രമിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ ഉബൂദിയ്യത്ത് നിറവേറ്റാൻ നമുക്ക് സാധിക്കും

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു എന്ന വചനത്തെ

നിന്നോടുമാത്രം ഞങ്ങൾ സഹായത്തിന് അഭ്യർഥിക്കുകയും ചെയ്യുന്നു എന്ന വചനത്തിനു മുമ്പെയാണ് അല്ലാഹു വെച്ചിരിക്കുന്നത്. ദാസൻ സഹായം തേടുന്നതിനുമുമ്പേ അനുഗ്രഹ ദാതാവായ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ചുള്ള സൂചനയാണ് നൽകുന്നത്. അതായത് ദാസൻ തന്റെ നാഥന് കൃതജ്ഞത രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. എന്നിട്ടവൻ ഇപ്രകാരം പറയുന്നു: എന്റെ രക്ഷാപരിപാലകനായ നാഥാ! ഞാൻ നിന്റെ ആ എല്ലാ അനുഗ്രഹത്തിനും നന്ദി രേഖപ്പെടുത്തുകയാണ്; അവ നീ എന്റെ ദുആക്കും എന്റെ അപേക്ഷക്കും എന്റെ പ്രവർത്തനത്തിനും എന്റെ പ്രയത്നത്തിനും അതേപോലെ ചോദിക്കുന്നവരുടെ യാചനക്കും മുമ്പേ നിന്റെ റുബൂബിയ്യത്തും റഹ്മാനിയ്യത്തും മുഖേന നീ നൽകുന്നതുമാണ്. അവ ഞാൻ ചോദിക്കുന്നതിനു മുമ്പേ നീ എനിക്ക് കനിഞ്ഞരുളിയതാണ്. അതേപോലെ നാനാതരം ശക്തിയും സത്യസന്ധതയും സൗഖ്യവും വിജയവും ദുആ ചെയ്താലും സഹായാർഥന നടത്തിയാലും മാത്രം നൽകപ്പെടുന്ന ലക്ഷ്യങ്ങൾ കരസ്ഥമാകുന്നതിനും നിന്നോട് ഞാൻ യാചിക്കുന്നു. നീയാണ് ഏറ്റവും നല്ല രീതിയിൽ ഔദാര്യം ചെയ്യുന്നവൻ.

അല്ലാഹു തന്റെ റഹ്മാനിയ്യത്ത് മുഖേന ചെയ്തിരിക്കുന്ന അവന്റെ ഔദാര്യങ്ങളെ ഓർത്ത് ദാസൻ കൃതജ്ഞതയുള്ളവനായിത്തീരുമ്പോൾ അത് അവന്റെ ആരാധനയിലേക്കും യഥാർഥ ദാസനായിത്തീരുന്നതിലേക്കുമുള്ള പ്രഥമ ചുവടുവെപ്പായിരിക്കും. ഈ സ്ഥാനത്തെക്കുറിച്ച് ഒരു ദാസൻ അറിവ് കരസ്ഥമാക്കുമ്പോൾ അവൻ ആരാധനയിൽ മുന്നോട്ട് ഗമിക്കാൻ പ്രയത്നിച്ചുകൊണ്ടിരിക്കും. പിന്നീട് ദാസൻ തന്റെ ദൈവത്തോട് ഇപ്രകാരം പറയുന്നതാണ്; നീ നിന്റെ ദാസനായിത്തീരാനുള്ള വിവിധ പദവികൾ നിർണയിച്ചിട്ടുള്ളതും കരസ്ഥമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിന്റെ എല്ലാ അനുഗ്രഹങ്ങളും നുകരാൻ ഞാൻ ഇച്ഛിക്കുന്നു. എന്റെ ആത്മീയവും ഭൗതികവുമായ വിജയത്തിനുള്ള സർവ വസ്തുക്കളും ലഭിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇതെല്ലാം തന്നെ നിന്റെ സഹായമില്ലാതെ ലഭിക്കില്ല. അതുകൊണ്ട് എന്നെ നീ സഹായിക്കേണമേ. അതിനുശേഷം അല്ലാഹുവിന്റെ സഹായ കവാടം തുറക്കപ്പെടുന്നതും ഉന്നതിയുടെ പടവുകൾ കയറിത്തുടങ്ങുകയും ചെയ്യുന്നതാണ്. അല്ലാഹു തന്റെ റഹ്മാനിയത്ത് മൂലം നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾക്ക് കൃതജ്ഞതയുള്ളവരായിത്തീർന്നാൽ ആരാധനയിലേക്കും അല്ലാഹുവിന്റെ സഹായം നേടിയെടുക്കുന്നതിലേക്കും ശ്രദ്ധയുണ്ടായിരിക്കും. ഈ അടിസ്ഥാന കാര്യം മുമ്പിൽ വെച്ചുകൊണ്ട് നാം നിന്നെമാത്രം ആരാധിക്കുകയും നിന്നോടുമാത്രം സഹായം അഭ്യർഥിക്കുകയും ചെയ്യുന്നു എന്ന ദുആ ചൊല്ലേണ്ടതാണ്.

ഈ ആയത്തിൽ മനുഷ്യന് നൽകപ്പെടുന്ന അനുഗ്രഹങ്ങൾക്ക് നന്ദി രേഖപ്പെടുത്താനുള്ള പ്രേരണയാണ് നൽകുന്നത്. ഏതെല്ലാം വസ്തുക്കളെക്കുറിച്ച് നിനക്ക് ആഗ്രഹമുണ്ടോ അതിനായി ക്ഷമയോടുകൂടി ദുആ ചെയ്യുകയും അതേപോലെ പൂർണവും ഉന്നതവുമായ വസ്തുക്കളിലേക്ക് താൽപര്യം വർധിപ്പിക്കാനുംകൂടി ഇവിടെ പ്രേരണ നൽകുന്നു. അങ്ങനെ നീയും സ്ഥായിയായി കൃതജ്ഞത രേഖപ്പെടുത്തുന്നവരിലും ക്ഷമ കൈകൊള്ളുന്നവരിലും ഉൾപ്പെടുന്നതാണ്. അതുകൂടാതെ ഈ ആയത്തിൽ ദാസന് തനിക്ക് ധൈര്യവും ശക്തിയും ഉണ്ടെന്നതിനെ നിഷേധിക്കാനും പ്രേരണ നൽകുന്നു. എപ്പോഴും അല്ലാഹുവിൽ തന്നെ ആശ അർപ്പിച്ചുകൊണ്ട് അവനിൽ ശുഭപ്രതീക്ഷ വെച്ചുകൊണ്ട് അവനോട് ചോദിക്കാനും ദുആ ചെയ്യാനും വിനയവും നന്ദിയും പ്രകടിപ്പിച്ചുകൊണ്ട് സ്വയം അല്ലാഹുവിന്റെ സവിധത്തിൽ തന്നെ സമർപ്പിക്കുന്നതിനും പ്രേരണ നൽകുന്നു. കൂടാതെ ഭയത്തോടും ഏറെ പ്രതീക്ഷയോടും കൂടി മാതാവിന്റെ മടിയിൽ കിടക്കുന്ന കൈക്കുഞ്ഞിനെപ്പോലെ തന്നെ അല്ലാഹുവിന്റെ ആശ്രിതനായി കരുതാനുള്ള പ്രേരണയും ഇതിൽ ഉൾക്കൊള്ളുന്നു. അതേപോലെ സർവ സൃഷ്ടികളോടും ഭൂമിയിലുള്ള സകല വസ്തുക്കളോടും യാതൊരു ബന്ധവും ഇല്ലാത്ത മൃതതുല്യമായ അവസ്ഥ കൈവരിക്കാനും ഇതിൽ പ്രേരണ നൽകുന്നു.

ഇവിടെ കൃതജ്ഞത രേഖപ്പെടുത്താനാണ് പ്രേരണ നൽകുന്നത്. ക്ഷമയും ദുആയും മുഖേന സ്ഥിരമായി ദുആ ചെയ്യുന്നവരും ക്ഷമ കൈകൊള്ളുന്നവരുമായി നിങ്ങൾ മാറുന്നതാണ്. അങ്ങനെയുള്ളവരെ അല്ലാഹു അനുഗ്രഹങ്ങൾ നൽകി കടാക്ഷിക്കുന്നു. മറ്റൊന്ന് ഇതിൽ പറഞ്ഞിരിക്കുന്നത് തനിക്ക് ശക്തിയും ധൈര്യവും ഇല്ലെന്ന് കരുതാൻ ഇതിൽ പ്രേരണ നൽകുന്നു എന്നാണ്. അതായത് താൻ ഒന്നുമല്ലെന്ന് കരുതുക. എല്ലാ കഴിവുകളുടെയും ഉടമസ്ഥനും നാഥനും അല്ലാഹുവാണെന്ന ചിന്ത മനുഷ്യന് ഉണ്ടായിരിക്കേണ്ടതാണ്. അതുകൊണ്ട് അവന്റെ മുമ്പിൽ തങ്ങളെ സമർപ്പിക്കുക. ഭൗതികമായ എല്ലാ ബന്ധങ്ങളിൽ നിന്നും വിട്ടൊഴിഞ്ഞ് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിന് ശ്രമിക്കുക.

ആ മഹാത്മാവ് പറയുന്നു: ദുആ ചെയ്യുന്ന വ്യക്തിക്ക് തന്റെ ബലഹീനതയെക്കുറിച്ച് ശരിക്കും അറിവ് ഉണ്ടായാൽ മാത്രമേ നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോടുമാത്രം സഹായം അർഥിക്കുകയും ചെയ്യുന്നു എന്ന ദുആ ശരിയായ അർഥത്തിൽ ചെയ്യാൻ കഴിയുകയുള്ളൂ. മറ്റൊരു കാര്യം ഈ ആയത്തിൽ പറയുന്നത് ഞങ്ങൾ വളരെ ബലഹീനരാണെന്ന കാര്യം ഏറ്റു പറയുകയും അത് അംഗീകരിക്കുകയും ചെയ്യാനും വേണ്ടിയാണ്. നീ കഴിവ് നൽകിയില്ലെങ്കിൽ നിന്നെ ആരാധിക്കാൻ ഞങ്ങൾക്ക് കഴിയില്ല. നീ സഹായം നൽകാതെ നിന്റെ പ്രീതിയുടെ മാർഗം അന്വേഷിക്കാനും ഞങ്ങൾക്ക് കരുത്തില്ല. നിന്റെ സഹായം മൂലമാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. നിന്റെ സഹായം കൊണ്ടാണ് ഞങ്ങൾ ചലിക്കുന്നത് തന്നെ. തന്റെ മക്കളുടെ മരണം കാരണം ദുഃഖത്തിൽ വെന്തെരിയുന്ന മാതാക്കളെപ്പോലെ, പ്രേമത്തിൽ കത്തി എരിയുന്ന പ്രേമികളെപ്പോലെ ഒരു വികാരത്തോടെ ഞങ്ങൾ നിന്നിലേക്ക് ഓടിവരികയാണ്.

ഇതിൽ ആദ്യമായി പറഞ്ഞത് അല്ലാഹുവിനെ കരസ്ഥമാക്കാനായി ഒരു ആവേശവും ഉള്ളുരുക്കവും നിങ്ങളുടെ അന്തരംഗത്ത് ഉണ്ടായിരിക്കണം എന്നാണ്. അതിന് ഉദാഹരണമായി പറഞ്ഞത് തന്റെ കുട്ടിയുടെ മരണത്തിന്റെ ദുഃഖഭാരത്താൽ വെന്തെരിയുന്ന മാതാപിതാക്കളെപ്പോലെയും തന്റെ പ്രേമിയുടെ പ്രേമത്തിൽ ഉരുകിക്കൊണ്ടിരിക്കുന്ന പ്രേമിയെപ്പോലെയുമാണ് എന്നാണ്.

ഈ ആയത്തുകളിൽ അഹങ്കാരവും പൊങ്ങച്ചവും ഉപേക്ഷിക്കുവാനും പ്രശ്നങ്ങൾ സങ്കീർണമായിത്തീരുമ്പോൾ, പ്രയാസം നാലുപാടുനിന്നും വലയം ചെയ്യുമ്പോൾ അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന ശക്തിയിലും കഴിവിലും മാത്രം ആശ്രയിക്കുവാനും വിനയാന്വിതരായ ദാസരിൽ ഉൾപ്പെടുന്നതിനും പ്രേരണ നൽകുന്നു. അല്ലാഹു ഇപ്രകാരം പറയുന്നതുപോലെ. അതാ

യത് എന്റെ ദാസരേ! നിങ്ങൾ നിങ്ങളെ മൃതരെപ്പോലെ കണക്കാക്കുക. എല്ലായിപ്പോഴും അല്ലാഹുവിൽ നിന്ന് ശക്തി കരസ്ഥമാക്കുകയും ചെയ്യുക. അതിനാൽ നിങ്ങളിൽ ഒരു യുവാവും തന്റെ ശക്തിയിൽ അഹങ്കരിക്കാതിരിക്കട്ടെ. ഒരു വൃദ്ധനും തന്നെ തന്റെ ഊന്നുവടിയിൽ ആശ്രയം കണ്ടെത്താതിരിക്കട്ടെ. ഒരു ബുദ്ധിമാനും തന്റെ ബുദ്ധിയിൽ ഊറ്റം നടിക്കാതിരിക്കുകയും ചെയ്യട്ടെ. അതേപോലെ ഒരു ജ്ഞാനിയും തന്റെ അറിവിന്റെ ശക്തിയിലോ തന്റെ ബുദ്ധിയിലോ സാമർഥ്യത്തിലോ ആശ്രയിക്കുകയും ചെയ്യാതിരിക്കട്ടെ. ഒരു മുൽഹിമും (ഇൽഹാം ലഭിക്കുന്ന വ്യക്തി) തന്റെ ഇൽഹാമിലോ കശ്ഫിലോ തന്റെ ദുആയിലുള്ള ആത്മാർഥതയിലോ ആശ്രയിക്കാതിരിക്കട്ടെ. കാരണം അല്ലാഹു എന്തൊന്നാണോ ഇച്ഛിക്കുന്നത് അതവൻ ചെയ്യുന്നു. ആരെ അവൻ ഉദ്ദേശിക്കുന്നുവോ തള്ളിക്കളയുന്നു. ആരെയാണോ അവൻ ഇച്ഛിക്കുന്നത് തന്റെ പ്രത്യേക ദാസരിൽ അവൻ ഉൾപ്പെടുത്തുകയും ചെയ്യുന്നു.

'നിന്നോടുമാത്രം സഹായം അർഥിക്കുകയും ചെയ്യുന്നു' എന്നതിൽ ദോഷപ്രവണമായ ആത്മാവിന്റെ ക്രൂരമായ ദോഷപ്രവർത്തനങ്ങളിലേക്ക് വെളിച്ചം വീശുന്നു. പരിശീലനം നൽകാത്ത ഒട്ടകം തന്റെ പുറത്ത് ആരെയും ഇരുത്താൻ അനുവദിക്കാതെ കുതിച്ചോടുന്നതുപോലെ അത് നന്മയിലേക്ക് മനുഷ്യനെ കൊണ്ടുപോകുന്നതിന് പകരം അതിൽ നിന്നും കുതിച്ചു പായുന്നു. ഈ ശരീരേച്ഛ വലിയ തലയുള്ള മൂർഖനെപ്പോലെയാണ്; ആ മൂർഖൻ എന്തിനെയെല്ലാം കടിച്ചിട്ടുണ്ടോ അതിനെയെല്ലാം ജീർണിച്ച എല്ലുകഷണങ്ങളെപ്പോലെ ആക്കി മാറ്റുകയുണ്ടായി. അത് വിഷം ചീറ്റുന്നത് നീ കാണുന്നുണ്ട്. അതല്ലെങ്കിൽ ആ ശരീരേച്ഛ ആക്രമിച്ചാൽ പിൻമാറാത്ത സിംഹത്തെപ്പോലെയാണ്. ഈ ശൈത്വാനുകളെ നശിപ്പിക്കാൻ അല്ലാഹുവിന്റെ സഹായം എന്നൊന്നല്ലാതെ മറ്റൊരു ശക്തിയോ കഴിവോ സമ്പത്തോ ഉപയോഗപ്രദമായ വസ്തുവോ ഇല്ല. (കറാമാത്തുസ്വാദിഖീൻ)

ദാസൻ വിനീതനായി അല്ലാഹുവിന്റെ മുമ്പിൽ നിന്ന്കൊണ്ട് ഇപ്രകാരം ദുആ ചെയ്യുക. അല്ലാഹുവേ ശൈത്വാനിൽ നിന്ന് എന്നെ രക്ഷപ്പെടുത്തുന്നവൻ നീയല്ലാതെ മറ്റാരുമില്ല. അല്ലാഹുവിന്റെ പ്രിയദാസർ പോലും ഈ വിനയത്തോടുകൂടി അല്ലാഹുവിനോട് ഇങ്ങനെ അർഥിക്കുമ്പോൾ അവർക്കും അല്ലാഹുവിന്റെ സഹായമില്ലാതെ നിലനിൽക്കാൻ കഴിയാതിരിക്കെ, ഒരു സാധാരണക്കാരന് പിന്നെ എങ്ങനെ നിലനിൽക്കാൻ സാധിക്കും. അവൻ എന്തുമാത്രം സഹായം അല്ലാഹുവിനോട് തേടണം.

വിശുദ്ധ ഖുർആനിൽ ഹദ്റത്ത് യൂസുഫ് (അ) ന്റെ ഉദാഹരണം അല്ലാഹു എടുത്ത് പറഞ്ഞിട്ടുണ്ട്. അദ്ദേഹം ദോഷപ്രവണമായ ആത്മാവിൽ നിന്ന് രക്ഷപ്പെടാൻ ദുആ ചെയ്തിരുന്നു.

നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോടുമാത്രം സഹായം അർഥിക്കുകയും ചെയ്യുന്നു എന്നതിലെ ഉബൂദിയ്യത്തിന്റെ മിഅ്റാജ് എന്താണെന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു എന്ന അല്ലാഹുവിന്റെ വചനത്തിൽ മറ്റൊരു സൂചനയുള്ളത് ഇതാണ്. അല്ലാഹു ഈ ആയത്തിൽ തന്റെ ദാസരെ അല്ലാഹുവിനെ അനുസരിക്കുന്നതിൽ കഴിവിന്റെ പരമാവധി പരിശ്രമിക്കാൻ പ്രേരണ നൽകുകയാണ്. അനുസരണമുള്ളവരെപ്പോലെ എപ്പോഴും ലബ്ബൈക്ക് ലബ്ബൈക്ക് എന്ന് പറഞ്ഞുകൊണ്ട് അവന്റെ സവിധത്തിൽ നിൽക്കുക. അതായത് ഈ ദാസർ ഇങ്ങനെ പറയുന്നത് പോലെ; ഞങ്ങളുടെ നാഥാ! കഠിന പ്രയത്നം ചെയ്യുന്നതിനും നിന്റെ കൽപനകൾ പാലിക്കുന്നതിനും നിന്റെ അഭീഷ്ടം കരസ്ഥമാക്കുന്നതിനും ഒരു കുറവും ഞങ്ങൾ വരുത്തുന്നില്ല. എന്നാൽ നിന്നോട് തന്നെ ഞങ്ങൾ അതിന് സഹായം തേടുന്നു. അഹങ്കാരത്തിലും പ്രകടനാത്മകതയിലും അകപ്പെട്ടുപോകുന്നതിൽ നിന്നും നിന്നോട് സഹായം തേടുന്നു. ഹിദായത്തിലേക്കും നിന്റെ അഭീഷ്ടം കരഗതമാകുന്ന മാർഗത്തിനായും നിന്നോട്തന്നെ തൗഫീഖും ഞങ്ങൾ തേടുന്നു. നിന്റെ അനുസരണത്തിലും നിന്നെ ആരാധിക്കുന്നതിലും ഞങ്ങൾ അടിയുറച്ചു നിൽക്കുന്നു. അതുകൊണ്ട് നിന്റെ അനുസരണമുള്ള ദാസരിൽ ഞങ്ങളുടെയും പേര് രേഖപ്പെടുത്തേണമേ.

ആരാധനയിൽ സ്ഥിരചിത്തത പ്രകടിപ്പിക്കണം. അതോടൊപ്പം ഉന്നതധാർമിക ഗുണങ്ങൾ പ്രകടമാക്കാനും പരിശ്രമിക്കുന്നതാണ്. ഇതാണ് ഉബൂദിയ്യത്തിന്റെ മിഅ്റാജ് കരസ്ഥമാക്കാനുള്ള പരിശ്രമം.

ഈ ദുആ തങ്ങളുടെ സന്താനങ്ങൾക്കും കുടുംബാംഗങ്ങൾക്കും ജമാഅത്തിനും കൂടി ഉള്ളതാണെന്ന് വ്യക്തിമാക്കിക്കൊണ്ട് പറയുന്നു. കാരണം എല്ലാവരും ഒരേ ഭാഗത്തേക്ക് ചലിക്കുന്നവരും അല്ലാഹുവിലേക്ക് ആകർഷിക്കപ്പെടുന്നവരുമായിത്തീരാനും ഓരോരുത്തരും പരസ്പരം കടമകൾ പാലിക്കുന്നവരാകുന്നതിനും വേണ്ടി.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ഇവിടെയുള്ള മറ്റൊരു സൂചന ഇതാണ്. ദാസൻ പറയുന്നു. എന്റെ നാഥാ! ആരാധനയിൽ നിന്നെമാത്രമാണ് ഞങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. നീയല്ലാതെ മറ്റൊന്നിനും ഞങ്ങൾ പരിഗണന നൽകിയിട്ടില്ല. അതുകൊണ്ട് നിന്റെ അസ്തിത്വത്തെയല്ലാതെ മറ്റൊന്നിനെയും ഞങ്ങൾ ആരാധിക്കുന്നില്ല. നിന്നെ ഏകനാണെന്ന് അംഗീകരിക്കുന്നതിൽ ഉൾപ്പെട്ടവരാണ് ഞങ്ങൾ. ഈ ആയത്തിൽ അല്ലാഹു ഉപയോഗിച്ചിരിക്കുന്ന പദം മറ്റുള്ളവരെയും ഉൾക്കൊള്ളുന്ന ഉത്തമ പുരുഷന്റെ പദമാണ്. ഇതുകൊണ്ട് അർഥമാക്കുന്നത്, ഈ ദുആയിൽ തന്റെ എല്ലാ സഹോദരന്മാരും ഉൾപ്പെടുന്നതാണെന്നാണ്.

തന്റെ നന്മക്കായി സ്വയം കഷ്ടപ്പാടിൽ അകപ്പെടുന്നതുപോലെ തന്റെ സഹോദരന്റെ നന്മക്കായും കഷ്ടപ്പാടുകൾ സഹിക്കണമെന്ന ചിന്ത ഉണ്ടായിരിക്കണം. അങ്ങനെയാകുമ്പോൾ തന്റെ സഹോദരന്റെ അവകാശങ്ങൾ പിടിച്ചെടുക്കുന്നതിലേക്ക് ഒരിക്കലും ശ്രദ്ധ പോകുകയില്ല. തന്റെ സഹോദരന്റെ ആവശ്യങ്ങൾ നിറവേറ്റു

> നമസ്കാരം മനുഷ്യനെ അവന്റെ സ്രഷ്ടാവ് വരെ എത്തിക്കുന്ന ഒരു വാഹനമാണ്. കുതിരപ്പുറത്ത് ഇരുന്ന് മനുഷ്യന് എത്തിച്ചേരാൻ കഴിയാത്ത സ്ഥാനമാനങ്ങളിൽ നമസ്കാരം മുഖേന മനുഷ്യന് ചെന്നെത്താൻ സാധിക്കുന്നതാണ്.

ന്നതിനായി സ്വയം അസ്വസ്ഥനാകുന്നതുപോലെ അസ്വസ്ഥത പ്രകടമാക്കേണ്ടതാണ്. തനിക്കും തന്റെ സഹോദരനും ഇടയിൽ ഒരുവിധ വ്യത്യാസവും അവൻ കല്പിക്കുന്നില്ല. പൂർണഹൃദയത്തോടെ അവന്റെ ഗുണകാംക്ഷിയായിത്തീരുന്നതാണ്. ഇവിടെ അല്ലാഹു താക്കീത് നൽകിക്കൊണ്ട് കല്പിക്കുകയാണ്, എന്റെ ദാസരെ! സഹോദരന്മാർക്കും സ്നേഹിതന്മാർക്കും ബാഹ്യമായ സമ്മാനങ്ങൾ നൽകുന്നതുപോലെ ദുആയുടെ സമ്മാനങ്ങളും നൽകുക.

ഒരു വിശ്വാസി ഉപാധികളും അതോടൊപ്പം ദുആയും അവലംബിക്കുന്നു. ഉപാധികളെല്ലാം സ്വീകരിക്കുന്നു. അതിനുശേഷം അല്ലാഹുവിൽ കാര്യങ്ങൾ വിട്ടുകൊണ്ട് ദുആ ചെയ്യുന്നു. ഈ ഒരു അധ്യാപനമാണ് വിശുദ്ധ ഖുർആനിലെ പ്രഥമ സൂറത്തിൽ തന്നെ നൽകിയിരിക്കുന്നത്. ആരാണോ തനിക്ക് നൽകിയിരിക്കുന്ന കഴിവുകളെ ഉപയോഗപ്പെടുത്താത്തത് അവൻ തന്റെ കഴിവുകളെ നഷ്ടപ്പെടുത്തുക മാത്രമല്ല ചെയ്യുന്നത് മറിച്ച് പാപം കൂടി ചെയ്യുന്നു. പൂർണമായ ഉപാധികൾ അവലംബിക്കുന്നില്ലെങ്കിൽ ദുആ ചെയ്യുന്നുണ്ടല്ലോ എല്ലാം ശരിയാകും എന്ന് കരുതുകയാണെങ്കിൽ അതും പാപമാണ്.

കർഷകർ വിത്ത് വിതച്ചതിനുശേഷം വളം ഇടണം. വെള്ളം നൽകണം. അതിലെ കളകൾ പറിച്ചുമാറ്റണം. മൃഗങ്ങളിൽ നിന്നും പക്ഷികളിൽ നിന്നും അതിനെ സംരക്ഷിക്കണം. ഈ പ്രകൃതി നിയമം എല്ലായിടത്തും ബാധകമാണെന്ന് മസീഹ് മൗഊദ് (അ) പറയുന്നു.

ഒരു സഹാബിയുടെ സംഭവം വിവരിക്കുന്നു. പേര് എന്റെ ഓർമയിൽ വരുന്നില്ല. എഴുതുന്നു. ഒരു സഹാബി മസ്ജിദിൽ നഫൽ നമസ്ക്കരിക്കുന്നതായി ഞാൻ കണ്ടു. പത്തിരുപത്തഞ്ചു മിനിറ്റായി കൈയും കെട്ടി മസ്ജിദ് അഖ്സയിൽ നമസ്കരിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം ഉരുവിടുന്ന ദുആയുടെ നേരിയ ശബ്ദം വരുന്നുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്ത് ചെന്ന് ശ്രദ്ധിച്ചു. ഞാൻ 15 മിനിറ്റ് അദ്ദേഹത്തിന്റെ അടുത്ത് ഇരുന്നിട്ടുണ്ടാകും പതുങ്ങിയ സ്വരത്തിൽ അദ്ദഹം നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു നിന്നോടുമാത്രം സഹായം അഭ്യർഥിക്കുന്നു എന്നത് മാത്രമാണ് ചൊല്ലിക്കൊണ്ടിരിക്കുന്നത്.

ഈ ഒരറിവാണ്, ജ്ഞാനമാണ് ഓരോ വിശ്വാസിയും കരസ്ഥമാക്കാൻശ്രമിക്കേണ്ടത്. തിരുനബി (സ)യുടെ സഹാബാക്കൾ ഇതിന്റെ ജ്ഞാനം കരസ്ഥമാക്കിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സാമീപ്യം കരസ്ഥമാക്കിയവരും ഇതിന്റെ ജ്ഞാനം ഉൾക്കൊണ്ടു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇത് മനസ്സിലാക്കിയവർ ഇപ്പോഴും ജമാഅത്തിലുണ്ട്. അതനുസരിച്ച് ദുആ ചെയ്യുകയും ചെയ്യുന്നവരുമാണ്.

മനുഷ്യൻ ദൈവത്തെ ആരാധിക്കുന്നു എന്ന് വാദിക്കുന്നു. എന്നാൽ കുറേ സുജൂദുകൾ കൊണ്ടും റുകൂഉകൾ കൊണ്ടും നിൽക്കുന്നതുകൊണ്ടും ആരാധന ആയിത്തീരുമോ. അതല്ലെങ്കിൽ തസ്ബീഹ് മാല പലപ്രാവശ്യം എണ്ണുന്നവർ ദൈവരാധകരാണെന്ന് പറയപ്പെടാവുന്നതാണോ. ആരാധന ആകുന്നത് അല്ലാഹുവിന്റെ സ്നേഹം കാരണമായി തന്റെ അസ്ഥിത്വത്തെ പൂർണമായി ഇടയിൽ നിന്ന് അപ്രത്യക്ഷമാക്കുന്നതിലൂടെയാണ്. ആദ്യം അല്ലാഹുവിന്റെ അസ്തിത്വത്തിൽ പൂർണ വിശ്വാസം ഉണ്ടായിരിക്കണം. തുടർന്ന് അല്ലാഹുവിന്റെ സൗന്ദര്യത്തെയും ഔദാര്യത്തെയും കുറിച്ചുള്ള യഥാർഥ അറിവും ഉണ്ടായിരിക്കണം. അനുഗ്രഹങ്ങൾ ലഭിക്കുന്നുണ്ടെന്ന് അറിയാമെങ്കിലും ഇതെല്ലാം തന്നെ അല്ലാഹുവിൽ നിന്നാണ് ലഭിക്കുന്നത് എന്ന ബോധം ഉണ്ടായിരിക്കണം. അവന്റെ സൗന്ദര്യത്തിലും ഔദാര്യത്തിലും പൂർണ അറിവുണ്ടായിരിക്കണം. ഇതുകൂടാതെ അവനോടുള്ള സ്നേഹംകൊണ്ടുള്ള ഉള്ളുരുക്കം എപ്പോഴും ഹൃദയത്തിൽ ഉണ്ടാകുന്ന തരത്തിലുള്ള സ്നേഹം അവനോടുണ്ടായിരിക്കണം. ഈ അവസ്ഥ എപ്പോഴും മുഖത്ത് പ്രകടമായിക്കൊണ്ടിരിക്കുകയും വേണം. അല്ലാഹുവിന്റെ മഹത്വം ഹൃദയത്തിൽ പൂർണമായും ഉണ്ടായിരിക്കുകയും ലോകം ഒന്നടങ്കം അവനെതിരിൽ മൃതതുല്യമായി ഗണിക്കുകയും വേണം. എല്ലാ ഭയവും അവനോട് മാത്രമായി ബന്ധപ്പെട്ടു നിൽക്കട്ടെ. അവനുമായിതന്നെ വേദനയും ആനന്ദവും കണ്ടെത്തുകയും അവനുമായുള്ള ഏകാന്തതയിൽ സംതൃപ്തി കൈവരിക്കുകയും അവനില്ലാതെ ഹൃദയത്തിന് സ്വസ്ഥത കൈവരിക്കാൻ കഴിയാതെ വരികയും ചെയ്യട്ടെ. ഇങ്ങനെയുള്ള അവസ്ഥ കൈവരിച്ചു കഴിഞ്ഞാൽ ഇതിനാണ് ആരാധന എന്ന് പറയുന്നത്. എന്നാൽ ഈ ഒരവസ്ഥ അല്ലാഹുവിന്റെ സഹായമില്ലാതെ എങ്ങനെ കരസ്ഥമാക്കാനാണ്!

നമസ്കാരം ആരാധനയുടെ രത്നചുരുക്കമാണ്. ഇതിന്റെ പ്രാധാന്യത്തെ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. ഏറ്റവും ശ്രേഷ്ഠമായ ആരാധന എന്നത് മനുഷ്യൻ അഞ്ചുനേര നമസ്കാരവും അതിന്റെ സമയത്തിന്റെ ആരംഭത്തിൽ തന്നെ അനുഷ്ഠിക്കുക എന്നതാണ്. ഫർള്, സുന്നത്ത് നമസ്കാരങ്ങളിൽ സ്ഥിരതയുള്ളതായിരിക്കുകയും ഹൃദയ സാന്നിധ്യവും ആവേശവും താൽപര്യവും ഉണ്ടാകുകയും ഇബാദത്തിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിൽ പൂർണ പ്രയത്നം ഉണ്ടായിത്തീരുകയും ചെയ്യേണ്ടതാണ്. കാരണം നമസ്കാരം മനുഷ്യനെ അവന്റെ സ്രഷ്ടാവ് വരെ എത്തിക്കുന്ന ഒരു വാഹനമാണ്. കുതിരപ്പുറത്ത് ഇരുന്ന് മനുഷ്യന് എത്തിച്ചേരാൻ കഴിയാത്ത സ്ഥാനമാനങ്ങളിൽ നമസ്കാരം മുഖേന മനുഷ്യന് ചെന്നെത്താൻ സാധിക്കുന്നതാണ്. നമസ്കാരത്തിന്റെ ഫലങ്ങൾ അമ്പുകളെക്കൊണ്ട് കരസ്ഥമാക്കാൻ സാധ്യമല്ല. ഇതിന്റെ രഹസ്യം പേനകൾകൊണ്ട് പ്രകടിപ്പിക്കാനും കഴിയില്ല. അരാണോ ഈ മാർഗത്തിൽ സ്ഥിരപ്രതിഷ്ഠ അർപ്പിച്ചിട്ടുള്ളത് അവൻ സത്യവും യാഥാർഥവും കരസ്ഥമാക്കിയിരിക്കുന്നു. അവൻ അദൃശ്യമറക്കുപിന്നിലുള്ള അവന്റെ പ്രിയതമന്റെ അടുത്ത് എത്തിയിരിക്കുന്നു. സന്ദേഹങ്ങളിൽ നിന്നും സംശയങ്ങളിൽ നിന്നും അവൻ മുക്തി കൈവരിക്കുകയും ചെയ്തിരിക്കുന്നു. അവന്റെ ദിനങ്ങൾ പ്രകാശപൂരിതമായതായും അവന്റെ സംസാരങ്ങൾ മുത്തിനോളം മികവുറ്റതാണെന്നും നീ കാണുന്നതാണ്. അവന്റെ മുഖം പതിനാലാം രാവിലെ ചന്ദ്രനെപ്പോലെ പ്രശോഭിതമാണ്. അവന്റെ സ്ഥാനം സിംഹാസനത്തിലാണ്. ആരാണോ നമസ്കാരത്തിൽ അല്ലാഹുവിന് വേണ്ടി വിനയത്തോടെ കുമ്പിടുന്നത് അല്ലാഹു അവർക്കായി രാജാക്കന്മാരെ വണക്കുന്നു. ഭരണിയ്യനായ ഈ ദാസനെ രാജാവാക്കി മാറ്റുന്നു. ( ഇഅ്ജാസുൽ മസീഹ്.)

അല്ലാഹു തആല നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിച്ച മാർഗങ്ങൾ നമ്മുടെ ജീവിതത്തിൽ പകർത്താൻ തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവിന്റെ സഹായം എപ്പോഴും ലഭിക്കുന്ന ദാസരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തട്ടെ.

**വിവ. എം. നാസിർ അഹ്മദ്, കൊടിയത്തൂർ**

# ദൈവവിധിയും മനുഷ്യ സ്വാതന്ത്ര്യവും

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

മനുഷ്യൻ പൂർവകല്പിതമായ വിധിയുടെ വെറും ബലിയാടാണോ? അവന് സ്വയം തിരഞ്ഞെടുക്കാനും നിർണയിക്കാനുമുള്ള സ്വാതന്ത്ര്യമില്ലേ? എന്താണ് ദൈവവിധിയുടെ രഹസ്യം? ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ The Elementary Study of Islam എന്നപുസ്തകത്തിൽ നിന്ന് വിവർത്തനം ചെയ്തതാണ് ഈ ലേഖനം.

**വി**ധിയെ സംബന്ധിച്ച പ്രശ്നങ്ങൾ യുഗങ്ങളായി തത്ത്വജ്ഞാനികളും ദിവ്യജ്ഞാനികളും ഒരുപോലെ ചർച്ചചെയ്തു വരുന്ന അതിസങ്കീർണമായ ഒരു വിഷയമാണ്. ഏറെക്കുറെ എല്ലാ മതങ്ങളിലും വിധിയെപ്പറ്റി ചിലതെല്ലാം പ്രതിപാദിച്ചിട്ടുണ്ട്.

വിധിയിൽ വിശ്വസിക്കുന്നവരെ രണ്ടു പ്രധാന വിഭാഗങ്ങളായി നമുക്ക് തരം തിരിക്കാം. വലുതും ചെറുതുമായ എല്ലാ കാര്യങ്ങളും ദൈവം മുൻകൂട്ടി വിധിച്ചുവെച്ചിരിക്കുന്നു എന്ന് പൊതുവെ കണ്ണടച്ചു വിശ്വസിക്കുന്നവരാണ് ഒരു വിഭാഗം. സാധാരണക്കാരിൽ നിന്ന് അകന്ന് ജീവിക്കുന്ന നിഗൂഢവാദികളായ സൂഫികളിൽ ഈ വീക്ഷണം വ്യാപകമാണ്. ഒരു കാര്യത്തെയും നിയന്ത്രിക്കാനുള്ള യാതൊരുകഴിവും മനുഷ്യന് നൽകപ്പെട്ടിട്ടില്ല എന്നാണ് അവരുടെ വാദം. എല്ലാം തന്നെ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാണ്. ദൈവത്തിന് മാത്രം അറിയാവുന്ന പൂർവനിശ്ചിതമായ ഒരു ബൃഹദ്പദ്ധതിയുടെ ചുരുൾ നിവരലാണ് എല്ലാ സംഭവങ്ങളും എന്ന് അവർ വിശ്വസിക്കുന്നു. കുറ്റം, ശിക്ഷ, പിഴ, പ്രതിഫലം എന്നീ വിഷയങ്ങളിലേക്ക് അനിവാര്യമായും നയിക്കപ്പെടുന്ന പ്രശ്നസങ്കീർണമായ ഒരു ദൈവീകാസൂത്രണ സങ്കൽപ്പമാണിത്. ഒരാൾക്ക് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ പിന്നെ അയാളുടെ കർമങ്ങൾക്ക് പ്രതിഫലമോ ശിക്ഷയോ നൽകാൻ പാടുള്ളതല്ല.

മറ്റൊരു വീക്ഷണം മനുഷ്യന് സ്വതന്ത്രമായി തിരഞ്ഞെടുക്കാനുള്ള കഴിവ് നൽകപ്പെട്ടിരിക്കുന്നു എന്നതാണ്. മനുഷ്യൻ തിരഞ്ഞെടുക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ പ്രായോഗികമായി വിധിക്ക് യാതൊരു പങ്കുമില്ല.

വിധിയെ പറ്റിയുള്ള ഈ ചർച്ചക്കിടയിൽ കടന്നുവരികയും കൂടുതൽ സങ്കീർണത വരുത്തിവെക്കുകയും ചെയ്യുന്ന മറ്റൊരു പ്രധാന താത്ത്വിക വിഷയമുണ്ട്. അത് മുൻകൂട്ടിയുള്ള അറിവിനെസംബന്ധിച്ച പ്രശ്നമാണ്. ഭാവിയിൽ വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ദൈവത്തിന് മുൻകൂട്ടി അറിയാമെന്നിരിക്കെ ദൈവം എങ്ങനെയാണ് അതിനോട് പ്രതികരിക്കുക? ഈ ചോദ്യത്തിനുള്ള ഉത്തരം വളരെ വികലമായ രീതിയിലാണ് ഇരുവിഭാഗവും ചർച്ചാവേളയിൽ കൈകാര്യം ചെയ്യുന്നത്. വിധിയെ സംബന്ധിച്ച് വിശ്വാസികളും അവിശ്വാസികളും ഉന്നയിക്കുന്ന വാദപ്രതിവാദങ്ങളെപ്പറ്റി സുദീർഘമായ വിലയിരുത്തലിന് മുതിരുന്നില്ല. ദൈവവിധിയെ സംബന്ധിച്ചുള്ള ഇസ്‌ലാമികമായ ഒരു കാഴ്ചപ്പാട് അവതരിപ്പിക്കുക മാത്രമാണ് ഇവിടെ ചെയ്യുന്നത്.

ദൈവവിധി പല വിധത്തിലുണ്ട്. ഓരോന്നും അതാതിന്റെ മണ്ഡലത്തിൽ ഒരേസമയം ഉചിതമായ രീതിയിൽ പ്രവർത്തിക്കുന്നു. പ്രകൃതിനിയമം എല്ലാറ്റിനേയും ചൂഴ്ന്നു നിൽക്കുന്നു. യാതൊന്നും തന്നെ അതിന്റെ സ്വാധീനത്തിൽ നിന്ന് അതീതമല്ല. സർവവലയിതമായ ഈ പ്രകൃതി നിയമമാണ് വിധിയെ സംബന്ധിച്ച വിശാലമായ സങ്കൽപ്പമായി അറിയപ്പെടുന്നത്. പ്രകൃതി നിയമത്തെപ്പറ്റി അഗാധമായ അറിവ് ഒരാൾ ആർജിക്കുകയാണെങ്കിൽ താരതമ്യേന അതിനെപ്പറ്റി അത്ര ഗ്രാഹ്യതയില്ലാത്ത മറ്റൊരാളെക്കാൾ കൂടുതൽ ഫലങ്ങൾ കൊയ്യാനാവും. അത്തരം ആളുകൾക്ക് നേട്ടമുണ്ടാക്കാനും നല്ല ജീവിതം കരുപ്പിടിപ്പിക്കാനും സാധിക്കുന്നു. ഇവരാരും തന്നെ പ്രകൃതി നിയമത്തിലെ ശരിയുടേയും തെറ്റിന്റേയും അടി സ്ഥാനത്തിൽ ഒരു പ്രത്യേക ഗ്രൂപ്പിൽപ്പെടുത്തി ക്കൊണ്ട് സൽഫലങ്ങൾ അനുഭവിക്കാൻ മുൻകൂട്ടി വിധിക്കപ്പെട്ടവരല്ല.

യൂറോപ്യൻ നവോത്ഥാനത്തിന് തൊട്ടു മുമ്പുള്ളകാലഘട്ടത്തിൽ പൗരസ്ത്യ ദേശത്തെ മുസ്‌ലിം ലോകം പ്രകൃതി നിയമം മനസ്സിലാക്കുന്നതിൽ ബഹുദൂരം മുന്നിലായിരുന്നു. ഈ അറിവ് കാരണം മുസ്‌ലിംകൾ നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി. മുൻവിധി ഇല്ലാതെയും തുറന്ന മനസ്സോടെയുമുള്ള ഈ പ്രകൃതിപഠനം പിന്നീട് പാശ്ചാത്യ ദേശത്തേക്ക് മാറി. അത് യൂറോപ്പിൽ പുതിയ ജ്ഞാനോദയത്തിന്റെ തുടക്കം കുറിച്ചു. അതേ സമയം പൗരസ്ത്യ രാജ്യങ്ങൾ ഭാവനാവിലാസത്തിന്റേയും ദിവാസ്വപ്നത്തിന്റേയും അന്ധ വിശ്വാസങ്ങളുടേയും ദീർഘമേറിയ യാമത്തിൽ നിതാന്ത മയക്കത്തിലായിരുന്നു. തീർച്ചയായും ഇത് വിധിയായിരിക്കാം. പക്ഷേ തികച്ചും വ്യത്യസ്തമായ ഒരു വിധിയാണിത്. ഇവിടെ വിധിയുമായിബന്ധപ്പെട്ട് മുൻകൂട്ടി വിധിക്കപ്പെട്ട ഒരേയൊരു നിയമം എന്താണെന്ന് വെച്ചാൽ, ആരാണോ പ്രകൃതി നിയമം മുൻവിധിയില്ലാതെ പഠിക്കുന്നത് അയാൾ നേട്ടത്തിന്റെ പാതയിലേക്ക് നയിക്കപ്പെടുന്നു എന്നതാണ്. ഈ നിയമം പൊതുവായുള്ളതും എല്ലാറ്റിനേയും ചൂഴ്ന്നു നിൽക്കുന്നതുമായ ഗണത്തിൽപ്പെട്ടതാണ്. എന്നാൽ മതവുമായി ബന്ധപ്പെട്ട വിധിയുടെ നിയമത്തിന് ഇത് ബാധകമല്ല.

മതകാര്യത്തിൽ പ്രാവർത്തികമാകുന്ന വിധിയെപ്പറ്റിയുള്ള ചർച്ചയിലേക്ക് പോകുന്നതിന് മുമ്പായി പ്രകൃതി നിയമത്തിന്റെ സാർവത്രികമായ വിധി ചില മേഖലയിൽ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നാം കുറച്ചു കൂടി

കുറ്റം ഉൽപാദിപ്പിക്കപ്പെടുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന ഏറ്റവും വലിയ സമ്മർദശക്തിയാണ് ദാരിദ്ര്യം. ഇതാണ് വിധിയെന്ന് മനസ്സിലാക്കപ്പെടുകയാണെങ്കിൽ അത് സ്രഷ്ടാവിനെ സംബന്ധിച്ച തെറ്റായ ഒരു ചിന്തയിലേക്ക് വഴിവെക്കുന്നു. അതിനാൽ നാം ആദ്യമായി വ്യക്തമായും മനസ്സിലാക്കേണ്ടത് വിധി എന്നത് ഏതെങ്കിലും കുടുംബത്തിലെ പ്രത്യേക വ്യക്തികൾക്കെതിരെ പുറപ്പെടുവിക്കുന്ന പ്രത്യേക ശാസനയൊന്നുമല്ല. മറിച്ച് വിധി എന്നത് ബൃഹത്തായ ആസൂത്രണ പദ്ധതിയുടെ ഒരു ഭാഗം മാത്രമാണ്.

ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. സാർവത്രികമായ പ്രകൃതി നിയമത്തിന്റെ പ്രവർത്തനത്തിൽ മുൻകൂട്ടി വിധിക്കപ്പെട്ട വിധിയുടെ ചില പ്രത്യേകതകൾ അത് പ്രദർശിപ്പിക്കാറുണ്ട്. എന്നാൽ അത് പൊതുവായി മനസ്സിലാക്കപ്പെടുന്നതിൽ നിന്നും വ്യത്യസ്തമാണ്. ഈ അർഥത്തിൽ അതിസങ്കീർണമായ നമ്മുടെ ആവാസ വ്യവസ്ഥയിലെ അന്തരീക്ഷ സന്തുലനത്തിലുണ്ടാവുന്ന ചാക്രികവും കാലികവുമായ ചില മാറ്റങ്ങളെപ്പറ്റി ഇവിടെ പ്രതിപാദിക്കാം. വളരെ വിദൂരതയിലുള്ള സൂര്യനിലെ കറുത്തപൊട്ടുകളുടെ (sun spot) സ്വാധീനം പോലും ഈ പ്രതിഭാസത്തിന് പിന്നിലുണ്ട്. അപ്രകാരം ഭൂമിയിൽ പതിക്കുന്ന ഉൽക്കാപാതങ്ങൾ ഭൂമിയിലെ കാലാവസ്ഥാ വ്യതിയാനങ്ങളിൽ പ്രതിഫലിക്കാറുണ്ട്. ചാക്രികമായ കാലാവസ്ഥാമാറ്റത്തോടൊപ്പം ഇത്തരം പ്രതിഭാസങ്ങൾ സസ്യജാലങ്ങളുടെയും ജീവിവർഗങ്ങളുടെയും വളർച്ചയെ സൂക്ഷ്മമായി സ്വാധീനിക്കുന്നു. (നിരവധി മറ്റു ഘടകങ്ങളുമുണ്ടാകാം. പലതും ഇപ്പോഴും അജ്ഞാതമാണ്.) ഭൂമിയിൽ വരൾച്ചയും കാലാവസ്ഥയും ഒരു സ്ഥലത്തുനിന്ന് മറ്റൊരുസ്ഥലത്തേക്ക് മാറുന്നതിൽ മറ്റുനിരവധി ഘടകങ്ങളുടെ സ്വാധീനമുണ്ടായിരിക്കാം. ഹിമയുഗവും ആഗോള താപനവും മറിമാറി വരുന്നതിലും മറ്റു പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ ഇടപെടൽ ഉണ്ടായേക്കാം. എന്തുതന്നെയായാലും ഇത്തരം സ്വാധീനങ്ങൾ ഭൂമിയിലെ ഒരു വ്യക്തിയിൽ പ്രതിഫലിക്കുന്നില്ല. എന്നാൽ അന്തിമ വിശകലനത്തിൽ ഹോമോസാപിയൻ കുടുംബത്തിലെ വ്യക്തികൾ എന്ന നിലയിൽ ഒരളവോളം ഇത് ഒരോരുത്തരേയും ബാധിക്കുന്നു

ഓരോ മനുഷ്യന്റെയും ജീവിതം മുൻകൂട്ടി ആസൂത്രണം ചെയ്യപ്പെട്ടതാണെന്നതിനോ നന്മതിന്മകളും ശരിതെറ്റുകളും തിരഞ്ഞെടുക്കുന്നതിൽ അവന് സ്വാതന്ത്ര്യമില്ലെന്നതിനോ തെളിവുമില്ല. വിശുദ്ധ ഖുർആൻ നിർബന്ധത്തിന്റെ സങ്കൽപ്പം പാടെ നിരാകരിക്കുകയും എല്ലാ മനുഷ്യർക്കും നന്മതിന്മകൾ തിരഞ്ഞെടുക്കാൻ പൂർണ സ്വാതന്ത്ര്യമുണ്ടെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

**മത കാര്യങ്ങളിൽ യാതൊരു നിർബന്ധവുമില്ല.** (2:257), **അല്ലാഹു അവന്റെ കഴിവിൽപ്പെട്ടതല്ലാതെ ഉത്തരവാദിത്വ മേൽപ്പിക്കുന്നില്ല.** (2:287), **താൻ പ്രവർത്തിച്ചതല്ലാതെ മറ്റൊന്നും മനുഷ്യന് ലഭിക്കുന്നതല്ല** (53:40).

ഏതായാലും മതവുമായി ബന്ധപ്പെടുത്തി പറയുമ്പോൾ മുൻകൂട്ടി തീരുമാനിക്കപ്പെട്ടതും മാറ്റാൻ പറ്റാത്തതുമായ വിധിയുടെ ചില മേഖലകളുണ്ട്. ആ മേഖലകളെ ദൈവത്തിന്റെ 'സുന്നത്ത്' എന്നാണ് വിശുദ്ധ ഖുർആൻ വിശേഷിപ്പിച്ചിട്ടുള്ളത്. അത്തരത്തിലുള്ള ഒരു സുന്നത്താണ് പ്രവാചകന്മാരുടെ വിജയത്തെ സംബന്ധിച്ച വിധി. അതായത് പ്രവാചകന്മാർ, അവർ ജനങ്ങളാൽ സ്വീകരിക്കപ്പെട്ടാലും ഇല്ലെങ്കിലും അവർ എപ്പോഴും വിജയിക്കപ്പെടും എന്ന വിധി. ആ വിധി തീരുമാനിക്കപ്പെട്ടതാണ്. അവർ ജനങ്ങളാൽ സ്വീകരിക്കപ്പെടുമ്പോൾ അവരുടെ ശത്രുക്കളുടെ ആസൂത്രണങ്ങളെല്ലാം നിഷ്ഫലമാകുന്നു. പ്രവാചകന്മാരുടെ ശത്രുക്കൾ എത്ര ശക്തരായിരുന്നാലും ശരി അവരുടെ സന്ദേശവും ദൗത്യവും എപ്പോഴും അതിജീവിക്കുക തന്നെ ചെയ്യും. മനുഷ്യ ചരിത്രത്തിലെ ഏതാനും ഉദാഹരണങ്ങളിതാ. മൂസാ നബി(അ)യും ഫിർഔനും തമ്മിലുള്ള സംഘർഷം, ഈസാ നബി(അ)യും അദ്ദേഹത്തിന്റെ ശത്രുക്കളും തമ്മിലുള്ള സ്പർധ, മുഹമ്മദ് നബി(സ)യും അദ്ദേഹത്തിന്റെ ശത്രുക്കളും തമ്മിലുള്ള ശാത്രവം. പ്രവാചകൻമാരും അവരുടെ ശത്രുക്കളും തമ്മിലുള്ള ഈ സമരങ്ങളിൽ മതങ്ങൾക്കാണ് എപ്പോഴും വിജയമുണ്ടായിട്ടുള്ളത് എന്നത് ഭൂതകാലത്തിന്റെ പൈതൃക ശേഷിപ്പായി നിലനിൽക്കുന്നു. ഇബ്രാഹിം നബി(അ)യുടെ വിശ്വാസവും സന്ദേശവും ഉയർത്തിപ്പിടിച്ചവർ ലോകത്ത് പ്രബലരായി നിൽക്കുന്നു. മൂസാ നബി(അ)യും അദ്ദേഹത്തെ ബഹുമാനിക്കുന്നവരും ഈസാ നബി (അ) യും അദ്ദേഹത്തിന്റെ സന്ദേശം കൈക്കൊണ്ടവരും പ്രവാചക തിരുമേനി(സ)യും അദ്ദേഹത്തിന്റെ ആദർശങ്ങളും മുഴുലോകത്തും മുന്നിട്ട് നിൽക്കുന്നു. എന്നാൽ പ്രവാചകന്മാരുടെ ശത്രുക്കൾ ഉയർത്തിപ്പിടിച്ച മൂല്യങ്ങളെയും അവർ ഉന്നയിച്ച വാദങ്ങളെയും പിന്തുടരുന്ന ആരെയും തന്നെ ഇന്ന് കാണുന്നില്ല. പൊതുവേയുള്ള നിയമം ശക്തവാൻ ദുർബലനെഉന്മൂലനം ചെയ്യും എന്നാണല്ലോ എന്നാൽ മതങ്ങളുടെ കാര്യത്തിലുള്ള വിധി നേരേ മറിച്ചാണ്. അത് അലംഘനീയ തത്ത്വവുമാണ്.

പ്രകൃതിനിയമങ്ങൾ അനായാസം മുന്നോട്ട് പോകുമ്പോൾ സാധാരണ ഗതിയിൽ അതിന്റെ പൊതുനിയമത്തിൽ ആർക്കും തന്നെ അതിൽ അസാധാരണത്വം കാണാൻ സാധ്യമല്ല. എന്നാൽ ഖുർആനിക വചനങ്ങളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത് നമുക്കറിയാവുന്ന പ്രകൃതിനിയമങ്ങൾ പല തരത്തിലുള്ളവയും ചില മണ്ഡലങ്ങളിൽ പ്രത്യേക രീതിയിൽ പ്രവർത്തിക്കുന്നതുമാണ്. അവ തങ്ങളുടെ മണ്ഡലത്തിൽ പരസ്പരം ഏറ്റുമുട്ടുന്നില്ല. ഒന്ന് മറ്റൊന്നിനെതിരെ അഭിമുഖമായി വരുമ്പോൾ കൂടുതൽ പ്രബലമായ നിയമം ദുർബലമായ നിയമത്തിന്നു മേൽ മേൽകൈനേടുന്നു. എങ്കിലും വൈപുല്യമുള്ളതും വളരെ ദൂരപരിധിയിൽ സ്വാധീനമുള്ളതുമായ ചില നിയമങ്ങൾ ചെറിയ മണ്ഡലത്തിൽ, അവിടെ പ്രബലമായിട്ടുള്ള ചില നിയമങ്ങളോട് ഏറ്റുമുട്ടി പരാജയപ്പെടും. ഒരു നിശ്ചിത പരിധിയിൽ താപഗതിക ബലവും (Thermodynamics force) വിദ്യുത് കാന്തിക ബലവും (Electrom agnetic force) ഗുരുത്വ ബലത്തി(Gravity force)നെതിരെ

വരികയാണെങ്കിൽ അത് ഗുരുത്വ ബലത്തിനുമേൽ മേൽകൈ നേടും. എന്നാലും ഗുരുത്വ ബലമാണ് കൂടുതൽ വിപുലമായും ദൂരപരിധിയിലും പ്രവർത്തിക്കുന്നത്. പ്രകൃതിയെ സംബന്ധിച്ച മനുഷ്യന്റെ ധാരണകൾ കാലാകാലങ്ങളിൽ വികസിക്കുന്തോറും അസാധ്യം എന്ന് പറഞ്ഞ് തള്ളിക്കളഞ്ഞ പല കാര്യങ്ങളും സാധ്യമാണെന്ന തിരുത്തലുണ്ടാവുകയും ചെയ്യുന്നു.

ഈ ആമുഖത്തിന്റെ പശ്ചാത്തലത്തിൽ ഇസ്‌ലാമിക വീക്ഷണ പ്രകാരം ദൈവത്തിന്റെ ഒരു പ്രത്യേക ദാസന് തന്റെ പ്രത്യേകമായ അനുഗ്രഹം ചൊരിയണമെന്നു തീരുമാനിച്ചാൽ അവന്റെ നിഗൂഢമായ ചില നിയമങ്ങളുടെ പ്രത്യക്ഷപ്രകടനം ഗോചരമായി വരുന്നു. അത് കാണുന്നവർ അതിനെ ദിവ്യാദ്ഭുതമെന്നും പ്രകൃത്യാതീത സംഭവമെന്നും വിളിക്കുന്നു. എന്നാൽ ഈ സംഭവങ്ങൾ സൂക്ഷ്മമായി, അദ്ഭുതകരമായ ഫലങ്ങളുളവാക്കിക്കൊണ്ട് പ്രകൃതി നിയമങ്ങൾക്കനുസരിച്ചായിരിക്കും സംഭവിക്കുക. ഇവിടെ ദൈവത്തിന്റെ സവിശേഷ ദാസന്മാർക്ക് അനുകൂലമായി വിധി പ്രത്യേക നിലയിൽ പ്രവർത്തിക്കുന്നു.

അപ്രകാരം സാഹചര്യങ്ങളുടെ നിസ്സഹായനായ ഉൽപ്പന്നം എന്ന നിലയിൽ പിറന്നു വീഴുന്ന വ്യക്തിയുടെ വിധി അയാളുടെ ജനിതകം, സാമൂഹ്യം, സാമ്പത്തികം, വിദ്യാഭ്യാസം എന്നിവയുടെ പശ്ചാത്തലത്തിൽ മനസ്സിലാക്കണം. മനുഷ്യന് യാതൊരു നിയന്ത്രണവുമില്ലാത്ത ഈ നിസ്സഹായതയാണ് അവന്റെ വിധി നിശ്ചയിക്കുന്നത്. അതുകൊണ്ടാണ് ഒരു ധനികന്റെ കുഞ്ഞ് വായിൽ വെള്ളിക്കരണ്ടിയുമായി ജനിക്കുന്നു എന്ന് പറയുന്നത്.

ഒരു മനുഷ്യൻ ജനിച്ചു വീഴുന്ന സാഹചര്യം, അവൻ വളരുന്ന സാമൂഹ്യ പശ്ചാത്തലം, ഒരാളുടെ ദൈനംദിനജീവിതത്തിൽ ലഭ്യമാകുന്ന അവസരങ്ങളുടെ അവിചാരിതമായ സാധ്യതകൾ, ഭാഗ്യം എന്നും നിർഭാഗ്യം എന്നും വിളിക്കപ്പെടുന്ന സംഭവങ്ങളുടെ വിളയാട്ടങ്ങൾ, ഒരുവ്യക്തിയിൽ നേട്ടങ്ങളോ കോട്ടങ്ങളോ ആയിത്തീരുകയോ ചെയ്യുന്ന ആഘാതങ്ങൾ, പരിക്കേൽക്കുകയോരക്ഷപ്പെടുകയോ ചെയ്യുന്ന അപകടങ്ങൾ ഇത്തരം സംഗതികളിലെല്ലാം മനുഷ്യന് തിരഞ്ഞെടുക്കാനുള്ള അവസരം കുറവാണ്. എങ്കിലും ജീവിതത്തിൽ ക്ഷേമമോ നാശമോ വരുത്താനും ഉതകുന്ന പ്രധാനപ്പെട്ടചില സംഭവങ്ങൾക്കും ആകസ്മി കതകൾക്കും അയാൾ പ്രത്യേകമായി ശരവ്യമാകുകയായിരുന്നുവെന്ന് കണക്കാക്കാൻ സാധ്യമല്ല.

ദാരിദ്ര്യം പിടിപെട്ട വീടുകളിൽ ജനിക്കുന്ന കുട്ടികൾ ചെറിയതോതിലുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നതിന് എളുപ്പത്തിൽ വിധേയനാകുന്നു. വലുതായ കുറ്റകൃത്യങ്ങളിലേക്ക് പോലും അവർ വഴുതിവീഴുന്നു. കുറ്റം ഉൽപാദിപ്പിക്കപ്പെടുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന ഏറ്റവും വലിയ സമ്മർദശക്തിയാണ് ദാരിദ്ര്യം. ഇതാണ് വിധിയെന്ന് മനസ്സിലാക്കപ്പെടുകയാണെങ്കിൽ അത് സ്രഷ്ടാവിനെ സംബന്ധിച്ച തെറ്റായ ഒരു ചിന്തയിലേക്ക് വഴിവെക്കുന്നു. അതിനാൽ നാം ആദ്യമായി വ്യക്തമായും മനസ്സിലാക്കേണ്ടത് വിധി എന്നത് ഏതെങ്കിലും കുടുംബത്തിലെ പ്രത്യേക വ്യക്തികൾക്കെതിരെ പുറപ്പെടുവിക്കുന്ന പ്രത്യേക ശാസനയൊന്നുമല്ല. മറിച്ച് വിധി എന്നത് ബൃഹത്തായ ആസൂത്രണ പദ്ധതിയുടെ ഒരു ഭാഗം മാത്രമാണ്. ബൃഹത്തായ ഒരു സാമ്പത്തിക പദ്ധതിയിൽ അതിന്റെ ആപേക്ഷിക ഗുണഭോക്താക്കളായി സമ്പന്നരും ദരിദ്രരും ഉണ്ടായിരിക്കേണ്ടതുണ്ട്. അവരെയെല്ലാം വിധിയുടെ വിധാതാവ് ഇത്തരം പരിതസ്ഥിതിയിൽ ജനിപ്പിക്കാൻ വേണ്ടി അവരുടെ ജനനത്തിന് മുമ്പ് തന്നെ ഓരോരുത്തരുടെ കാര്യവും നിശ്ചയിച്ചുറപ്പിച്ചിരിക്കുന്നു എന്ന് പറയുന്നത് ശരിയല്ല. എന്നാലും മറ്റു ചില ചോദ്യങ്ങൾക്കും ഉത്തരം നൽകേണ്ടതുണ്ട്. താരതമ്യേന സൗഭാഗ്യകരമായ പരിതസ്ഥിതിയിൽ ജനിച്ചവരും നിർഭാഗ്യകരമായ പരിത സ്ഥിതിൽ ജനിച്ചവരുമുണ്ടല്ലോ. ഇത്തരം ആളുകൾ നിർവഹിച്ച കുറ്റകൃത്യങ്ങൾക്ക് ആനുപാതികമായി എങ്ങനെയാണ് അവരോട് പെരുമാറപ്പെടുക? അവരുടെ ഈ പശ്ചാത്തലം അവരെ കുറ്റകൃത്യങ്ങൾക്ക് പ്രേരിപ്പിച്ചിട്ടുണ്ടായിരുന്നില്ലേ? കുറ്റകൃത്യങ്ങൾ ഒരുപോലെയായതിനാൽ അവരുടെ ശിക്ഷയും ഒരുപോലെ ആയിരിക്കുമോ? വിശുദ്ധ ഖുർആൻ സങ്കീർണമായ ഈ ചോദ്യത്തിന് ഉത്തരം ഇങ്ങനെ നൽകുന്നു.


**ഒരാത്മാവും അതിന്റെ പരിധിയിൽ കവിഞ്ഞ നിലയിൽ ഭരമേൽപ്പിക്കപ്പെടുന്നില്ല. (2:287)**

ഇതിന്റെ അർഥം വ്യക്തിയെ ചൂഴ്ന്നു നിൽക്കുന്ന എല്ലാ പശ്ചാത്തല സാമൂഹിക ഘടകങ്ങളും മറ്റു ഘടകങ്ങളും തീർച്ചയായും പരിഗണിക്കപ്പെടുമെന്നും അതിനനുസരിച്ചുള്ള വിധിയായിരിക്കും അദ്ദേഹത്തിന്ന് നൽകപ്പെടുകയെന്നുമാണ്. ഒരാളുടെ കുറ്റത്തിന് കേവലം യാന്ത്രികമായി മാത്രമല്ല ശിക്ഷിക്കപ്പെടുക. കുറ്റകൃത്യത്തിലേക്ക് നയിച്ച എല്ലാ ഘടകങ്ങളും പരിശോധിക്കപ്പെട്ടതിന് ശേഷമായിരിക്കും അന്തിമമായി നീതി നിർവഹിക്കപ്പെടുക. കൂടുതൽ സമ്പന്നമായ സാഹചര്യത്തിൽ ജീവിച്ചയാളും പരിതാപകരമായ സാഹചര്യത്തിൽ ജീവിച്ചയാളും തീർച്ചയായും ഒരേ രീതിയിലായിരിക്കില്ല വിധിക്കപ്പെടുക. കുറ്റം ചെയ്തയാളുടെ പശ്ചാത്തലവും പരിതസ്ഥിതിയും പരിഗണിക്കപ്പെടും. അത്പോലെ നന്മ പ്രവർത്തിച്ചവർക്ക് പ്രതിഫലം നൽകപ്പെടും. അനുകൂലമായ പരിതസ്ഥിതിയിൽ ജീവിച്ച് നന്മ ചെയ്തയാളെക്കാൾ വിപരീത സാഹചര്യങ്ങളിൽ ജീവിച്ചുകൊണ്ട് നന്മ ചെയ്തയാളുകൾക്ക് കൂടുതൽ പ്രതിഫലം നൽകപ്പെടും.

ഏതായാലും വിധിയുടെ പ്രശ്നം അതീവ സങ്കീർണമാണ്. എന്നാൽ അന്തിമ തീരുമാനം എല്ലാം അറിയുന്നവനും കരുണാനിധിയും സർവജ്ഞാനിയും സർവശക്തനുമായ ദൈവത്തിന്റെ കരങ്ങളിലാണ്. അവസാന വിശകലനത്തിൽ തീർച്ചയായും നീതി പാലിക്കപ്പെടും.

ചില മേഖലകളിൽ മനുഷ്യന് അവന്റെ ഇച്ഛക്കനുസരിച്ച് പ്രവർത്തിക്കാൻ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. അവിടെ അവന് നന്മതിന്മകളും തെറ്റും ശരിയും തിരഞ്ഞെടുക്കാൻ തീർച്ചയായും സ്വാതന്ത്ര്യമുണ്ട്. അതിന്റെ ഉത്തരവാദിത്വം അവന് തന്നെയായിരിക്കും. അതേസമയം ദൈവത്തിന്റെ കൈകളിൽ മനുഷ്യൻ ഒരു പാവയെപ്പോലെ കൈകാര്യം ചെയ്യപ്പെടുന്നതായി കാണപ്പെടുകയും അവന് കുറച്ച്മാത്രം തന്റെ ഇഷ്ടം പ്രവർത്തിക്കാൻ സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്യുന്ന ചില മേഖലകളുമുണ്ട്. അത്തരം മേഖലകളിലെ പ്രകൃതിയിലെ പൊതുവായ ആസൂത്രണമാണ് വ്യക്തികളുടെയും ജനസമൂഹങ്ങളുടെയും വിധിയെ പൊതിഞ്ഞു നിൽക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്. ഒരു വിപുലമായ വൃത്തത്തിൽ സമൂഹത്തിലെ ഒരു വ്യക്തി നിസ്സഹായനാണ്, ജലപ്രവാഹത്തിൽ മുന്നോട്ട് കുതിക്കുന്ന വൈക്കോൽ തുരുമ്പു പോലെ മറ്റു വഴികളൊന്നു മില്ലാതെ അവൻ മുന്നോട്ട് കുതിക്കുന്നു എന്നുമാത്രം. വളരെ ബൃഹത്തായ ഈ വിഷയം ഇവിടെ ഇത്രമാത്രം ചുരുക്കി വിവരിക്കുന്നു. ■

# പരിണാമവും മലക്കുകളും




നസീർ ത്വാഹിർ എം.ഡി

**ജീ**വികളുടെ പരിണാമത്തിന് ആസ്പദമായ എല്ലാ ശാസ്ത്രീയ പഠനങ്ങളും നടത്തി തന്റെ സിദ്ധാന്തങ്ങളെല്ലാം ഉൾപ്പെടുത്തി ജീവികളുടെ ഉൽപ്പത്തി (Origin of Species) എന്നപുസ്തകം പ്രസിദ്ധീകരിക്കാൻ ചാൾസ് ഡാർവിൻ ഇരുപത് വർഷമെടുത്തു. കാരണം ഇതിനു മുമ്പ് ബ്രൂണോയുടെയും ഗലീലിയോയുടെയും മേൽ പതിച്ച ക്രിസ്തു സഭയുടെ അപ്രതിരോധ്യമായ ക്രോധം തന്റെ മീതെയും പതിക്കുമെന്ന ഭീതിയായിരുന്നു അദ്ദേഹത്തിന്. പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയല്ല മറിച്ച് സൂര്യനാണ് എന്ന തന്റെ സാഹസികമായ സൂര്യകേന്ദ്രസിദ്ധാന്തം ക്രി.വ. 1600ൽ അവതരിപ്പിച്ചപ്പോഴായിരുന്നു ജിയോർഡാനോ ബ്രൂണോയെ ജീവനോടെ ചുട്ടുകൊന്നത്. ഗലീലിയോയും സമാനചിന്താഗതി വെച്ചു പുലർത്തിയിരുന്ന ആളായിരുന്നു. ക്രി.വ.1633ൽ ഗലീലിയോ തന്റെ അഭിപ്രായമെല്ലാം പിൻവലിച്ചു ക്രിസ്തു സഭക്ക് മുമ്പിൽ തലകുനിച്ചുകൊണ്ട് തന്റെ ജീവൻ രക്ഷിക്കുകയും ശിഷ്ടജീവിതം ജയിലിൽ കഴിക്കുകയും ചെയ്തു.

'ജീവികളുടെ ഉൽപത്തി' എന്ന പുസ്തകത്തിന്റെ പ്രസിദ്ധീകരണം വൈകിക്കാനുള്ള മറ്റൊരുകാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്

**മലക്കുകൾ അവസാനകണ്ണിയായി വർത്തിക്കുന്ന പ്രകൃതി നിയമങ്ങളിലൂടെയാണ് പ്രാപഞ്ചിക പ്രതിഭാസങ്ങൾ അല്ലാഹു നിർവഹിക്കുന്നത്. മലക്കുകളുടെ നിഗൂഢാത്മക ലോകത്തെപ്പറ്റി ലേഖകൻ വിവരിക്കുന്നു.**



ചാൾസ് ഡാർവിൻ

പരിണാമവാദം ഉയർത്തിവിടുന്ന കൊടുങ്കാറ്റിനെസംബന്ധിച്ച് ഡാർവിൻ മുൻ കൂട്ടിബോധവാനായിരുന്നതിനാലാണെന്നാണ്. അദ്ദേഹത്തിന്റെ ഉത്കണ്ഠ തികച്ചും ശരിയായിരുന്നു. 200 വർഷങ്ങൾ കഴിഞ്ഞിട്ടും പരിണാമവാദം ഉയർത്തിവിട്ട കൊടുങ്കാറ്റ് ശമിച്ചിട്ടില്ല. ക്രിസ്തുമതത്തിന്റെ സുദീർഘമായ ചരിത്രത്തിൽ ശാസ്ത്രവും സഭയും ബദ്ധവൈരികളായി നിലകൊണ്ടു. ബൈബിൾ പാഠങ്ങൾക്ക് വിരുദ്ധമാകയാൽ ശാസ്ത്രജ്ഞന്മാർ പീഢിപ്പിക്കപ്പെടുകയും ഹിംസിക്കപ്പെടുകയും ചെയ്ത സംഭവം നാം കാണുകയുണ്ടായി. അതേസമയം ഇസ്‌ലാമിൽ ആശയങ്ങളുടെ പ്രചാരണത്തിന് പരിപൂർണ സ്വാതന്ത്ര്യം അനുവദിക്കുകയുണ്ടായി. ചുരുക്കം സന്ദർഭങ്ങളിൽ മാത്രമേ അപവാദങ്ങളുണ്ടായിട്ടുള്ളൂ..

പരിണാമമെന്ന ആശയം പലരും വിഭിന്നരീതിയിലായിരുന്നു മനസ്സിലാക്കിയിരുന്നത്. വിശുദ്ധ ഖുർആൻ ഈ അഭിപ്രായം മുന്നോട്ട്വെക്കുക മാത്രമല്ല അത് ഉറപ്പിച്ചു പറയുകയുമുണ്ടായി. ബൈബിൾ പരിണാമത്തെ നിഷേധിക്കുകയാണുണ്ടായത്. പുരോഹിതന്മാർ ഈ വിഷയം ആളിക്കത്തിച്ചു. നാസ്തികന്മാരാകട്ടെ പരിണാമവാദത്തെ സ്തുതിപൂർവം ഉയർത്തിപ്പിടിച്ചു. ശാസ്ത്ര സമൂഹം അവരുടെ പല ജീവശാസ്ത്ര സിദ്ധാന്തങ്ങളും കെട്ടിപ്പടുത്തത് അതിന്മേലായിരുന്നു. പലരും അത് ദുർവ്യാഖ്യാനം ചെയ്യുകയുണ്ടായി. പരിണാമവാദത്തെപ്പോലെ

മനുഷ്യസമൂഹത്തെ പിടിച്ചുലച്ച മറ്റൊരു ശാസ്ത്ര സിദ്ധാന്തവുമില്ലായിരുന്നു. ചിലർക്ക് അത് ശാസ്ത്രലോകത്തെ വൻ മുന്നേറ്റമായിരുന്നു. മറ്റുചിലർക്കാകട്ടെ അതൊരു മത വിരുദ്ധ ചിന്തയായിരുന്നു. പരിണാമവാദം ഡാർവിന് ഒരേസമയം പ്രശംസയും അഭിശംസയും നേടി ക്കൊടുത്തു.

**പരിണാമവാദം അപകടകരമായ ഒരാശയം**

'നാസ്തികവാദ പ്രസ്ഥാനങ്ങൾ പരിണാമവാദം കൊണ്ട് വളരെയേറെ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. നിരീശ്വര വാദം ഡാർവിന് മുമ്പ് തന്നെ യുക്തി പരമായി തെളിയിക്കാമായിരുന്നു. ഡാർവിൻ ദൈവനിഷേധിക്ക് ചേർന്ന വിധം ആ വാദത്തിൽ ധിഷണ നിറക്കുകയുണ്ടയി' എന്ന് ലോകപ്രശ സ്ത നാസ്തികനായ റിച്ചാർഡ് ഡാക്കിൻസ് പറയുകയുണ്ടായി.

ഡാർവിന്റെ പരിണാമവാദം പലർ ക്കും ശക്തമായ ഒരു ഉപകരണമാണ്. ഇക്കാര്യം തത്ത്വശാസ്ത്രജ്ഞനായ ഡാനിയൽ ഡന്നറ്റ് ഇപ്രകാരം വിവരി ക്കുന്നു:

'ഏറ്റവും നല്ല ഏതെങ്കിലുമൊരു ആശയത്തിന് ഒരു പുരസ്ക്കാരം നൽകാനുള്ള അവസരം എനിക്ക് ലഭിച്ചാൽ ന്യൂട്ടനെക്കാളും ഏൻസ്റ്റീനെ ക്കാളും മുമ്പേ ഞാനത് ഡാർവിന് നൽകും. അദ്ദേഹം തന്റെ 'പ്രകൃതിയുടെ തിരഞ്ഞെടുപ്പ് വഴിയുള്ള പരിണാമം' എന്ന ഒരൊറ്റ സിദ്ധാന്തം കൊണ്ട് ജീവമേഖലയാകമാനം ഏകീകരിച്ചു. സ്ഥലകാലത്തിലും കാര്യകാരണ ബന്ധത്തിലും യാന്ത്രികതലത്തിലും ഭൗതിക തലത്തിലും തന്റെ സിദ്ധാന്തം സാർഥകമായി അദ്ദേഹം അവതരിപ്പിച്ചു. എന്നാൽ അതൊരു അദ്ഭുതകരമായ ശാസ്ത്രസിദ്ധാന്തം മാത്രമായിരുന്നില്ല. അതൊരു അപകടകരമായ സിദ്ധാന്തം കൂടിയായിരുന്നു.'

**സൃഷ്ടിവാദം, ബുദ്ധിപരമായ അഭികൽപ്പന, ഡാർവിനിസം**

ശക്തിമത്തും അപകടകരവുമായ ഈ ആശയം ക്രിസ്തുമതത്തിന് ഒരു വൻ ഭീഷണിയായിരുന്നു. സൃഷ്ടി വാദം (Creationalism) ക്ഷിപ്ര സൃഷ്ടി വാദം (Spontaneous generation), നവഭൂമി സൃഷ്ടി വാദം (Young Earth Creationism) എന്നിവയെല്ലാം ഡാർവി നിസത്തോടുള്ള ക്രിസ്തുമതത്തിന്റെ പ്രതികരണമായിരുന്നു. ഈ വാദ പ്രകാരം ഭൂമി ഏതാനും ആയിരം വർഷങ്ങൾക്ക് മുമ്പ് മാത്രമാണ് സൃഷ്ടി ക്കപ്പെട്ടത്. അത്പോലെ ഡാർവിനി സവും പരിണാമവാദവും തെറ്റാകുന്നു എന്നൊക്കെയായിരുന്നു ക്രിസ്തീയ പ്രചാരണം. അനിഷേധ്യമായ ശാസ്ത്ര സിദ്ധാന്തങ്ങളോട് (ഫോസിൽ തെളി വുകൾ) ഏറ്റുമുട്ടി ക്രിസ്ത്യാനികളുടെ 'സൃഷ്ടി വാദം' പിന്നീട് 'ബുദ്ധിപരമായ അഭികല്പ്പന' എന്ന സിദ്ധാന്തമായി രൂപാന്തരപ്പെട്ടു.

'സൃഷ്ടിവാദം' എന്നത് ഒരു ക്രിസ്തീയ വിശ്വാസമാണ്. അതായത് മനുഷ്യൻ, ജീവൻ, ഭൂമി, പ്രപഞ്ചം എന്നിവ ഇന്നത്തെ രൂപത്തിൽ അതേപടി ദൈവം സൃഷ്ടിച്ചതാണെന്ന വാദമാണ് സൃഷ്ടി വാദം. അക്ഷരാർ ഥത്തിൽ വ്യാഖ്യാനത്തിനതീതമാം വിധം ബൈബിളിലെ ഉൽപത്തി പുസ്ത കത്തിൽ എഴുതപ്പെട്ടത് പ്രകാരമാണ് സൃഷ്ടി നടന്നതെന്നുള്ള വിശ്വാസമാ ണിത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് 4-ാമൻ അതിനെപൊടുന്നനെയുള്ള (Spontaneous) സൃഷ്ടിവാദം എന്ന് വിളിച്ചുകൊണ്ട് ഈ വാദത്തെ ഖണ്ഡി ക്കുന്നുണ്ട്.

വിശുദ്ധ ഖുർആൻ ഘട്ടം ഘട്ടമായി പുരോഗമനാത്മകമായാണ് സൃഷ്ടി സംഭവിച്ചതെന്ന് അസന്ദിഗ്ധമായി പറയുകയും പൊടുന്നനെയുള്ള സൃഷ്ടിവാദത്തെ നിരാകരിക്കുകയും ചെയ്യുന്നു.1

സൃഷ്ടിവാദികളും പ്രകൃതി വാദി കളും തമ്മിലാണ് യഥാർഥതർക്കം എന്നത് പ്രകൃതിവാദികളുടെ ഭാഗത്ത് നിന്നുള്ള തികഞ്ഞ ഒരു തെറ്റിദ്ധാര ണയാണ്. പരിണാമവാദത്തെ എല്ലാ അർഥത്തിലും നിഷേധിക്കുകയും പൊടുന്നനെയുള്ള സൃഷ്ടിപ്പിൽ വിശ്വസിക്കുകയും ചെയ്യുന്ന ചില ക്രിസ്ത്യൻ മതതീവ്രവാദികളായ ശാസ്ത്ര പണ്ഡിതന്മാർ മതപുരോ ഹിതന്മാരെ പലപ്പോഴും ആകർഷി ക്കാറുണ്ട്. പൊടുന്നനെ ഉണ്ടാവുക എന്നതിനർഥം ഒരു ജീവി അതിന്റെ സകല അവയവങ്ങളോടുകൂടി പൂർണ രൂപത്തിൽ സൃഷ്ടിക്കപ്പെടുക എന്നാണ്. തീർച്ചയായും ഇത് ഖുർആനികമായ സൃഷ്ടി സങ്കൽപ്പമല്ല. ഈ പുസ്തക ത്തിലുടനീളം നാം അക്കാര്യം വിശദീ കരിച്ചു കഴിഞ്ഞു. ക്രിസ്ത്യാനികൾ ക്കിടയിൽ കാണുന്ന സൃഷ്ടിവാദി കളുടെ വീക്ഷണത്തിൽ നിന്ന് വിശുദ്ധ ഖുർആന്റെ സങ്കൽപ്പം തികച്ചും വിഭിന്നമാണ് 2

ഇന്റലിജന്റ് ഡിസൈൻ മൂവ്മെന്റ് (Intelligent Design Movement)എന്ന പ്രസ്ഥാനം തങ്ങളുടെ വാദം ശാസ്ത്ര മാണെന്ന് ഒരു കേസിൽ കോടതിയിൽ തെളിയിക്കാൻ ശ്രമിച്ചു കൊണ്ടാണ് 2005ൽ അമേരിക്കയിൽ അതിന്റെ അരങ്ങേറ്റം കുറിച്ചത്. Kitzmiller et al. v. Dover Area School District case എന്ന പ്രമാദമായ കേസിലെ ജഡ്ജി ജോൺ ഇ. ജോൺ എഴുതുന്നു: 'ഈ വിധി പുറപ്പെടുവിക്കുമ്പോൾ 'ഇന്റലിജന്റ് ഡിസൈൻ' പുരോഗതിക്ക് അടിസ്ഥാ നമായ ഒരു ശാസ്ത്ര വാദമാണോ എന്ന പ്രശ്നം പരിശോധിക്കുകയുണ്ടായി. ഞങ്ങൾ എത്തിച്ചേർന്ന നിഗമനം തീർയായും അല്ല എന്നാണ്. മാത്രമല്ല ഇന്റലിജന്റ് ഡിസൈൻ വാദത്തിന് സൃഷ്ടിവാദത്തിൽ നിന്നോ മതപരമായ മുൻവിധിയിൽ നിന്നോ മുക്തമാവാൻ സാധ്യമായിട്ടില്ല എന്നാണ് ഞങ്ങളുടെ അഭിപ്രായം.

വിശുദ്ധ ഖുർആൻ ക്രമമായ പരിണാമ പ്രക്രിയയെയാണ് അംഗീകരി ക്കുന്നത്. തീർച്ചയായും പരിണാമത്തെ സംബന്ധിച്ച് ഡാർവിൻ പറഞ്ഞതി നോടോ നാച്ചറലിസ്റ്റുകളുടെ ആശയ ങ്ങളോടോ പൂർണമായും വിശുദ്ധ ഖുർആൻ യോജിക്കുന്നില്ല. അഹ്മദി മുസ്ലിംകളായ ഞങ്ങൾ വിശ്വസിക്കു ന്നത് സർവശക്തനായ ദൈവമാണ് സ്രഷ്ടാവ് എന്നാണ്. അവനാണ് ഏറ്റവും വലിയ ധിഷണാശാലിയും ഏറ്റവും വലിയ ആസൂത്രകനും എന്നുമാണ്. അവൻ പ്രപഞ്ചത്തെ സൃഷ്ടിക്കുകയും ഘട്ടംഘട്ടമായി അതിനെ രൂപപ്പെടുത്തുകയും ചെയ്തു. ആ അർഥത്തിലാണ് ഞങ്ങൾ

> പ്രകൃതിനിയമങ്ങൾ പൂർത്തീകരിക്കാനുള്ള അവസാനത്തെ കണ്ണിയാണ് മലക്കുകൾ. മഴ പെയ്യൽ, കാറ്റു വീശൽ, സൂര്യരശ്മികൾ ഭൂമിയിലെത്തൽ, വിഷത്തിന് അതിന്റെ വിഷം ഫലവത്താകൽ, വിഷത്തിനെതിരെയുള്ള പ്രതിവിഷത്തിന്റെ പ്രവർത്തനം എല്ലാം തന്നെ മലക്കുകളുടെ ജോലിയാണ്.

സൃഷ്ടിപ്പിലും (Creation) അഭികല്പ്പനയിലും (Design)പരിണാമത്തിലും (Evolution) വിശ്വസിക്കുന്നത്. എന്നാൽ ഈ സംജ്ഞകൾ പല അർഥങ്ങളിലും വിവക്ഷകളിലും മനസ്സിലാക്കപ്പെടുന്നുണ്ട്. അതുമായൊന്നും ഞങ്ങൾ അഹ്മദികൾ യോജിക്കുന്നില്ല. മറ്റ് ഇംഗ്ലീഷ് പദങ്ങളെപ്പോലെ ഈ വാക്കുകളും സാങ്കേതിക അർഥവും ധ്വന്യാർഥവും ഉൾക്കൊള്ളുന്നുണ്ടാകാം. ഉദാഹരണത്തിന്ന് 'ഡമോക്രാറ്റ്' എന്ന പദം ഡമോക്രാറ്റിക്ക് പാർട്ടിയിൽ അംഗമായി ചേരുകയും ജനാധിപത്യ അജണ്ടകളിൽ വിശ്വസിക്കുകയും ചെയ്യുന്ന ആൾക്കാണ് പറയുക. അതിന് ഇംഗ്ലീഷ് ഭാഷയിലെ ഡിക്ഷ്ണറി അർഥവുമായി യാതൊരു ബന്ധവുമില്ല. അത്പോലെ 'ഇന്റലിജന്റ് ഡിസൈൻ' എന്നതിന് ആ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുന്നയാൾ എന്ന അർഥമേയുള്ളു. അയാൾ ധിഷണാ ബദ്ധമായ അഭികല്പ്പനനിർവഹിക്കുന്ന ദൈവത്തിൽ വിശ്വസിക്കുന്നയാൾ എന്ന അർഥത്തിലല്ല വിവക്ഷിക്കപ്പെടുന്നത്. ഇടത് പക്ഷക്കാരൻ എന്നാൽ 'ഇടതു കൈയ്യൻ' എന്ന അർഥം ഇല്ലാത്തത് പോലെയുള്ള ഒരു പ്രയോഗം മാത്രമാണത്. അപ്രകാരം ആശയഗർഭിതങ്ങളായ ചില പ്രയോഗങ്ങളാണ് ഡാർവിനിസം, നവഭൂമി സൃഷ്ടിപ്പ്, സൃഷ്ടി വാദം, ഇന്റലിജന്റ് ഡിസൈൻ എന്നിവ. ഈ പദങ്ങൾക്കെല്ലാം പിറകിൽ ചില ഗർഭിതാർഥങ്ങളും ധ്വനികളും അജണ്ടകളുമുണ്ട്. പ്രചാരണ പ്രവർത്തനങ്ങൾക്കായി ആശയ സംവാദത്തിലേർപ്പെടുന്ന അഹ്മദികൾ ഇത്തരം പദങ്ങളുടെ സാങ്കേതികാർഥവും വ്യവഹാരാർഥവും ധ്വന്യാർഥവും മനസിലാക്കേണ്ടതാണ്. വിശുദ്ധ ഖുർആൻ പരിണാമത്തെ അംഗീകരിക്കുന്നു. ജീവികൾ സുദീർഘമായ ചില ഘട്ടങ്ങളിലൂടെ പരിണമിച്ചുണ്ടായതാണെന്നും ഖുർആൻ പറയുന്നു. നിരീശ്വരവാദത്തിലധിഷ്ഠിതമായ ഡാർവിനിസത്തെ അതൊരിക്കലും അംഗീകരിക്കുന്നില്ല. അതുപോലെ സൃഷ്ടിവാദത്തെയും ഇന്റലിജന്റ് ഡിസൈൻ വാദത്തെയും പിന്തുണക്കുന്നുമില്ല.

ഈ വിഷയങ്ങളെല്ലാം തന്നെ തന്റെ Revelation,Rationality, Knowledge and Truth എന്ന പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. ഈ വിഷയങ്ങളുടെ അധിക വായനക്ക് വേണ്ടി പ്രസ്തുത പുസ്തകം വായിക്കുക. ഈ പുസ്തകം ഡാർവിൻ സങ്കൽപ്പത്തിൽ നിന്ന് വ്യതിരിക്തമായി ഖുർആൻ വരച്ചു കാട്ടുന്ന അതുല്യമായ ഒരു പരിണാമ സങ്കൽപ്പത്തെപ്പറ്റി വിവരിക്കുന്നു. നിരീശ്വരവാദികൾ അവരുടെ വാദങ്ങൾക്കുപോൽബലകമായി ഉയർത്തിക്കാട്ടുന്ന ഡാർവിനിസത്തിന്റെ പൂഴിയിൽ പണിത പ്രകൃതി നിർദ്ധാരണം, അർഹതയുള്ളതിന്റെ അതിജീവനം എന്നീ സിദ്ധാന്തങ്ങളുടെ കോട്ടകളെല്ലാം ഈ പുസ്തകത്തിൽ അടിച്ചു തകർക്കുന്നുണ്ട്.

## പക്ഷികൾ എങ്ങനെയാണ് പറക്കു ന്നത്?

പക്ഷികൾ എങ്ങനെയാണ് പറക്കുന്നത്? എങ്ങനെയാണ് അത് വായുവിൽ തങ്ങിനിൽക്കുന്നത്? എന്നാരെങ്കിലും ചോദിച്ചാൽ അതിനുള്ള ഉത്തരം എയ്റോഡൈനാമിക്സിനേയും ഭൗതികശാസ്ത്രത്തേയും ചിറകുകളുടെ ആകൃതിയേയും അതിന്റെ ചലനത്തേയും വായു പ്രവാഹത്തിന് അതുമായുള്ള പ്രതിപ്രർത്തനത്തേയും ആസ്പദമാക്കിയുള്ള ഒരു നെടുങ്കൻ പ്രസംഗമായിരിക്കും ഉത്തരം.

നൽകപ്പെടുന്ന വിവരണങ്ങളെല്ലാം ശാസ്ത്രീയമായി സൂക്ഷ്മതയുള്ളതായിരിക്കും. വിശുദ്ധ ഖുർആൻ വ്യത്യസ്തമായ മറ്റൊരുത്തരമാണ് നൽകുന്നത്.

**ആകാശാന്തരീക്ഷത്തിൽ വിധേയമാക്കപ്പെട്ട നിലയിൽ പറവകളെ അവർ കാണുന്നില്ലേ? അല്ലാഹുവല്ലാതെ മറ്റാരും അവയെ പിടിച്ചു നിർത്തുന്നില്ല (16:80).**

ഈ ഖുർആനിക വചനം അല്ലാഹുവാണ് പക്ഷിയെ ആകാശത്ത് വീഴാതെ പിടിച്ചു നിർത്തുന്നത് എന്ന് വളരെ വ്യക്തമായിപ്പറയുന്നു. അത് ഭൂഗുരുത്വ ബലത്തേയോ മറ്റുനിയമങ്ങളേയോ നിഷേധിക്കുന്നില്ല. മൊത്തം ഭൗതിക വ്യവസ്ഥ അല്ലാഹുവിന്റെ നിയന്ത്രണത്തിലാണെന്ന് പറയുകയാണ് ചെയ്യുന്നത്. ശ്രദ്ധേയമായൊരുകാര്യം, ഭൗതിക നിയമങ്ങളെ പറ്റിയെല്ലാം നല്ലപോലെ അറിയാമായിരുന്നിട്ടും ഗുരുത്വബലത്തിനെതിരെ പക്ഷികളെ ആകാശത്ത് പിടിച്ചുനിർത്താൻ അല്ലാഹുവിന് കഴിയുന്നു എന്ന് വിശ്വസിക്കാൻ നമുക്കാർക്കും ഒരു പ്രയാസവുമില്ല. 'നിയന്ത്രിതമായ ഗുരുത്വ ബലം' എന്നോ 'സർവശക്തമായ എയ്റോഡയനാമിക്സ്' എന്നോ ഉള്ള പദം നമുക്ക് ഉപയോഗിക്കേണ്ടിവരുന്നുമില്ല. പിന്നെ നാം എന്തിന് 'നിയന്ത്രിതമായ പരിണാമം' എന്ന് ഉപയോഗിക്കണം?

പരിണാമ നിയമം എന്നത് ഭൗതികം, രസതന്ത്രം, ഖഗോളശാസ്ത്രം എന്നിവ പോലെ അല്ലാഹുവിന്റെ എണ്ണമറ്റ നിയമങ്ങളിലൊന്നാണ്. ആധികാരിക ജ്ഞാനമുള്ള ഒരു ശാസ്ത്രജ്ഞനും പരിണാമത്തെ നിഷേധിച്ചിട്ടില്ല. ദിനേനയെന്നോണം അവർ തങ്ങളുടെ സൂക്ഷ്മദർശിനിക്കടിയിൽ ബാക്റ്റീരിയകൾക്ക് രൂപാന്തരണം സംഭവിച്ച് മറ്റൊരു രൂപത്തിലാവുന്നത് കാണുന്നവരാണ്. പ്രകൃതി നിയമവുമായി ബന്ധപ്പെട്ട അല്ലാഹുവിന്റെ പ്രവർത്തനങ്ങൾ കേവലം വഴികാട്ടൽ മാത്രമല്ല മറിച്ച് അവ അതിസൂക്ഷ്മ തലങ്ങളിലും ഓരോ സെക്കന്റിലും നാനോസെക്കന്റിലും പരിപൂർണമായും അല്ലാഹുവിന്റെ നിയന്ത്രണത്തിന് കീഴിലാണ്. അത് കേവലം വഴികാട്ടൽ എന്നതിലുപരിയാണ്. അല്ലാഹുവിന്റെ പ്രവർത്തനം നിരന്തരമുള്ളതും അനസ്യൂതവുമാണ്. അല്ലാഹു മലക്കുകളിലൂടെയാണത് നിർവഹിക്കുന്നത്.

**'ആകാശങ്ങളിലുള്ളതെല്ലാം അല്ലാഹുവിനുള്ളതാണ്. അല്ലാഹു എല്ലാവസ്തുക്കളേയും വലയം ചെയ്തിരിക്കുകയാണ്'(4:127).**

## അല്ലാഹുവും മലക്കുകളും

ഇസ്‌ലാം മതപ്രകാരം പ്രപഞ്ചം എങ്ങനെയാണ് പ്രവർത്തിക്കുന്നത്? പ്രപഞ്ച സംവിധാനത്തിൽ എന്താണ് മലക്കുകളുടെ പങ്ക്? അത്തരം പ്രശ്നങ്ങൾക്കുത്തരം നൽകുന്നതും ഈ വിഷയത്തിലേക്ക് കൂടുതൽ വെളിച്ചം വീശുന്നതുമായ ഒരു പ്രഭാഷണം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) 1920 ഡിസംബർ 28ന് നിർവഹിക്കുകയുണ്ടായി. ഉറുദു പ്രസിദ്ധീകരണമായ 'അൻവാറുൽ ഉലൂമി'ലെ 5-ാം വാല്യത്തിൽ 'മലാഇക്കത്തുല്ലാഹ്' എന്ന പേരിൽ അത് പ്രസിദ്ധീകരിച്ചു വന്നിട്ടുണ്ട്. അത് വായിക്കുകയാണെങ്കിൽ മലക്കുകളെ സംബന്ധിച്ച വിഷയത്തിൽ അസാധാരണമായ ഒരു ഉൾക്കാഴ്ചയും ജ്ഞാനവും ലഭിക്കുന്നതാണ്. ഞാൻ അതിലെ ചില ഭാഗങ്ങൾ തർജമ ചെയ്യാനുള്ള എളിയ ശ്രമമാണിവിടെ നടത്തുന്നത്.

'പ്രകൃതിനിയമങ്ങൾ പൂർത്തീകരിക്കാനുള്ള അവസാനത്തെ കണ്ണിയാണ് അവ (മലക്കുകൾ). മഴ പെയ്യൽ, കാറ്റു വീശൽ, സൂര്യരശ്മികൾ ഭൂമിയിലെത്തൽ, വിഷത്തിന് അതിന്റെ വിഷം ഫലവത്താകൽ, വിഷത്തിനെതിരെയുള്ള പ്രതിവിഷത്തിന്റെ പ്രവർത്തനം

എല്ലാം തന്നെ മലക്കുകളുടെ ജോലിയാണ്. ഒന്നിനും തന്നെ സ്വയം പ്രവർത്തിക്കാനുള്ള കഴിവില്ല. അതിനർഥം വിഷം വിഷമല്ലെന്നല്ല. മലക്കുകൾ അനുവദിക്കുന്നില്ലെങ്കിൽ അതിന് അതിന്റെ പ്രവർത്തനം നിർവഹിക്കാനാവില്ല. അത് പോലെ പ്രതിവിഷത്തിനും മലക്കുകളുടെ അനുമതിയില്ലാതെ പ്രവർത്തിക്കാൻ സാധ്യമല്ല. വിശുദ്ധ ഖുർആനിൽ നിന്ന് മലക്കുകളുടെ പ്രവർത്തനങ്ങളെപറ്റി വളരെയധികം വ്യക്തമാവുന്നുണ്ട്'.3

ഹുസൂർ തിരുമനസ്സ് കൂടുതൽ വിവരിക്കുന്നു.

നമുക്ക് കാണാൻ കഴിയുന്ന ഭൗതികപദാർഥങ്ങളെല്ലാം കൂടുതൽ കൂടുതൽ ചെറിയ വസ്തുക്കളായി പിളർക്കാൻ കഴിയുമെന്ന് തെളിയിക്കപ്പെട്ടതാണ്. അവ പിന്നീട് അതിസൂക്ഷ്മമായ അമൂർത്ത വസ്തു (ലത്വീഫ്)വായി ദുർഗ്രാഹ്യവും അഗോചരവുമായ ലോകത്തേക്ക് നമ്മെ നയിക്കും. അതിന്റെ സൂക്ഷ്മത കാരണം അതിന് ഊർജം ലഭിക്കുന്ന സ്രോതസ്സ് എളുപ്പത്തിൽ കാണാൻ സാധ്യമല്ല. അതിലടങ്ങിയ കണങ്ങളും അതിസൂക്ഷ്മമാണ്. ഈ വ്യവസ്ഥയിലെല്ലാം നിഗൂഢമായ ജ്ഞാനമടങ്ങിയിരിക്കുന്നു. സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ അമൂർത്ത (ലത്വീഫ്)സ്ഥലങ്ങളിൽ മലക്കുകൾ അവയുടെ കടമകൾ നിർവഹിക്കുന്നു4.

'നാം ഭൗതിക ലോകത്തെക്കുറിച്ചും അതിന്റെ കാര്യകാരണ ബന്ധത്തെക്കുറിച്ചും പഠനം നടത്തുമ്പോൾ നമ്മുടെ നിരീക്ഷണങ്ങൾ നമ്മെ കൂടുതൽ സൂക്ഷ്മമായ ഒരു ലോകത്തിലേക്ക് നയിക്കും. അതായത് നമ്മുടെ കണ്ണുകൊണ്ട് കാണാൻ കഴിയാത്ത സൂക്ഷ്മ കണങ്ങളിലേക്കും അതിനേക്കാൾ അതി സൂക്ഷ്മകണങ്ങളിലേക്കും അത് നയിക്കും. ഖരപദാർഥങ്ങൾ വായുവായും അതിനേക്കാൾ സൂക്ഷ്മമായ വസ്തുവായും മാറും. അവസാനം പദാർഥം ഊർജമായിത്തീരും. ഈ ഊർജത്തിന്റെ സ്രോതസ്സാണ് മലക്കുകൾ 5

(എൻസ്റ്റീന്റെ സുപ്രസിദ്ധമായ ഊർജ-പദാർഥ ബന്ധ നിയമം $E=mc^2$ ആവിഷ്ക്കരിക്കുന്നത് 1905ലാണെന്ന് നാം ഓർക്കണം)

ഹുസൂർ തുടരുന്നു..

'മഴ പെയ്യുന്നതിന്റെ തൊട്ടടുത്ത കാരണം മലക്കുകളാണ് എന്നല്ല ഞാൻ പറയുന്നത്. മലക്കുകൾ കടലിൽ നിന്ന് വെള്ളം കൊണ്ടുപോയി മഴയുണ്ടാക്കുന്നുവെന്നുമല്ല. മഴയുണ്ടാക്കുന്ന മേഘങ്ങളുടെ നിയന്ത്രണം മലക്കുകളുടെ കൈകളിലാണ് വർത്തിക്കുന്നത് എന്നാണ് ഞാൻ പറയുന്നത്. കാര്യകാരണ പരമ്പരകളിൽ മറ്റു ശക്തികളും പ്രവർത്തിക്കുന്നു വെങ്കിലും അതിന്റെ അവസാനത്തെ കണ്ണിയായി വർത്തിക്കുന്നത് മലക്കുകളാണ്. മലക്കുകൾക്ക് സ്വന്തമായി യാതൊരുകഴിവുമില്ല. പദാർഥങ്ങൾക്കകത്ത് നിലകൊള്ളുന്ന നിഗൂഢ ശക്തികളെ മലക്കുകൾ പ്രകടിതമാക്കുക മാത്രമാണ് ചെയ്യുന്നത്. പനിയുണ്ടാക്കുന്നതിന്ന് കാരണമായ ഏന്തെങ്കിലും ഉണ്ടാകാം. ആരെങ്കിലും അതെടുത്ത് ഉപഭോഗം നടത്തിയാൽ അതിന്റെ ഫലമായി പനി പ്രകടിതമാക്കുന്നതിന് കാരണം മലക്കുകളാണ്. പനിയുടെ മരുന്ന് സേവിക്കുമ്പോൾ മലക്കുകൾ അത് ശമിപ്പിക്കുന്നതിന്റെ കാരണമായി വർത്തിക്കുകയും പനി മാറുകയും ചെയ്യുന്നു. മലക്കുകൾക്ക് അവരുടെതായ യാതൊരു കഴിവുമില്ല. അവർ കാര്യകാരണ പരമ്പരയുടെ അവസാനത്തെ കണ്ണിയായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്'.6

വിശദീകരണം തുടരുന്നു.......

ദൈവം സ്രഷ്ടാവാണെന്ന് വിശ്വസിക്കുന്നവർ പദാർഥങ്ങളും അവയുടെ ഗുണങ്ങളും അവൻ സൃഷ്ടിച്ചതാണെന്നും വിശ്വസിക്കേണ്ടതുണ്ട്. പദാർഥങ്ങളിൽ നിഗൂഹനം ചെയ്യപ്പെട്ട ഈ ഗുണങ്ങൾ മലക്കുകൾ എന്ന ഉപകരണത്തിലൂടെ പ്രകടിതമാവുകയാണ് ചെയ്യുന്നത്. വസ്തു ഒരു ഗോചര യാഥാർഥ്യവും അല്ലാഹു 'ലത്വീഫു' (അഗോചരൻ) മാണ്. നാം പ്രകൃതി നിയമങ്ങളിലേക്ക് നോക്കുമ്പോൾ ഗോചര വസ്തുക്കളിൽ അല്ലാഹുവിന്റെ നിയമങ്ങൾ ബലങ്ങൾ മുഖേന ഏറ്റവും നല്ലനിലയിലും അദൃശ്യമായ രീതിയിലും പ്രവർത്തിക്കുന്നത് കാണാം. മനുഷ്യ ശരീരത്തെ മനസ്സ്(Mind), പ്രാണൻ (Soul), ആത്മാവ് (Spirit) എന്നിവയാണ് നിയന്ത്രിക്കുന്നത്. അവയെ എന്ത് പേരിട്ട് വിളിച്ചാലും അത് അദൃശ്യവും അതിസൂക്ഷ്മവുമാണ്. ഒരിക്കൽ അത് ശരീരത്തിൽ നിന്ന് വേർപെട്ടു കഴിഞ്ഞാൽ ശരീരം പിന്നെ മൃതവും ഉപയോഗശൂന്യവുമായിത്തീരും.7

വാഗ്ദത്ത മസീഹി(അ)ന്റെ ആഗമനത്തിന് മുമ്പ് മലക്കുകളെ സംബന്ധിച്ച് വളരെകുറച്ചു മാത്രമേ മുസ്ലിം പണ്ഡിതന്മാർക്ക് അറിവുണ്ടായിരുന്നുള്ളു. മുഹമ്മദ് നബി(സ)ക്ക് ശേഷം വാഗ്ദത്ത മസീഹ്(അ) ആണ് വളരെ വിപുലമായ തോതിലും അർഥസംപൂർണമായ രീതിയിലും മലക്കുകൾ എന്ന വിഷയത്തെപ്പറ്റി സംസാരിച്ചത്. താഴെക്കൊടുത്തിരിക്കുന്നത് മലക്കുകളെപ്പറ്റിയുള്ള വാഗ്ദത്ത മസീഹി(അ)ന്റെ ചില ലിഖിത ശകലങ്ങളാണ്:

പ്രപഞ്ചത്തിൽ നടക്കുന്ന പ്രതിഭാസങ്ങൾ ഒരു ഗോചരമായ വ്യവസ്ഥയിൽ മാത്രമായി സർവശക്തൻ പരിമിതപ്പെടുത്തിയിട്ടില്ല. അദൃശ്യമായ മറ്റൊരു വ്യവസ്ഥയും സദാസമയവും പ്രവർത്തനനിരതമാണ്. സൂര്യൻ, ചന്ദ്രൻ, ഭൂമി എന്നിവക്കും മഴയായി പെയ്യുന്ന ജലബാഷ്പത്തിനും വീശിയടിക്കുന്ന കാറ്റിനും ഭൂമിയിൽ പൊഴിയുന്ന ആലിപ്പഴത്തിനും ആകാശത്തിലെ കൊള്ളി മീനുകൾക്കും എല്ലാറ്റിന്നും ഭൗതിക കാരണങ്ങളുണ്ട്. ഈ ഭൗതിക കാരണങ്ങളാണ് മാറ്റങ്ങളും പരിവർത്തനങ്ങളും പ്രതിഭാസങ്ങളും ഉണ്ടാക്കുന്നതായി ഖഗോള ശാസ്ത്രത്തിന്റെയും ഭൗതിക ശാസ്ത്രത്തിന്റെയും ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ അന്തർദൃഷ്ടിയുള്ളവർ ഈ പ്രതിഭാസങ്ങൾക്കും അത് നിയന്ത്രിക്കുന്നതിന് പിന്നിലും മറ്റുകാരണങ്ങളുണ്ടെന്ന് അറിയുന്നു. ഏതൊന്നിന്നോട് അതിനെബന്ധിപ്പിച്ചു പറഞ്ഞാലും അതിന്റെ പ്രവർത്തനങ്ങളിൽ സർവശക്തനായ ദൈവം കല്പിച്ച ഒരു ആത്മീയ ലക്ഷ്യമുണ്ടെന്ന കാര്യം ഓർക്കുക

മലക്കുകൾ ഭൗതികമായ ദുരന്തങ്ങളിൽ നിന്ന് രക്ഷിക്കുന്നു. പക്ഷേ ഈ രക്ഷപ്പെടുത്തൽ ആത്മീയമായ അർഥത്തിലാണ്. ഉദാഹരണത്തിന് ഇടിഞ്ഞു വീഴാൻ പോവുന്ന ഒരു മതിലിനരികെ ഒരാൾ നിൽക്കുന്നുവെന്നിരിക്കട്ടെ. ഒരു മലക്കും വന്ന് അദ്ദേഹത്തെ കൈകൊണ്ട് പൊക്കിയെടുത്ത് ആ സ്ഥലത്ത് നിന്ന് എടുത്തുമാറ്റില്ല. അയാളെ രക്ഷിക്കണമെന്ന് വിധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഒരു മലക്ക് മുഖേന അദ്ദേഹത്തിന് അവിടെ നിന്ന് മാറിനിൽക്കാനുള്ള ഒരു താക്കീത് സന്ദേശമായി നൽകപ്പെടുകയാണ് ചെയ്യുക. എന്നാൽ നക്ഷത്രങ്ങളുടേയും മറ്റു വസ്തുക്കളുടേയും സംരക്ഷണം ഭൗതിക രീതിയിലുള്ളതാണ്.

വിശുദ്ധ ഖുർആൻ എവിടെയും തന്നെ ദൈവം മാറുന്നുവെന്ന് പറഞ്ഞിട്ടില്ല. പക്ഷേ മനുഷ്യൻ മാറുന്നവനാണെന്ന് പറയുന്നു.

അതായത് ഉചിതമായ രീതിയിൽ ദൈവം മനുഷ്യനെ മാറ്റിക്കൊണ്ടിരിക്കുന്നു. ഗർഭപാത്രത്തിലെ ഒരു ശിശുവിന് രക്തം മുഖേനപോഷണം നൽകപ്പെടുന്നു. ജനിച്ചതിന് ശേഷം ഒരു നിശ്ചിത സമയം വരെ അതിന് മുലപ്പാൽ മുഖേന പോഷണം നല്കപ്പെടുന്നു. പിന്നീട് മറ്റു ഭക്ഷണ പദാർഥങ്ങൾ നല്കപ്പെടുന്നു. സമയാസമയങ്ങളിൽ ദൈവം അതിന് ഉചിതമായി വിഭവങ്ങൾ നൽകുന്നു. ശിശു ഗർഭത്തിലായിരിക്കെ അതിനാവശ്യമായ രക്തം ഉൽപാദിപ്പിക്കാൻ മാതൃശരീരത്തിലെ ആന്തര കണങ്ങളോട് ദൈവം കല്പ്പിക്കുന്നു. ശിശു ജനിച്ചതിന് ശേഷം ആ ആജ്ഞ റദ്ദാക്കപ്പെടുന്നു. അമ്മയുടെ സ്തനത്തിൽ സൂക്ഷ്മ കണങ്ങളായി നിലകൊള്ളുന്ന മലക്കുകളോട് പാൽ ഉല്പാദിപ്പിക്കാൻ ആജ്ഞാപിക്കപ്പെടുന്നു. ശിശുവിന് മുലപ്പാലിലൂടെയുള്ള പോഷണം അവസാനിപ്പിക്കപ്പെടുമ്പോൾ ആ ആജ്ഞയും റദ്ദാക്കപ്പെടുന്നു. അതിന് ശേഷം ഭൂമിയിൽ സൂക്ഷ്മകണങ്ങളായി സ്ഥിതിചെയ്യുന്ന മലക്കുകളോട് അതിനാവശ്യമായ ഭക്ഷണവും വെള്ളവും അവസാനം വരെ ഉൽപാദിപ്പിക്കാൻ ആജ്ഞാപിക്കപ്പെടുന്നു. അതിനാൽ അത്തരത്തിലുള്ള മാറ്റങ്ങൾ ദൈവത്തിന്റെ ആജ്ഞയിൽ ഉണ്ടാകുന്നു എന്ന് നാം സമ്മതിക്കുന്നു... ഈ പ്രപഞ്ച വ്യവസ്ഥ സ്വയം തന്നെ പ്രവർത്തിക്കുന്നില്ല എന്ന് വിശുദ്ധ ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. വസ്തുക്കളിലെ എല്ലാ കണങ്ങളും അല്ലാഹുവിന്റെ ശബ്ദം കേൾക്കുന്ന അവന്റെ മലക്കുകളാണ്. ആ മലക്കുകൾ അല്ലാഹുവിന്റെ ചില നിശ്ചിത പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ടതാണ്. അവർ ദൈവത്തിന്റെ ആജ്ഞാനുവർത്തികളാണ്. സ്വർണം ഉല്പാദിപ്പിക്കുന്ന കണങ്ങൾ സ്വർണം ഉണ്ടാക്കുന്നു. വെള്ളി ഉല്പ്പാദിപ്പിക്കുന്ന കണങ്ങൾ വെള്ളി ഉണ്ടാക്കുന്നു. വൈഢൂര്യം ഉല്പാദിപ്പിക്കുന്ന മലക്കുകൾ വൈഢൂര്യം ഉണ്ടാക്കുന്നു. മനുഷ്യ ശരീരത്തിലുള്ള ഗർഭ പാത്രത്തിലെ കണങ്ങൾ മനുഷ്യ ശിശുവിനെരൂപപ്പെടുത്തുന്നു. ഈ കണങ്ങൾ സ്വയം പ്രവർത്തിക്കുന്നില്ല. ദൈവത്തിന്റെ ആജ്ഞകൾ അവ കേൾക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു. അത് കൊണ്ടാണ് അവയെ അവന്റെ മലക്കുകൾ എന്ന് വിളിക്കുന്നത്. മലക്കുകൾ പല വിധത്തിലുണ്ട്. ഇതെല്ലാം ഭൂമിയിൽ പ്രവർത്തിക്കുന്ന മലക്കുകളാണ്. ആകാശത്തിലെ മലക്കുകൾ അവയുടെ സ്വാധീനം ആകാശത്തുനിന്നും ചെലുത്തുന്നു. സൂര്യനിലെ ചൂട് നൽകുന്നതും ഫലവർഗങ്ങൾ പാകപ്പെടുത്തുന്നതും അല്ലാഹുവിന്റെ മലക്കുകളാണ്. കാർമേഘങ്ങളെ സ്വരൂപിച്ച് വിവിധ ഭൂമേഖലകളെ പലവിധത്തിൽ സ്വാധീനിക്കുന്ന കാറ്റുണ്ടാക്കുന്നത് അല്ലാഹുവിന്റെ മലക്കുകളാണ്. പിന്നീട് അതിന് മുകളിൽ വെച്ച് മറ്റുചില മലക്കുകൾ അവരുടെ പ്രഭാവം ചെലുത്തുന്നു. ഭൗതിക ലോകം മലക്കുകൾ അനിവാര്യമായ അസ്തിത്വമാണെന്ന് സാക്ഷ്യം വഹിക്കുന്നു. നാം അവയെ നമ്മുടെ കണ്ണുകൾ കൊണ്ട് നിരീക്ഷിച്ചതുമാണ്.'.11

മലക്കുകളുടെ വിഷയത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ വിവരിച്ച രീതി ഋജുവും യുക്തിപരവുമാണ്. ആർക്കും അത് സ്വീകരിക്കാതിരിക്കാൻ നിർവാഹമില്ല. വിശുദ്ധ ഖുർ ആനെ പറ്റിയുള്ള അഗാധമായ മനനങ്ങൾ തീർച്ചയായും മനുഷ്യന്റെ വികാസത്തിനും പ്രപഞ്ചത്തിന്റെ ബാഹ്യവും ആന്തരികവുമായ വികാസത്തിനും ചില മദ്ധ്യവർത്തികളുടെ സഹായം ആവശ്യമുണ്ടെന്ന് വെളിപ്പെടുത്തി തരുന്നു.. വിശുദ്ധ ഖുർആനിലെ ചിലസൂചനകളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് മലക്കുകളെ പോലെ പരിശുദ്ധമായ ജീവികൾക്ക് സ്വർഗീയ ലോകവുമായി സവിശേഷമായ ഒരു ബന്ധമുണ്ടെന്നാണ്. അവരിൽ ചിലർ കാറ്റുകളെ തെളിച്ചുകൊണ്ടുപോകുന്നു. ചിലർ മഴ പെയ്യിക്കാൻ കാരണമാവുന്നു മറ്റുചിലർ ഭൂമിയിൽ മറ്റു ചില സ്വാധീനങ്ങൾ ഇറങ്ങാൻ കാരണമാവുന്നു.12

അല്ലാഹുവിന്റെ ശക്തിപ്രഭാവങ്ങൾ പ്രകടിപ്പിക്കാനുള്ള മാധ്യമങ്ങളാണ് മലക്കുകൾ. അവരാണ് ഈപ്രപഞ്ചത്തെ പരിപാലിക്കാനും അതിന്റെ നിയമങ്ങൾ നടപ്പിൽ വരുത്താനും ഏൽപ്പിക്കപ്പെട്ടവർ. പരിണാമം പ്രാവർത്തികമാക്കാൻ ഭരമേൽപ്പിക്കപ്പെട്ടവർ അവരാണ്. പക്ഷികളെ മലക്കുകൾ ആകാശത്ത് വീഴാതെ പിടിച്ചു നിർത്തുന്നു. ഈമാനും വിശ്വാസവുമുള്ളർക്ക് ഇത് മനസ്സിലാക്കാൻ കഴിയും. അവിശ്വാസികൾക്ക് അത് മനസ്സിലാക്കാൻ സാധ്യമല്ല. ഇക്കാര്യം വാഗ്ദത്തമസീഹ് (അ) ഇപ്രകാരം വിശദീകരിക്കുന്നു

'ഞാൻ പറഞ്ഞ പ്രകാരം, ഒരു തത്ത്വചിന്തകൻ ആകാശത്തിലും ഭൂമിയിലുമുള്ള പരിപൂർണമായ ക്രമസംവിധാനത്തെകുറിച്ച് അഗാധമായി ചിന്തിക്കുകയാണെങ്കിൽ ഒരു സ്രഷ്ടാവ് ഉണ്ടായിരിക്കണം എന്ന് പ്രസ്താവിക്കേണ്ടിവരും. എന്നാൽ ഞാൻ കൂടുതൽ ഉന്നതമായ തലത്തിലേക്ക് നയിക്കപ്പെടുകയും എന്റെ വൈയക്തികമായ അനുഭവങ്ങളിലൂടെ ബോധ്യമാവുകയും ചെയ്ത സംഗതി ദൈവം ഉണ്ട് എന്നാണ്.' (മൽഫൂസാത്ത്, വാ3, പേ. 16)

യുക്തിപരമായ അന്വേഷണം വികലവും അപൂർണവും സംശയഗ്രസ്തവുമാണ്. ഒരു തത്ത്വശാസ്ത്രജ്ഞന് യുക്തിയിലൂടെ മാത്രം ദൈവത്തെ തിരിച്ചറിയാൻ സാധ്യമല്ല. മിക്ക ആളുകളും ദൈവത്തിന്റെ അസ്തിത്വം യുക്തിമാർഗത്തിലൂടെ നിർണയിക്കാൻ ശ്രമിക്കുന്നവരാണ്. അവസാനം അവർ നാസ്തികനായിത്തീരുകയും ചെയ്യുന്നു.13,14

ചുരുക്കത്തിൽ പരിണാമം എന്നത് അല്ലാഹുവിന്റെ നിയമമാണ്. മലക്കുകൾ അവസാനത്തെ കണ്ണിയായുള്ള ദൈവത്തിന്റെ മറ്റുനിയമങ്ങൾ പോലെയുള്ള ഒരു നിയമം. സൃഷ്ടിവാദം, ഇന്റലിജന്റ് ഡിസൈൻ, ഡാർവീനിയൻ പരിണാമവാദം എന്നിവക്കൊന്നും തന്നെ പരിണാമത്തിന്റെ ഭൗതികവും ആത്മീയവുമായ അടിസ്ഥാനം പൂർണമായും വിശദീകരിക്കാൻ സാധ്യമല്ല. നമ്മെ സംബന്ധിച്ചിടത്തോളം പരിണാമ സങ്കൽപ്പം വിശുദ്ധ ഖുർആനിൽ മനോഹരമായി വിശദീകരിക്കപ്പെട്ടിരിക്കുന്നു.

## Reference

1. Mirza Ghulam Ahamd of Qadian. Essence of Islam 2004.page 158, 2. H Mirza thhir ahmad revelation Hadrath rationality knowledge and truth p.340, 3.Mirza thhir ahmad revelation Hadrath rationality knowledge and truth p.491, 4. http//www. alislam.org/urudu/au/AU5-17pdf#page=28,5.http// www.alislam.org/urudu/au/AU5-17pdf#page=36, 6. http//www.alislam.org/urudu/au/AU5-17pdf#page=37, 7.Hadrath http//www.alislam.org/urudu/au/AU5-17pdf#page=44, 8. http//www. alislam. org/ urudu/au/AU5-17pdf#page=57, 9.http//www.alislam.org/urudu/au/AU5-17pdf#page=2.pdf, 10.Hadrath Mirza Ghulam Ahamd of Qadian. Essence of Islam 2004.page 158, 11. Hadrath Mirza Ghulam Ahamd of Qadian. Essence of Islam 2004.page 158, 12. Hadrath Mirza Ghulam Ahamd of Qadian. Essence of Islam 2004.page 158, 13. adrath MirzaGhulam Ahamd of Qadian. Roohani khazaen 2004.page 158, 14. http/www.alislam.org/urudu/au/AU5-17pdf#page=120 ■



# കുടിയേറ്റവും സാമൂഹിക ഉദ്ഗ്രഥനവും

നസീർ അഹ്മദ് ഖമർ – ലണ്ടൻ

കുടിയേറ്റക്കാരായ ജനതകൾ തദ്ദേശീയ സമൂഹത്തിൽ ഉദ്ഗ്രഥനത്തിന് വിധേയമാകാതെ നിൽക്കുന്ന പ്രശ്നങ്ങളിലേക്ക് വിരൽചൂണ്ടുകയാണ് ലേഖകൻ. ഇന്ന് യൂറോപ്യൻ രാജ്യങ്ങളിൽ വർധിച്ചുവരുന്ന മതപരവും സാംസ്കാരികവും വംശീയവുമായ സംഘർഷങ്ങൾ കുടിയേറ്റങ്ങളും ഉദ്ഗ്രഥനവുമായി ബന്ധപ്പെട്ടതാണ്. ഈ പ്രശ്നം ഇസ്‌ലാമികമായ വീക്ഷണകോണിൽ എങ്ങനെ പരിഹരിക്കപ്പെടുന്നു എന്ന് ഈ ലേഖനം വിലയിരുത്തുന്നു. ലണ്ടനിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന 'അൽഫസൽ ഇന്റർനാഷണലി'ന്റെ എഡിറ്ററാണ് ലേഖകൻ.

**ബ്രി**ട്ടനിലും ഇതരയൂറോപ്യൻ രാജ്യങ്ങളിലും ഏറ്റവും ശ്രദ്ധേയവും അതേസമയം ഏറ്റവും വൈകാരികവുമായ പ്രശ്നം തദ്ദേശീയസമൂഹവുമായി കുടിയേറ്റക്കാരും അഭയാർഥികളുമായ ജനതകളുടെ ഉദ്ഗ്രഥനമാണ്. ചില സ്ഥലങ്ങളിൽ ഈ പ്രശ്നം ഒരു പ്രതിസന്ധിയായി മാറിയിരിക്കുന്നു. ഇത്തരം സാഹചര്യങ്ങളുടെ ഫലമായി അത് സമൂഹത്തിൽ സംഘർഷവും കലാപങ്ങളും സൃഷ്ടിക്കുന്നു. പല സ്ഥലങ്ങളിലും ഈ സംഘർഷങ്ങൾ സൃഷ്ടിക്കുന്ന കുഴപ്പങ്ങൾ സമൂഹത്തിൽ അഗാധമായ ഒരു അരാജകാവസ്ഥ സൃഷ്ടിക്കുകയും ഭരണകൂടങ്ങളെ ആശങ്കപ്പെടുത്തുകയും ചെയ്യുന്നു. ഈയൊരു അവസ്ഥ സമൂഹത്തിന് ഭീഷണിയാണ്. കുടിയേറ്റക്കാരുടെയും അഭയാർഥികളുടെയും ഈ പ്രശ്നത്തെ ഫലപ്രദമായി അഭിമുഖീകരിച്ചില്ലെങ്കിൽ അതിന്റെ നിയന്ത്രണം പൂർണമായും കൈവിട്ടുപോകുകയും അത് വംശീയവും ദേശീയവുമായ പ്രസ്ഥാനങ്ങൾ ശക്തിപ്രാപിക്കാൻ കാരണമാവുകയും ചെയ്യും. അത് പിന്നീട് സാമൂഹികക്രമത്തിന്റെയും സമാധാന ജീവിതത്തിന്റെയും സമ്പൂർണ്ണ തകർച്ചയിലേക്ക് വഴിതുറക്കും.

കുടിയേറ്റക്കാരുടേയും അഭയാർത്ഥികളുടേയും പ്രശ്നങ്ങളോടനുബന്ധിച്ചുള്ള കടുത്തതും പ്രതിലോമപരവുമായ നയങ്ങളുമായി ദേശീയപ്രസ്ഥാനങ്ങളും രാഷ്ട്രീയപാർട്ടികളും ആസ്ത്രേലിയ, ജർമനി, ഫ്രാൻസ്, ഹോളണ്ട്, ബ്രിട്ടൻ എന്നീ രാജ്യങ്ങളിൽ ശക്തി പ്രാപിക്കുകയാണ്. വിവിധ ഭാഷകളും സംസ്കാരവും മതവും വെച്ചുപുലർത്തുന്ന വിവിധ രാജ്യങ്ങളിൽ നിന്നുള്ള കുടിയേറ്റക്കാരും അഭയാർഥികളും അവർ കുടിയേറിയിരിക്കുന്ന രാജ്യത്തെ തദ്ദേശീയമായ സംസ്കാരം സ്വീകരിക്കാൻ നിയമം നിർമിക്കണമെന്ന ആവശ്യവുമായി ചില രാഷ്ട്രീയക്കാർ രംഗത്തെത്തിയിട്ടുണ്ട്. ഈ രാജ്യങ്ങളിലെ കുടിയേറ്റക്കാരുടെ ഗണ്യമായ സാന്നിധ്യംകൊണ്ടും അവരുടെ സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാധീനം കൊണ്ടുമാണ് ആ രാജ്യങ്ങളിൽ നിന്ന് ഇപ്രകാരമുള്ള ആവശ്യങ്ങൾ ഉയർന്നുവരുന്നത്. അത്തരം നിർദേശങ്ങളുടെ അപകടങ്ങളെ സംബന്ധിച്ച് രാഷ്ട്രീയക്കാർ ബോധവാന്മാരാണ്. അതുകൊണ്ട് ഉത്തരവാദിത്വമുള്ള മുഖ്യ രാഷ്ട്രീയ കക്ഷികൾ അത്തരം നിർദേശങ്ങൾ ഉന്നയിച്ച് കുഴപ്പത്തിൽപെടാൻ ഉദ്ദേശിക്കുന്നില്ല.

ഈ വിഷയങ്ങളിൽ ആളുകൾ അധികവും തീവ്രവാദ നിലപാടുകളിലേക്ക് ചായുന്നവരാണ്. യൂറോപ്പിൽ കുടിയേറിയിട്ടുള്ള വലിയൊരു വിഭാഗം ജനത – അവരുടെ ഭാഷയും സംസ്കാരവും പാരമ്പര്യവും വളരെ ഗാഢമായി മുറുകെപിടിക്കുന്നവരാണ്. അവർ തങ്ങൾ ജീവിക്കുന്ന സമൂഹത്തിലെ പ്രാദേശിക ഭാഷ പഠിക്കാനോ നിരുപദ്രവമായ പ്രാദേശിക ആചാരങ്ങൾ പാലിക്കാനോ തയ്യാറാകുന്നില്ല. അതേസമയം തദ്ദേശീയരായ ജനതയുടെ തീവ്രവാദം മറ്റൊരുവിധത്തിലാണ്. കുടിയേറ്റക്കാർ അവരുടെ ഭാഷയും സംസ്കാരവും ഉപേക്ഷിച്ച് പൂർണമായും തദ്ദേശീയ സംസ്കാരത്തിൽ അലിഞ്ഞുചേരണമെന്ന് അവർ ശഠിക്കുന്നു. അപ്രകാരം കുടിയേറ്റക്കാരുടെ മതപരവും സാംസ്കാരികവും ധാർമികവുമായ മുഴുവൻ ചിഹ്നങ്ങളും വ്യതിരിക്തതകളും മായ്ച്ചുകളയണമെന്നാണ് അവരുടെ ആവശ്യം.

ഇത്തരം വിഷയങ്ങളിൽ രാഷ്ട്രീയക്കാർ അവരുടെ തുറന്ന അഭിപ്രായം സാധാരണഗതിയിൽ പറയാറില്ല. എങ്കിലും അവരുടെ രാഷ്ട്രീയ പദകോശങ്ങളിൽ നിന്നു ഇത്തരം വിഷയങ്ങൾ വായിച്ചെടുക്കാൻ വലിയ വിഷമമൊന്നുമില്ല. അവർ 'സംസ്കാരങ്ങളുടെ സംഘട്ടനം' (Clashes of Civilisation) എന്ന് പറ



യുമ്പോൾ പ്രാഥമികമായും അവർ വ്യക്തമാക്കുന്നത് പാശ്ചാത്യനാടുകളിൽ കുടിയേറിയിട്ടുള്ള മുസ്‌ലിംകളുടെ സംസ്കാരവും സമകാലീന പാശ്ചാത്യ സംസ്കാരവും തമ്മിൽ ഒത്തൊരുമിച്ചു പോകാൻ സാധ്യമല്ല എന്നുതന്നെയാണ്. ഈയടുത്തകാലത്ത് ഹോളണ്ടിലെ വലതുപക്ഷ രാഷ്ട്രീയകക്ഷിയുടെ പിം ഫോർട്ട്യൂയിൻ എന്ന ഒരു നേതാവ് പറഞ്ഞത് ഇപ്രകാരമാണ്: "ഏറ്റവും വലിയ പ്രശ്നം ഇസ്‌ലാമിക കാർഷികരാജ്യങ്ങളിൽ നിന്ന് കുടിയേറിയ ജനങ്ങളുടെ സംസ്കാരവുമായി ഒത്തുപോകലാണ്. ആധുനികതയുടെ അകക്കാമ്പിലെ നമ്മുടെ മൂല്യങ്ങളുമായി അവർ ഒരിക്കലും ഒത്തുപോകുന്നില്ല. സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധങ്ങളെ പറ്റിയും വ്യക്തികളുടെ ഉത്തരവാദിത്വത്തെ സംബന്ധിച്ചും തികച്ചും മറ്റൊരു രീതിയിലാണ് അവർ ചിന്തിക്കുന്നത്" (The Sunday Times, 5 May 2002 P. 2)

ബ്രിട്ടന്റെ യൂറോപ്യൻ കാര്യമന്ത്രി പീറ്റർ ഹെയ്ൻ ബ്രിട്ടനിലെ കുടിയേറ്റക്കാരായ മുസ്‌ലിംകളും അവർ ഉയർത്തുന്ന കലാപസാധ്യതയും വംശീയ വ്യത്യാസത്തിൽ നിന്നുണ്ടാകുന്ന സംഘർഷത്തേക്കാൾ മാരകമാണ് എന്ന് പറയുകയുണ്ടായി. സൺഡേ ടൈംസിൽ നിക്കോളസ് റൂഫോർഡുമായി നടത്തിയ ഒരു ഇന്റർവ്യൂവിലാണ് പീറ്റർ ഹെയ്ൻ ഇത് പറഞ്ഞത്. ബ്രിട്ടനിലെ അഭയാർഥികളായെത്തുന്ന ആളുകളുടെ വർധനവിൽ അദ്ദേഹം ഉത്കണ്ഠ പ്രകടിപ്പിക്കുകയും ചെയ്തു. അഭയാർഥികളിൽ പലരും മുസ്‌ലിം രാജ്യങ്ങളിൽ നിന്നുള്ളവരാണെന്നും അവരാകട്ടെ ബ്രിട്ടീഷ് സംസ്കാരം സ്വീകരിക്കാൻ വിമുഖരാണെന്നും അദ്ദേഹം പറഞ്ഞു. ഈ പ്രശ്നം ശ്രദ്ധിച്ചില്ലെങ്കിൽ അവസാനം വലിയ കുഴപ്പത്തിലേക്കായിരിക്കും അത് ചെന്നെത്തുക എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇപ്പോൾ ഇസ്‌ലാം ഒരു വംശീയ സംഘർഷമുണ്ടാക്കുന്നതിനേക്കാൾ വലിയ ഘടകമാണ്. നാം അത് കൂടിയാലോചിച്ചുകൊണ്ട് പരിഹരിക്കേണ്ടിയിരിക്കുന്നു എന്നും ഹെയ്ൻ പറഞ്ഞു. പിം ഫോർട്ട്യൂയിൻ പറയുന്നത് പോലെ, അത് മുസ്‌ലിംകളെ മാത്രം ലക്ഷ്യം വെച്ച് കൊണ്ടായിരിക്കരുത്. ഇവിടെ മുസ്‌ലിംകൾ സ്വാഗതം ചെയ്യപ്പെടണം. അതേസമയം അവർ നമ്മുടെ സംസ്കാരത്തെ സമ്പന്നമാക്കുകയും നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി വർത്തിക്കുകയും ചെയ്യണമെന്ന വ്യക്തമായ സന്ദേശവും അവർക്ക് നൽകപ്പെടണമെന്നും ഹെയ്ൻ പറഞ്ഞു.

മുസ്‌ലിം അഭയാർഥികൾ അവരുടെ സ്വഭാവത്തിലും ആചാരത്തിലും ഒറ്റതിരിഞ്ഞു നിൽക്കാനുള്ള പ്രവണത കാണിക്കുന്നവരാണ്. അത്തരം സമീപനം അവസാനം പ്രശ്നങ്ങളിലായിരിക്കും കലാശിക്കുക. ഇപ്പോഴത്തെ മുസ്‌ലിംകളുടെ അവസ്ഥ തീവ്രവാദികൾക്ക് ചൂഷണം ചെയ്യാൻ പാകത്തിലുള്ളതാണ്. മതഭീകരർക്കോ അല്ലെങ്കിൽ വംശീയവാദികൾക്കോ അവരെ ഇപ്പോൾ ചൂഷണം ചെയ്യാവുന്നതാണ്. അവരെ ദേശീയോദ്ഗ്രഥനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ നാം മുസ്‌ലിംകളോടൊത്ത് പ്രവർത്തിക്കണം. (Sunday Times 5 May 2002).

അതേ ലക്കം സൺഡേ ടൈംസിൽ തന്നെ 'An Honest Warning' എന്ന ലേഖനത്തിൽ ഇങ്ങനെ കാണാം.

അപകടത്തെപറ്റിയുള്ള പീറ്റർ ഹെയ്ന്റെ താക്കീത് വളരെ ശരിയാണ്. ചില ബ്രിട്ടീഷ് മുസ്‌ലിംകളുടെ നിലപാട് അവരുടെ സമൂഹത്തിന്റെ താല്പര്യങ്ങൾക്കെതിരായിട്ടുള്ളത് പോലെ തന്നെ ദേശീയതാൽപര്യത്തിനുമെതിരാണ്. കുറ്റമറ്റ വംശീയ വിരുദ്ധ നിലപാടുകളുള്ളയാളാണ് പീറ്റർ ഹെയ്ൻ. സാംസ്കാരിക മുഖ്യധാരയിൽ നിന്ന് മുസ്‌ലിം ഒറ്റപ്പെടലിനെപറ്റിയുള്ള അദ്ദേഹത്തിന്റെ ഈ അഭിപ്രായത്തിൽ വളരെയേറെ കാര്യങ്ങളടങ്ങിയിട്ടുണ്ട്. ബ്രിട്ടൻ ഒരു പറുദീസയായിക്കാണുകയും അതേസമയം ബ്രിട്ടീഷ് ജീവി

തരീതി അവലംബിക്കാതെ ഒറ്റതിരിഞ്ഞു നിൽക്കുകയും ചെയ്യുന്നു. ഇസ്‌ലാമിക അഭയാർഥികളെ സംബന്ധിച്ച് യൂറോപ്യൻ കാര്യമന്ത്രി എന്ന നിലയിൽ അദ്ദേഹം നടത്തിയ പരാമർശങ്ങൾക്ക് ഇരട്ടി പ്രാധാന്യമുണ്ട്. ഈ മുസ്‌ലിം അഭയാർഥികൾ ഇംഗ്ലീഷ് പഠിക്കാൻ കൂടി കൂട്ടാക്കുന്നില്ല.

ഈ സാംസ്കാരിക ഗട്ടോകൾ (ചേരി) വംശീയ ബന്ധങ്ങളിൽ മറ്റെന്നെത്തേക്കാളുമുപരി അപകടം പിടിച്ചതായി തീർന്നിരിക്കുന്നു.

ഇതിനു മുമ്പൊരിക്കലും ഉണ്ടായിരുന്നിട്ടില്ലാത്ത രീതിയിലാണ് അവർ ഇപ്പോൾ സ്വയം ഒറ്റതിരിഞ്ഞു നിൽക്കുന്നത്. ഇങ്ങനെ ഒറ്റതിരിഞ്ഞുനിൽക്കുന്നത് ഫ്രാൻസിലും ഹോളണ്ടിലും സംഭവിച്ചത്പോലെ ഭൂരിപക്ഷസമൂഹവുമായി കലാപങ്ങൾ ക്ഷണിച്ചുവരുത്തുമെന്ന് വിവേകബുദ്ധിയുള്ള അവരുടെ വളരെയേറെ മതസഹോദരന്മാർക്കറിയാം. എന്നിട്ടുകൂടി അവർ ഒറ്റ തിരിഞ്ഞു നിൽക്കുന്നു.

ബ്രിട്ടൻ അവരുടെ ഒരുപാട് സാംസ്കാരിക സ്വാധീനങ്ങൾ സ്വാംശീകരിക്കുകയും വളരെയേറെ സമ്പന്നമാവുകയും ചെയ്തിട്ടുണ്ട്. മുസ്‌ലിം തീവ്രവാദികളുടെ അസഹിഷ്ണുതയാണ് പ്രശ്നം.അതിന്റെ പരിഹാരം വളരെ വ്യക്തമാണ്. അവർ നമ്മുടെ രാഷ്ട്രീയ സംസ്കാരം ഉൾക്കൊള്ളണം. നമ്മുടെ മതമല്ല ഉൾക്കൊള്ളേണ്ടത്. അതാണ് അവർക്ക് ബ്രിട്ടനിൽ വിജയിക്കാനും ദീർഘകാലം സന്തോഷത്തോടെ നമ്മോടൊപ്പം ജീവിക്കാനുമുള്ള ഉത്തമമാർഗം. (The Sunday Times 12, May - 2002)

ചില വിഡ്ഢികളും മതഭ്രാന്തരുമായ പണ്ഡിതന്മാരുടെ സ്വാധീനത്തിൽപെട്ട പല മുസ്‌ലിംകളും പാശ്ചാത്യ രാജ്യങ്ങളോടും അമുസ്‌ലിംകളോടും മുൻവിധിയോടെ അയുക്തികമായ നിലപാട് വെച്ച് പുലർത്തുന്നു എന്നത് ഒരു യാഥാർഥ്യമാണ്. അവരുടെ ഹീനത്വവും സങ്കുചിതത്വവും സാംസ്കാരികപാരമ്പര്യവും പിന്നോക്ക ജീവിതനിലവാരവും കാലഹരണപ്പെട്ട വീക്ഷണങ്ങളും മുൻവിധികളും അവരുടെ ഇസ്‌ലാം മതവിശ്വാസത്തെ കുപ്രസിദ്ധമാക്കിയിരിക്കുന്നു. അവരുടെ ഈ സമീപനത്തിന് വിശുദ്ധ പ്രവാചകരുടെ (സ) അധ്യാപനങ്ങളുമായി യാതൊരു ബന്ധവുമില്ല. വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ തന്റെ വിശുദ്ധജീവിതം മുഖേന പ്രാവർത്തികമാക്കിയ റസൂൽ തിരുമേനി(സ)യാണ് ഇസ്‌ലാം ലോകത്തിന് സമർപ്പിച്ചത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഇസ്‌ലാമിനെ കുറ്റപ്പെടുത്തുന്നതിൽ യാതൊരു അർഥവുമില്ല.

## ബുദ്ധിപരമായ ഇസ്‌ലാമികാദ്ധ്യാപനങ്ങൾ

ഇസ്‌ലാം ഒരു ആഗോളമതമാണ്. എല്ലാ മതങ്ങളിലും വെച്ച് ഏറ്റവും വിശാലഹൃദയത്വമുള്ളതും വിവേകവും യുക്തിപരതയും പ്രദർശിപ്പിക്കുന്ന മതം കൂടിയാണ് ഇസ്‌ലാം. ഇതാണ് സത്യം. അതിന്റെ അദ്ധ്യാപനങ്ങൾ സാർവജനീനമാണ്. അതൊരിക്കലും ഒരു ദേശീയ ജനവിഭാഗത്തോടോ ഒരു സംസ്കാരത്തോടോ ഒരു ദേശത്തോടോ മാത്രം പ്രതിബദ്ധതയുള്ളതല്ല. യഥാർഥത്തിലുള്ള മാനവസമത്വവും മനുഷ്യത്വവും കേവലനീതിയും വിശ്വാസസ്വാതന്ത്ര്യവും ഉയർത്തിപ്പിടിക്കുന്നതിൽ ഏറ്റവും പ്രതിജ്ഞാബദ്ധമായ മതമാണ് ഇസ്‌ലാം. ഇസ്‌ലാം മതത്തിൽ വർഗ, വർണ, വംശപരമായ യാതൊരു വിവേചനത്തിനും ഇടമില്ല. അതുപോലെ സാമൂഹ്യനിലയുടെ അടിസ്ഥാനത്തിൽ യാതൊരു പക്ഷപാതിത്വങ്ങളുമില്ല. അതേപ്രകാരം ദേശത്തിന്റെയോ, മതത്തിന്റെയോ, ഭാഷയുടെയോ പേരിലുള്ള ക്രൂരതകളും പീഢനങ്ങളും ഉച്ചനീചത്വങ്ങളും ഇസ്‌ലാം പൂർണമായും നിരാകരിക്കുന്നു. വിശുദ്ധ ഖുർ ആനും റസൂൽ തിരുമേനി(സ)യുടെ അദ്ധ്യാപനങ്ങളും ഇത് സംബന്ധിച്ച് വിശദമായ നിർദേശങ്ങൾ നൽകുന്നു. അതിൽ അല്പം ചിലത് മാത്രമാണ് ഇവിടെ വിവരിക്കുന്നത്.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

*'വിശ്വസിച്ചവരെ, നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ! നിങ്ങൾ നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്'* (5:9)

*'നന്മ ചെയ്യുകയും സൂക്ഷ്മത പാലിക്കുകയും ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും ചെയ്യുന്നതിൽ (നിന്നും ഒഴിഞ്ഞുനിൽക്കുന്നതിനായി) അല്ലാഹുവിനെ നിങ്ങൾ നിങ്ങളുടെ ശപഥത്തിന് ഒരു ലക്ഷ്യമാക്കരുത്. അല്ലാഹു എല്ലാം കേൾക്കുന്നവനും എല്ലാം കാണുന്നവനുമാകുന്നു.'* (2:225)

*'മതം കാരണത്താൽ നിങ്ങളുമായി യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളുടെ ഭവനങ്ങളിൽ നിന്ന് നിങ്ങളെ ബഹിഷ്ക്കരിച്ചിട്ടില്ലാത്തവരുമായവരെ പറ്റി നിങ്ങളവർക്ക് നന്മ ചെയ്യുന്നതും അവരുമായി നീതിപൂർവം വർത്തിക്കുന്നതും അല്ലാഹു നിങ്ങളോട് വിരോധിക്കുന്നില്ല. തീർച്ചയായും നീതി പാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു'* (60:9)

*'അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടേയും വർണങ്ങളുടേയും വൈവിധ്യവും. തീർച്ചയായും അതിൽ അറിവുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.'* (30:23)

*'വിശ്വസിച്ചവരേ, ഒരു ജനം മറ്റൊരു ജനത്തെ പരിഹസിക്കരുത്. അവർ ഇവരെക്കാൾ ഉത്തമരായെന്നുവരാം. സ്ത്രീകൾ സ്ത്രീകളെയും പരിഹസിക്കരുത്. അവർ ഇവരെക്കാൾ ഉത്തമകളായെന്നുവരാം. നിങ്ങൾ നിങ്ങളുടെ സ്വന്തം ആളുകളെ അപകീർത്തിപ്പെടുത്തരുത്. നിങ്ങൾ പരസ്പരം ചീത്തപ്പേര് വിളിക്കയുമരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനുശേഷം അനുസരത്തിൽ നിന്ന് അകന്നുപോവുന്നത് ചീത്തപ്പേരിനു കാരണമാകുന്നതാണ്'* (49:12)

*'മനുഷ്യരെ, തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനുവേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാണ്.'* (49:14)

ഇസ്‌ലാം മതസ്ഥാപകനായ റസൂൽ തിരുമേനി(സ) തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ അർഥശങ്കക്കിടയില്ലാത്ത വിധം പറഞ്ഞു:

*'അല്ലയോ ജനങ്ങളെ നിങ്ങളുടെ ദൈവം ഏകനാണ്. നിങ്ങളുടെ പിതാവും ഏകനാണ്. ഓർക്കുക അറബിക്ക് അനറബിയേക്കാളോ അനറബിക്ക് അറബിയേക്കാളുമോ, വെളുത്തവന് കറുത്തവനേക്കാളുമോ കറുത്തവന് വെളുത്തവനേക്കാളുമോ യാതൊരു മേന്മയുമില്ല. ഭയഭക്തിയും സത്യസന്ധതയുമാണ് മേന്മയുടെ മാനദണ്ഡം'*

നീതിയുടെയും സത്യത്തിന്റെയും അടിസ്ഥാനത്തിൽ സമാധാനപൂർണ മായ ഒരു സമൂഹം സൃഷ്ടിക്കാനുള്ള തത്ത്വങ്ങൾ മാത്രം സമർപ്പിക്കുകയല്ല ഇസ്‌ലാം ചെയ്തത്. വിശുദ്ധ പ്രവാച കർ (സ) തന്റെ ജീവിതകാലത്ത് തന്നെ ഏറ്റവും മാതൃകാപരമായ ഒരു സമൂഹം സൃഷ്ടിച്ചു കാണിച്ചു. അറബികൾക്കിട യിലുണ്ടായിരുന്ന പ്രാദേശികമായ ഉച്ച നീചത്വങ്ങൾ മാത്രമല്ല ദരിദ്രനും ധനി കനും കറുത്തവനും വെളുത്തവനും തമ്മിൽ അക്കാലത്തുണ്ടായിരുന്ന അന്ത രങ്ങളും വിവിധ ഭാഷകൾ സംസാ രിക്കുന്നവർ തമ്മിലുള്ള വ്യത്യാസ ങ്ങളും വിവിധ സംസ്കാരങ്ങളിൽ നിന്നുള്ളവർ തമ്മിലുള്ള വൈജാത്യ ങ്ങളും എല്ലാം തന്നെ ഇസ്‌ലാമിക സമൂ ഹത്തിൽ ഏറ്റവും രമ്യമനോഹരമായി ഉദ്ഗ്രഥിക്കപ്പെട്ടു. മനുഷ്യന്റെ അന്തസ്സും മഹത്വവും ഉയർത്തിപ്പിടിക്കുന്ന പ്രത്യേ കിച്ചും അടിമകളുടേയും സ്ത്രീകളു ടേയും കുട്ടികളുടേയും പദവികളെ അങ്ങേയറ്റം ഉയർത്തിയ ഒരു സമൂഹം നിലവിൽ വരികയുണ്ടായി.

സാമൂഹിക ഉദ്ഗ്രഥനത്തിന്റെ ഒരു പ്രശ്നം വളരെ വിശദമായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) വിശകലനം ചെയ്യുകയു ണ്ടായിട്ടുണ്ട്. ഈ വിഷയം യാഥാർഥ്യ ബോധത്തോടെ നിരവധി ചോദ്യോത്ത രസദസ്സുകളിൽ അദ്ദേഹം വിശദീകരിച്ചി ട്ടുള്ളതുമാണ്. വിവിധങ്ങളായ സാമൂഹ്യ ഗ്രൂപ്പുകളെ ഇസ്‌ലാമിന്റെ സുവർണ തത്ത്വങ്ങളിലൂടെ ഉദ്ഗ്രഥിക്കാമെന്ന് അദ്ദേഹം ഉദാഹരണങ്ങളിലൂടെ വ്യക്ത മാക്കി.

1996 ഒക്ടോബർ 12നു നടന്ന നോർവേ അഹ്മദിയ്യാ വാർഷിക സമ്മേ ളനത്തിൽ അദ്ദേഹം ഈ വിഷയത്തെ പ്പറ്റി വിശദമായി പ്രതിപാദിക്കുകയുണ്ടാ യി.

വേറിട്ടുകൊണ്ടുള്ള ഈ വികാരം മുളപൊട്ടുന്നതും താങ്ങിനിർത്തുന്നതും ഭാഷാപരമായ വ്യത്യാസമാണെന്നുള്ളത് ഒരു പച്ചപരമാർഥമാണ്. ഒരു വിദേശരാ ജ്യത്ത് കുടിയേറി അവിടെ അധിവാസ മുറപ്പിച്ച സമൂഹം ഭാഷാപരമായ ഒരു വേലിക്കുള്ളിൽ അവർ കുടിയേറിയ രാ ജ്യത്ത് വിദേശികളായി കഴിയുന്നു. അവർ ആ രാജ്യത്ത് നൂറ്റാണ്ടുകളായി അധിവസിച്ചു വരുന്നവരും ആ രാജ്യത്ത് നിയമപരമായ പൗരത്വം നേടിയവരുമാ ണുതാനും. അമേരിക്കയിലും ബ്രിട്ടനിലു മുള്ള 'ചൈനാ ടൗൺ' ഇതിനുദാഹരണ മാണ്. അതുപോലെ അവിടെ ചില ഇറ്റാ ലിയൻ ജില്ലകളുമുണ്ട്. അങ്ങനെ പുറം ലോകത്തിനും അവർക്കുമിടയിൽ അവർ സ്വയം ചുറ്റുമതിൽ കെട്ടുന്നു. എത്രത്തോളമെന്നാൽ അമേരിക്കയിലെ ചൈനാ ടൗണിൽ ഒരു അമേരിക്കക്കാ രൻ കടന്നുചെന്നാൽ അയാൾ ചൈന യിലെത്തിയ അനുഭവമാണുണ്ടാകുക. അവിടെ അയാൾക്ക് അമേരിക്കയിലാണ് താൻ നിൽക്കുന്നതെന്ന് തോന്നുകയില്ല. അമേരിക്കയിലെ ഈ ചൈനാ ടൗണിനു പുറത്ത് കറങ്ങുന്ന ചൈനക്കാരൻ അമേ രിക്കയിൽ ഒരു വിദേശിയായിട്ടാണ് കാണപ്പെടുക. ഇങ്ങനെ സാംസ്കാരിക മായും ഭാഷാപരവുമായ അതിർത്തിക ളിൽ ഉയർത്തുന്ന വേലിക്കെട്ടുകൾ അനിവാര്യമായ വിഷമങ്ങളാണ് സമൂഹ ത്തിൽ സൃഷ്ടിക്കുന്നത്. അത് സമൂഹ ങ്ങളെ ഒറ്റപ്പെടുത്തുകയും ചെയ്യും.

ഭാഷാപരമായ ഭിന്നത നിലനില്ക്കു കയാണെങ്കിൽ തീർച്ചയായും അത് രാജ്യത്ത് ഒറ്റപ്പെട്ട ദ്വീപുകൾ സമൂഹ ത്തിൽ സൃഷ്ടിക്കാൻ കാരണമാവും. ഈയൊരവസ്ഥ ആ രാജ്യത്ത് അവർക്കെതിരെ ഭീകരമായ ഒരു പ്രസ്ഥാനം ഉണ്ടാവാൻ സാധ്യതയുണ്ട്. അതേസമയം ഈ അവസ്ഥക്ക് വളരെ ഗുണകരമായ ഒരു വശം കൂടിയുണ്ട്. ഒരു രാജ്യത്തിന്റെ ധാർമികധീരത അനു വദിക്കുകയാണെങ്കിൽ തങ്ങളുടെ സാമ്പത്തിക അഭിവൃദ്ധിക്കുവേണ്ടി പല രാജ്യങ്ങളിൽ നിന്നുള്ള വിവിധ ജന ങ്ങളെ അവരുടെതായ പ്രദേശങ്ങളിൽ താമസിപ്പിക്കാവുന്നതാണ്. അവർക്ക് അവരുടെ സംസ്കാരം നിലനിർത്തി ക്കൊണ്ട് തന്നെ അവരുടെ ദേശീയ സംസ്കാരത്തിന്റെ മുദ്രകളുള്ള വസ്തു ക്കൾ വിറ്റഴിച്ചുകൊണ്ട് അവിടെ ജീവി ക്കുകയും ചെയ്യാം. അത് ഒരു രാജ്യ ത്തിന് മനോഹരമായ ഒരു വർണശബ ളിമയുടെ മാനം നൽകുമെന്ന് മാത്രമല്ല അത് ധാരാളം സാമ്പത്തിക നേട്ടങ്ങൾ ആ രാജ്യത്തിന്ന് സമ്മാനിക്കുകയും ചെയ്യും. യൂറോപ്പിലും അമേരിക്കയിലു മുള്ള ചൈനാമാർക്കറ്റുകൾ പോലെ ഇങ്ങനെ വ്യത്യസ്തമായ സംസ്കാര ങ്ങളെ നാം ഉൾക്കൊള്ളുമ്പോൾ ആ ദേശത്ത് ഗുണപരമായ നല്ല വശങ്ങൾ സംജാതമാവുന്നു. ഈ വിഷയങ്ങളെ സംബന്ധിച്ച് നാം ഗാഢമായി ചിന്തിച്ച് കാര്യങ്ങൾ സപഷ്ടമായി മനസ്സിലാക്കേ ണ്ടിയിരിക്കുന്നു.

## ബലം പ്രയോഗിച്ചുകൊണ്ടുള്ള ഉദ്ഗ്രഥനം

വിവിധ സാംസ്കാരിക പശ്ചാത്തല മുള്ള ആളുകളെ നിയമത്തിന്റെ ബലം പ്രയോഗിച്ചുകൊണ്ട് ഒരൊറ്റ സമൂഹമാക്കിമാറ്റുകയെന്നത് അങ്ങേയ റ്റത്തെ തെറ്റാണ് എന്നാണ് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് പറയുന്നത്. അദ്ദേഹം പറയുന്നു.

'വർണ്ണശബളിമയാർന്ന ഒരു കൂട്ടം വ്യത്യസ്ത പുഷ്പങ്ങളെ ഒരു മാന്ത്രിക വിദ്യയിൽ ഒരേതരം പുഷ്പ ങ്ങളാക്കി മാറ്റുന്നത് പോലെയുള്ള ഒരു പ്രവൃത്തി യാണിത്. വിവിധ സമൂഹങ്ങളിലെ, സാമൂഹിക വ്യവസ്ഥകളും സാമൂഹിക പരിണാമങ്ങളുമായി വരുന്ന ഓരോ നവാഗതസമൂഹവും വിവിധങ്ങളായ വർണങ്ങളും ഗന്ധങ്ങളും കൊണ്ടാണ് വരുന്നത് എന്ന് നാം മനസ്സിലാക്കണം. ഇത് എല്ലാ രാജ്യങ്ങളിലും എല്ലാ ഭാഗത്തും സംഭവിക്കുന്നു. പുറമെ നിന്നുള്ള സമൂഹങ്ങളുടെ പ്രത്യേകത കളും വ്യതിരിക്തതകളും ഇല്ലാതാക്കി സമൂഹത്തെ ഒരു ഹാരത്തിലെ ഒരേ പൂക്കളാക്കി മാറ്റുന്നത് ശരിയായ രീതി യല്ല. ആ പൂക്കൾ റോസോ മുല്ലയോ അല്ലെങ്കിൽ മറ്റ് പൂവോ എന്തെങ്കിലുമാ കട്ടെ ഒറ്റത്തരം പൂക്കളാക്കി മാറ്റാൻ പാടില്ല. ഇത്തരം പ്രവണതകൾ പ്രകൃതി യിലെ സാമൂഹിക പരിണാമരീതിക്കെതി രാണ്. ഇത്തരം പ്രവർത്തനങ്ങളിൽ നിന്ന് ജനതകൾക്ക് യാതൊരു നന്മയും ലഭിക്കില്ല.

## അതാത് രാജ്യത്തെ നിയമങ്ങളെ ആദരിക്കുക

അദ്ദേഹം തുടർന്നു:

ഒരു രാജ്യത്തെ നിയമങ്ങളെ അനു സരിക്കുക എന്നത് മറ്റൊരു കാര്യമാണ്. ഏതെങ്കിലും ഒരു പുതിയ രാജ്യത്ത് കുടി യേറുന്നവർ നേരത്തേ ഞാൻ പറഞ്ഞത് പോലെ അവർ അവരുടെ പ്രത്യേക രീതിയിലുള്ള സാംസ്കാരിക പശ്ചാത്ത ലത്തിൽ നിന്നുള്ളവരോ പ്രത്യേക ഭാഷ സംസാരിക്കുന്നവരോ ആകാം. അവർക്ക് തങ്ങൾ കുടിയേറിയ രാജ്യത്തെ നിയമങ്ങളെ അനാദരിക്കാൻ യാതൊരവകാശവുമില്ല. ഇങ്ങനെ തങ്ങ ളുടെ രാജ്യത്തിന്റെ നിയമം അവമതിക്ക പ്പെടുന്നത് ലോകത്തിലെ ഒരു രാജ്യവും സഹിക്കില്ല. അതുകൊണ്ട് ഈ രാജ്യത്തെ എല്ലാ വിദേശികളും പ്രത്യേ കിച്ച് അഹ്മദികൾ ഉത്തമവിശ്വാസ ത്തോടെ ഈ രാജ്യത്തെ നിയമങ്ങൾ അനുസരിക്കണം. അഹ്മദികളെ സംബ ന്ധിച്ചിടത്തോളം ഒരു കാര്യം ഓർക്കേ ണ്ടതുണ്ട്. അവരുടെ സ്വന്തം രാജ്യം ബഹിഷ്കൃതരാക്കിയവരാണവർ. ഈ നാടാണ് അവരെ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് അവർ ഈ രാജ്യത്തെ

നിയമം അനുസരിക്കുക മാത്രമല്ല അതിന് പൂർണ പിന്തുണ പ്രഖ്യാപിച്ചു കൊണ്ട് നിയമരാഹിത്യത്തിന്റെ അവസ്ഥ സംജാതമാവാതിരിക്കാൻ കഴിയുന്നതെല്ലാം ചെയ്യണം. ഈ രാജ്യത്ത് സാമൂഹിക ഉദ്ഗ്രഥനവും വികസനവും സാധ്യമാകുന്ന പദ്ധതികളിലും പ്രവർത്തനങ്ങളിലും വിദേശയുവാക്കൾ മുന്നിട്ടിറങ്ങേണ്ടതുണ്ട്. അത്തരം പദ്ധതികളിലും പ്രവർത്തനങ്ങളിലും പൂർണ തോതിൽ അധികൃതരുമായി സഹകരിക്കേണ്ടത് അഹ്മദി യുവാക്കളുടെ കടമയാണ്. മറ്റൊരു വീക്ഷണകോണിലും ഇത് ശരിയാണ്. ഒരു സമൂഹം ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിൽ പരാജയപ്പെടുകയാണെങ്കിൽ ആ രാജ്യത്തെ ബുദ്ധിജീവികളും നയരൂപീകരണവിദഗ്ധരും ആ വൈദേശികസമൂഹത്തിനെതിരെ തെറ്റായ തീരുമാനങ്ങളിലെത്തിപ്പെടും. തദ്ദേശീയ ഭരണകൂടവുമായുള്ള സഹകരണവും കൂട്ടായ്മയുമില്ലെങ്കിൽ വൈദേശികസമൂഹത്തിന്റെ നിലപാടുകൾ പൂർണമായും ഭരണകൂടങ്ങൾക്ക് മനസ്സിലായെന്ന് വരില്ല. കുടിയേറ്റക്കാരായ അത്തരം സമൂഹങ്ങളിലെ യുവാക്കളുടെ പ്രതിലോമപരമായ സമീപനഫലമായി അവരുടെ നിലപാട് അവർക്ക് തന്നെ ഉചിതമല്ല എന്ന് അവസാനം അവർക്ക് മനസ്സിലാവും. അതുകൊണ്ട് സഹകരണം എന്നത് ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ വയോധികരും യുവാക്കളും സ്ത്രീകളും കുട്ടികളുമെല്ലാം തദ്ദേശീയ സമൂഹത്തെ സേവിക്കുന്നതിലും അവരുമായി സഹകരിച്ചു മുന്നോട്ടുപോകുന്നതിലും പരമ പ്രാധാന്യം കൊടുക്കണം.

## ഭാഷാപരമായ തടസ്സം

ഭാഷകളെപറ്റി പറയുമ്പോൾ ഞാൻ അഹ്മദിയ്യാ സമൂഹത്തെ ഉപദേശിക്കാറ് ഒരു സമൂഹത്തിനും തന്നെ തങ്ങളുടെ ഭാഷയുടെ വേലിക്കെട്ടിനുള്ളിൽ മാത്രം ജീവിക്കാൻ അവകാശമില്ല എന്നാണ്. മറ്റുള്ളവരുടെ ഭാഷ പഠിക്കാതെ തങ്ങൾക്കായി മാത്രം ഒരു വലയം തീർത്ത് ഒറ്റപ്പെട്ടുനിൽക്കുന്നത് നൈതികമായി ന്യായീകരിക്കാൻ സാധ്യമല്ല. ഒരാളുടെ സംസാരഭാഷ സജീവമായി നിലനിർത്തുക എന്നത് തീർച്ചയായും ന്യായം *തന്നെ. ഒരാളുടെ ഭാഷയിൽ കൂടിയാണ് സാംസ്കാരികമൂല്യങ്ങൾ സജീവമായി നിലനിർത്താൻ സാധിക്കുന്നത്. എന്നിരുന്നാലും ഒരു രാജ്യത്തെ തദ്ദേശീയസമൂഹവുമായി യാതൊരു ആശയവിനിമയവുമില്ലാത്ത വിദേശിയെ പോലെ ബന്ധമറ്റനിലയിൽ നിൽക്കാൻ ഒരു സമൂഹത്തിനും അവകാശമില്ല. പിന്നീട് വമ്പിച്ച പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒരു നഷ്ടമാണിത്. വിദേശികളോട് വിദ്വേഷം പ്രചരിപ്പിക്കുന്ന യുവാക്കളുടെ ചില പ്രസ്ഥാനങ്ങൾ ഇവിടെ ചിലയിടങ്ങളിൽ കാണാം. അതെല്ലാം തന്നെ ഭാഷാപരമായ വ്യത്യാസങ്ങളിൽ നിന്ന് ഉടലെടുക്കുന്നതാണ്. അഹ്മദികളെയല്ല നാം ഉദ്ദേശിക്കുന്നത്. ഇവിടെ താമസിക്കുന്ന മറ്റു ചിലയാളുകളുണ്ട്. വർഷങ്ങളോളമായി അവർ ഇവിടെ താമസിക്കുന്നു. പക്ഷേ ഇപ്പോഴും തങ്ങൾ സ്വയം തീർത്ത വേലിക്കെട്ടിൽ അവർ തങ്ങളുടെ പഞ്ചാബിഭാഷയുമായി കഴിയുന്നു. പരസ്പരബന്ധത്തിന് വേണ്ടി അവർക്ക് അതിനിസ്സാരമായ ജ്ഞാനം മാത്രമേ നോർവീജിയൻ ഭാഷയിലുള്ളൂ. അത് കൊണ്ട് അവർ ജീവസന്ധാരണം നടത്തിവരുന്നു. അവർക്ക് തൊഴിൽ നേടാനും ചരക്ക് വില്പന നടത്താനും കച്ചവടത്തിൽ വിലപേശാനും പാൽ കുടിക്കാനും റൊട്ടി തിന്നാനും അവർക്ക് അതുകൊണ്ട് സാധിക്കുന്നു. അവരുടെ ഈ ഭാഷാർജ്ജനം അതിനപ്പുറം പോകാറില്ല...*

*അഹ്മദിയ്യാ ജമാഅത്ത് ഒരു കേന്ദ്ര നേതാവിനാൽ അനുഗ്രഹീതമാണ്. ഒരു ആഗോള പ്രസ്ഥാനമാണ്. അത് നോർവേയിൽ മാത്രമുള്ളതല്ല. ഞാൻ ഇത്തരത്തിൽ ഭാഷാപഠനത്തിനും അന്യ സമൂഹങ്ങളുമായുള്ള സഹവർത്തിത്വത്തിനും ഒരു പദ്ധതി ആവിഷ്കരിച്ചാൽ അഹ് മദികൾ അതിനോട് സഹകരിക്കാതിരിക്കുക എന്ന പ്രശ്നം ഉദ്ഭവിക്കുന്നില്ല.*

## ആധുനികതയുടെ മൂല്യം

സാമൂഹികമായ ഉദ്ഗ്രഥനത്തെപറ്റി യൂറോപ്യൻ പണ്ഡിതന്മാർ പറയുമ്പോഴെല്ലാം 'ആധുനിക മൂല്യങ്ങൾ' എന്താണ് എന്ന് വ്യക്തമായി വിശദീകരിക്കുന്നതിൽ അവർ പരാജയപ്പെടുന്നു. ചില മുസ്‌ലിംകളോട് ഇതിനെപറ്റി ചോദിച്ചാൽ '*അവരാണ് (യൂറോപ്യന്മാർ) നമ്മുടെ സംസ് കാരം സ്വാംശീകരിക്കാത്തത്*' എന്നും പറയുന്നു. ഇതെന്താണ് അർഥമാക്കുന്നത്?

ഉദാഹരണത്തിന് മദ്യം കഴിക്കുന്നത് യൂറോപ്യൻ സംസ്കാരത്തിന്റെ ഭാഗമാണ്. എന്നാൽ മദ്യം കഴിക്കാതെ പ്രത്യക്ഷപ്പെടുന്നവൻ വിദേശിയായി കണക്കാക്കപ്പെടുമെന്നും അതുകൊണ്ട് നിർബന്ധമായും മദ്യം കഴിക്കണമെന്നും ഒരു നിയമം കൊണ്ടുവരുന്നത് അന്യായമാണ്. തീർച്ചയായും മദ്യപാനം കൂടിവരുന്നതിനെതിരെ യൂറോപ്പിൽ തന്നെ നിരവധി പ്രസ്ഥാനങ്ങൾ ഉയർന്നുവരുന്നുണ്ട്. വളരെ പ്രതിഭാശാലികളായ ആളുകളും സമൂഹത്തിന്റെ അഭ്യുദയകാംക്ഷികളും മദ്യപാനം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന അപകടങ്ങളേയും നഷ്ടങ്ങളെയും സംബന്ധിച്ചും ബോധവാന്മാരുമാണ്.

വർധിച്ചുവരുന്ന ഭൗതികത, ചൂതാട്ടം, സ്ത്രീപുരുഷന്മാരുടെ സ്വഛന്ദമായ കൂടിച്ചേരൽ, ലൈംഗികമായ സ്വാതന്ത്ര്യം, മയക്കുമരുന്ന്, സ്ത്രീകളുടേയും പുരുഷന്മാരുടേയും സ്വവർഗരതി, സ്ത്രീപുരുഷന്മാരുടെ വിവാഹേതര സഹജീവിതം, അർദ്ധനഗ്നരായികൊണ്ടുള്ള സ്ത്രീകളുടെ സൗന്ദര്യപ്രദർശനം, പരസ്യചുംബനം, വിനയമില്ലായ്മയും ലജ്ജയില്ലായ്മയും – ഇതെല്ലാം തന്നെ പാശ്ചാത്യനാഗരികതയുടെ തിരിച്ചറിയൽ മുദ്രകളാണ്. അപ്രകാരം വ്യക്തിയുടെ അവകാശങ്ങളും സമ്മർദങ്ങൾക്ക് വിധേയപ്പെട്ടു കാണിക്കുകയാണ്. തങ്ങളുടെ സന്താനങ്ങൾക്ക് അല്പം ശിക്ഷണം ആവശ്യമാകുന്ന സന്ദർഭങ്ങളിൽ അവരെ ലഘുവായി ശിക്ഷിക്കാൻ പോലും പാടുള്ളതല്ല എന്നതാണ് ഇവിടത്തെ നിയമം. അദ്ധ്യാപകന്മാരെ അനുസരിക്കണമെന്ന ചിന്തപോലും കുട്ടികൾക്കില്ല. പതിനാറു പതിനേഴ് വയസ്സാകുമ്പോഴേക്കും അവർ തങ്ങളുടെ മാതാപിതാക്കന്മാരിൽ നിന്ന് സ്വതന്ത്രരാകുന്നു. അങ്ങനെ കുട്ടികൾ മാതാപിതാക്കന്മാരിൽ നിന്ന് വേർപെടുന്നു. മാതാപിതാക്കൾ അവസാനം വൃദ്ധസദനങ്ങളിൽ എത്തിപ്പെടുന്നു. തങ്ങളുടെ കുട്ടികളെ ഒരു നോക്കു കാണണമെന്ന ആഗ്രഹം ബാക്കിവെച്ചുകൊണ്ട് വൃദ്ധരായ മാതാപിതാക്കന്മാർ എന്നെന്നേക്കുമായി അവിടെ വെച്ചുതന്നെ കണ്ണടക്കുന്നു. പാശ്ചാത്യരെ സംബന്ധിച്ചിടത്തോളം സെക്സ് ഒരു സ്വാഭാവിക വികാരമായത് കൊണ്ട് അത് തടഞ്ഞുവെക്കാൻ പാടില്ല. അതാത്സമയത്തെ പ്രവണതകൾക്കനുസരിച്ച് അതിന് പൂർണമായ സംതൃപ്തി ലഭിക്കേണ്ടതുണ്ട്. പാരമ്പര്യമായിട്ടുള്ള സ്ത്രീകളുടെ ലജ്ജ ഇന്ന് ഭൂതകാല കഥയാണ്. ഇത്തരം പാപത്തിൽ അഭിരമിക്കുന്നവരുടെ തുറന്നു പറച്ചിലുകളും ധിക്കാരമുള്ള സംഭാഷണങ്ങളും ലജ്ജയില്ലാത്ത ശരീരപ്രദർശനവും അഭിമാനകരമായി കണക്കാക്കപ്പെടുന്നു. അറുപത് എഴുപത് വർഷങ്ങൾക്ക് മുമ്പ് അധാർമികം എന്ന് ഗണിക്കപ്പെടുന്ന സംഗതികൾ ഇന്ന് സംസ്കാരമായി കണക്കാക്കപ്പെടുന്നു. ■



# രമ്യമനോഹരമായ പ്രപഞ്ച വ്യവസ്ഥ

മുഹമ്മദ് സഫറുല്ലാഹ്ഖാൻ

**രമ്യമനോഹരമായി അല്ലാഹു സൃഷ്ടിച്ച ഈ പ്രപഞ്ചവ്യവസ്ഥയുടെ സന്തുലനാവസ്ഥയിൽ നിന്ന് എണ്ണിയാലൊടുങ്ങാത്ത കാരുണ്യങ്ങളാണ് പ്രവഹിക്കുന്നത്**

പ്രപഞ്ചത്തിൽ മുഴുക്കെ തികവാർന്ന രമ്യത കാണാം. യാതൊരു പൊരുത്തക്കേടും ക്രമഭംഗവും കാണുവാൻ സാധ്യമല്ല. 'ആരുടെ കൈയിലാണോ പരമാധികാരം സ്ഥിതി ചെയ്യുന്നത് അവൻ പരിശുദ്ധനാകുന്നു. അവൻ എല്ലാ കാര്യങ്ങൾക്കും പൂർണമായി കഴിവുള്ളവനാണ്. നിങ്ങളിൽ നിന്ന് ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നതെന്ന് നിങ്ങളെ പരീക്ഷിച്ച് അറിയുന്നതിനുവേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനത്രെ അവൻ. അവൻ പ്രതാപവാനും സർവഥാ പൊറുക്കുന്നവനുമാകുന്നു. ഏഴാകാശങ്ങളെ ക്രമികമായി സൃഷ്ടിച്ചവനാണവൻ. പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമത്തിൽ ഒരു ക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോക്കുക. വല്ല അസാംഗത്യവും നീ കാണുന്നുണ്ടോ. വീണ്ടും വീണ്ടും കണ്ണോടിച്ചു നോക്കുക. കണ്ണ് പരാജയപ്പെട്ട് ക്ഷീണിച്ചുകൊണ്ട് നിന്നിലേക്ക് തിരിച്ചുവരും. വിശുദ്ധ ഖുർആൻ(67:2-5).

പ്രപഞ്ചത്തിന്റെ വിവിധ ഭാഗങ്ങളുമായുള്ള പാരസ്പര്യത്തെ പരിപാലിക്കുന്നത് അല്ലാഹുവാണ്. അവൻ അതിനെ നാശത്തിൽ നിന്ന് തടയുന്നു. 'തീർച്ചയായും ആകാശങ്ങളെയും ഭൂമിയെയും (അവയുടെ സ്ഥാനങ്ങളിൽ നിന്ന്) നീങ്ങിപ്പോകാതിരിക്കാൻ അല്ലാഹു പിടിച്ചുനിർത്തുന്നു. ഇനി അവ രണ്ടും നീങ്ങിപ്പോകുന്നതായാൽ അവനു പുറമെ ആരും തന്നെ അവയെ പിടിച്ചുനിർത്തുകയില്ല. നിശ്ചയമായും അവൻ സഹനശീലനും സർവഥാ പൊറുക്കുന്നവുമാകുന്നു. (35:42)

ദിവ്യമായ അടയാളങ്ങൾ എന്ന നിലക്ക് ഈ രമ്യമായ പാരസ്പര്യത്തിന്റെ വിവിധ വശങ്ങളിലേക്ക് ഈ വചനങ്ങൾ നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. 'രാവ് അവർക്കൊരു ദൃഷ്ടാന്തമാണ്. അതിൽ നിന്ന് പകലിനെ നാം ഊരിയെടുക്കുന്നു. അപ്പോൾ അവരതാ അന്ധകാരത്തിലായിത്തീരുന്നു. സൂര്യൻ അതിന്റെ നിശ്ചിതദിശയിലേക്ക് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അത് പ്രതാപവാനും സർവജ്ഞനുമായ അല്ലാഹുവിന്റെ ആസൂത്രണമത്രെ. ചന്ദ്രന് നാം ചില താവളങ്ങൾ നിർണയിച്ചിട്ടുണ്ട്. അങ്ങനെ അത് (അവസാനം) പഴയ ഈന്തക്കുലത്തണ്ടുപോലെ ആയിത്തീരുന്നു. സൂര്യന് ചന്ദ്രനെ എത്തിപ്പിടിക്കാനാവുകയില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഓരോ സഞ്ചാരപഥത്തിൽ അനായാസം സഞ്ചരിക്കുന്നു. (വിശുദ്ധ ഖുർആൻ 36:38-41).

അല്ലാഹു ആദരണീയമായ രീതിയിലുള്ള ഒരു സന്തുലിതത്വം സ്ഥാപിച്ചിരിക്കുന്നു. കാരുണ്യത്തിന്റെ നിരന്തരമായ അനുസ്യൂതി ഉല്പാദിതമാക്കാൻ വേണ്ടിയാണ് അത് അഭികല്പന ചെയ്തിരിക്കുന്നത്. 'അല്ലാഹുവത്രെ സത്യപൂർണമായ ഈ ഗ്രന്ഥത്തേയും തുലമാനത്തേയും ഇറക്കിയവൻ (42:18). 'ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ ഈ സന്തുലനത്തിന്റെ ക്രമം ഭംഗപ്പെടുത്താതിരിക്കാൻ വേണ്ടി' (55: 8, 9).

രാവും പകലും തമ്മിലുള്ള വ്യത്യസ്തത പാലിക്കപ്പെടുന്നത് ഈ സന്തുലനത്തിന്റെ ഭാഗമായാണ്. ഇതാണ് ഭൂമിയിൽ മനുഷ്യജീവിതം സാധ്യമാക്കി മാറ്റുന്നത്. മനുഷ്യവംശത്തിന് കാരുണ്യത്തിന്റെ അവർണനീയമായ സരണികൾ ഈ മാറ്റങ്ങളിൽ നിന്ന് സംജാതമാകുന്നു. 'ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വങ്ങളിൽ (കിടന്നും) അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാന്മാർ). ഞങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർഥമായിട്ടല്ല സൃഷ്ടിച്ചത്. (അത്തരം നിഷ്പ്രയോജനമായ പ്രവൃത്തികളിൽ നിന്നും) നീ പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെ നരകശിക്ഷയിൽ നിന്ന് രക്ഷിക്കേണമേ' (3:191,192) എന്നു പ്രാർഥിക്കുകയും ചെയ്യുന്നു.

പ്രപഞ്ചവ്യവസ്ഥ ഈ വിധം ക്രമീകരിച്ചു മനുഷ്യന് കഴിവുകൾ നൽകിയിരിക്കുന്നത് അവൻ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നതിന് വേണ്ടിയാണ്. 'നാം ഭൂമിയെ ഒരു വിരിപ്പും മലകളെ കീലകങ്ങളുമാക്കിയിട്ടില്ലയോ? നാം

നിങ്ങളെ ഇണകളായി സൃഷ്ടിക്കുകയും ചെയ്തുവല്ലോ. നാം നിങ്ങൾക്ക് നിദ്രയെ ഒരു വിശ്രമമാർഗമാക്കുകയും രാവിനെ (നഗ്നത മറക്കുന്ന) ഒരു വസ്ത്രമാക്കുകയും പകലിനെ ഉപജീവന സമ്പാദനത്തിനുള്ള അവസരമാക്കുകയും ചെയ്തു. നിങ്ങളുടെ മുകളിൽ നാം സുഭദ്രസപ്തകം (ആകാശങ്ങൾ) നിർമിക്കുകയും വെട്ടിത്തിളങ്ങുന്ന ഒരു ദീപം (സൂര്യൻ) നാം സ്ഥാപിക്കുകയും ചെയ്തു. നാം ഇടതിങ്ങിയ മേഘങ്ങളിൽ നിന്ന് കുത്തിയൊലിക്കുന്ന ജലം ഇറക്കുകയും ചെയ്തു. അതു മൂലം ധാന്യങ്ങളും സസ്യങ്ങളും ഇടതൂർന്ന് സമൃദ്ധങ്ങളായ തോട്ടങ്ങളും നാം ഉത്പാദിപ്പിക്കുന്നതിനു വേണ്ടി (68-7-17).

മനുഷ്യന് നൽകപ്പെട്ട ഇതെല്ലാം അവൻ അനുഭവിക്കുകയും രമ്യമനോഹരമായ ഈ പ്രപഞ്ചവ്യവസ്ഥ സ്ഥാപിച്ച സ്രഷ്ടാവിന്റെ ജ്ഞാനത്തെ സംബന്ധിച്ചും അനുഗ്രഹത്തെ സംബന്ധിച്ചും അല്പം മാത്രമായി ചിന്തിക്കുകയും ചെയ്യുന്നു. ഇതിനെക്കുറിച്ച് തീക്ഷ്ണമായ ഒരു താക്കീത് മനുഷ്യനെ ഓർമിപ്പിക്കുന്നു. 'പറയുക നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ. പുനരുത്ഥാന നാൾ വരേക്കും അല്ലാഹു നിങ്ങളുടെ മേൽ രാവിനെ സ്ഥിരമായി നിശ്ചയിച്ചിരുന്നുവെങ്കിൽ അല്ലാഹുവല്ലാതെ മറ്റേതൊരു ദൈവമാണ് നിങ്ങൾക്ക് വെളിച്ചം കൊണ്ടുവന്ന് തരിക? അപ്പോൾ നിങ്ങൾ കേൾക്കുന്നില്ലേ? പറയുക. 'നിങ്ങൾ ചിന്തിച്ചുനോക്കീട്ടുണ്ടോ. അല്ലാഹു നിങ്ങളുടെ മേൽ പുനരുത്ഥാന നാൾവരേക്കും പകലിനെ നിരന്തരമായി നിലനിർത്തിയിരുന്നെങ്കിൽ അല്ലാഹു അല്ലാതെ മറ്റേതൊരു ദൈവമാണ് നിങ്ങൾ വിശ്രമിക്കുന്ന രാവിനെ നിങ്ങൾക്ക് കൊണ്ടുവന്നുതരിക? അപ്പോൾ നിങ്ങൾ കാണുന്നില്ലേ? നിങ്ങൾക്ക് വേണ്ടി രാവും പകലും സൃഷ്ടിച്ചുതന്നത് അവന്റെ കാരുണ്യത്തിൽ പെട്ടതാണ്. അതിൽ (രാത്രിയിൽ) നിങ്ങൾ വിശ്രമിക്കുന്നതിനും (പകലിൽ) അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ അന്വേഷിക്കുന്നതിനുംവേണ്ടി, നിങ്ങൾ നന്ദി കാണിക്കുന്നതിന് വേണ്ടിയും (28:72-74).

അപരിമിതമായ എല്ലാ അനുഗ്രഹങ്ങളുടെയും കേദാരമാണ് അല്ലാഹു. എന്നാൽ അവൻ എല്ലാറ്റിനും അളവ് നിശ്ചയിച്ചിരിക്കുന്നു. 'ഒരു വസ്തുവിന്റെയും ഖജനാവ് നമ്മുടെ പക്കൽ അല്ലാതില്ല. നിശ്ചിത അളവിലല്ലാതെ നാം ഇത് ഇറക്കാറില്ല' (15:22) ഭൂമിയിലെ ജലവിതരണത്തെ പറ്റിയുള്ള ഒരു ചിത്രീകരണം നൽകുന്നത് കാണുക. (ജലങ്ങൾ) വഹിച്ചുകൊണ്ടുപോകുന്ന കാറ്റുകളെ നാം അയച്ചു. എന്നിട്ട് മേഘങ്ങളിൽ നിന്ന് നാം വെള്ളമിറക്കി. അങ്ങനെ നാം അത് നിങ്ങൾക്ക് കുടിക്കുവാൻ തന്നു. നിങ്ങൾ അതിന്റെ നിക്ഷേപകരല്ല താനും (15:23).

ഭൂമിയിലെ ജീവജാലങ്ങൾക്കായി ജലം സംഭരിച്ച് വിതരണം ചെയ്യുന്ന ഈ സംവിധാനത്തെപ്പറ്റി ഒരു നിമിഷത്തെ ചിന്ത നമ്മുടെ മനസ്സിലേക്ക് കടന്നുവരുന്നു. സമുദ്രങ്ങൾ തീർച്ചയായും ഏറ്റവും ബൃഹത്തായ ജലസംഭരണികളാണ്. സൂര്യന്റെ പ്രവർത്തനത്താൽ ജലബാഷ്പം അന്തരീക്ഷത്തിലേക്ക് ഉയർത്തപ്പെടുന്നു. ഈർപ്പമേറിയ കാറ്റ് ജലബാഷ്പത്തെ മേഘരൂപത്തിൽ വഹിച്ചുകൊണ്ടുപോകുകയും മഴ ആവശ്യമുള്ള ഭൂമേഖലകളിൽ വർഷിക്കുകയും ചെയ്യുന്നു.

"കാറ്റുകളെ അയക്കുന്നത് അല്ലാഹുവാണ്. അങ്ങനെ അവ മേഘങ്ങളെ ഇളക്കിവിടുന്നു. എന്നിട്ട് താനുദ്ദേശിക്കുന്ന വിധം അവൻ അതിനെ ആകാശത്ത് വ്യാപിപ്പിക്കുകയും അതിനെ അവൻ പല കഷണങ്ങളാക്കുകയും ചെയ്യുന്നു. അപ്പോൾ അതിന്റെ ഇടയിൽ നിന്ന് മഴ ബഹിർഗമിക്കുന്നത് നിനക്കു കാണാം. അങ്ങനെ തന്റെ ദാസന്മാരിൽ താനുദ്ദേശിക്കുന്നവർക്ക് അവനത് എത്തിച്ചുകൊടുക്കുമ്പോൾ അവരതാ പെട്ടെന്ന് സന്തുഷ്ടരായിത്തീരുന്നു. അതിന് മുമ്പേ അത് (മഴ) അവർക്ക് വർഷിച്ചുകൊടുക്കുന്നതിന് തൊട്ടുമുമ്പേ അവർ തികച്ചും നിരാശരായിരിക്കുകയായിരുന്നുവെങ്കിലും. അപ്പോൾ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അടയാളങ്ങൾ നോക്കുക. ഭൂമി നിർജീവമായതിന് ശേഷം അവനെങ്ങനെ അതിനെ ജീവിപ്പിക്കുന്നു? (30:49-51)

മേഘത്തിൽ നിന്ന് വർഷിക്കപ്പെടുന്ന ശുദ്ധമായ ജലം വരണ്ടതും വരൾച്ച ബാധിച്ചതുമായ ഭൂമിയിലേക്ക് കൃഷിക്കും മരങ്ങൾക്കും ഔഷധികൾക്കും നേരിട്ട് വിതരണം ചെയ്യുകയും അടിമണ്ണിൽ ശേഖരിക്കപ്പെടുകയും മാത്രമല്ല ചെയ്യുന്നത്. ആ വർഷജലം ഭൂമിയുടെ ജലാവശ്യങ്ങൾക്ക് പുനർവിതരണം ചെയ്യപ്പെടാനായി സ്ഥിരമായ ജലസംഭരണികളായി വൻതോതിൽ ഹിമരൂപത്തിൽ പർവത ശൃംഖലകളിലും ഉന്നതപീഠഭൂമികളിലും ഹിമാനികളിലും നിക്ഷേപിക്കപ്പെടുന്നു. 'നീ കാണുന്നില്ലേ, അല്ലാഹു മേഘങ്ങളെ മെല്ലെ മെല്ലെ ചലിപ്പിക്കുന്നു. എന്നിട്ട് അവയെ തമ്മിൽ കൂട്ടിച്ചേർക്കുന്നു. പിന്നെ അവയെ മേല്ക്കുമേലായി അട്ടികളാക്കിത്തീർക്കുകയും ചെയ്യുന്നു. അപ്പോൾ അവയുടെ വിടവിൽ നിന്ന് മഴ പുറത്ത് വരുന്നത് നിനക്ക് കാണാം. ആകാശത്ത് നിന്ന് അതിലെ പർവതതുല്യമായ മേഘങ്ങളിൽ നിന്ന് അല്ലാഹു ആലിപ്പഴം വർഷിക്കുകയും അതുകൊണ്ട് അവൻ ഉദ്ദേശിക്കുന്നവരിൽ പതിപ്പിക്കുകയും അവൻ ഉദ്ദേശിക്കുന്നവരിൽ നിന്ന് അവൻ അതിനെ തെറ്റിച്ചുകളയുകയും ചെയ്യുന്നു. (24:44).

ഒരു ഭാഗം കൊണ്ട് മറ്റൊരു ഭാഗത്തെ നവീകരിക്കുന്ന രീതിയിൽ ചാക്രികമായാണ് ഈ വ്യവസ്ഥയെ അവൻ ക്രമപ്പെടുത്തിയിരിക്കുന്നത്. സമുദ്രങ്ങൾ, മഴ, ആലിപ്പഴം, മഞ്ഞ് മുതലായവയിലൂടെ ജലവിതരണം പുനർനവീകരിക്കപ്പെടുന്നു. അതുപോലെ അരുവികൾ, നദികൾ, അഗ്നിപർവതങ്ങളിൽ നിന്നുള്ള ലാവാപ്രവാഹം എന്നിവയിലൂടെ ശുദ്ധജലം കടലിൽ ഒഴുകിയെത്തി നവീകരിക്കപ്പെടുന്നു. 'നിശ്ചയമായും പാറകളിൽ തന്നെ, അരുവികൾ അതിൽ നിന്ന് പൊട്ടിയൊഴുകുന്ന (ചില)തുമുണ്ട്. അങ്ങനെ അവയിൽ നിന്ന്വെള്ളം നിർഗമിക്കുന്നു. (2:75). ശുദ്ധജലത്തിന്റെ വിതരണവും അതുപോലെ സമുദ്രജലത്തിന് ആവശ്യമായ ജലത്തിന്റെ വിതരണവും സന്തുലനപ്പെടുത്തിക്കൊണ്ടുള്ള ഒരു ക്രമീകരണമാണ് ഈ ചാക്രിക വ്യവസ്ഥ. 'അവനത്രെ രണ്ട് ജലഖണ്ഡങ്ങളെ ഒഴുക്കിയവൻ. ഒന്ന് കുടിക്കുവാൻ സുഖമുള്ള ശുദ്ധജലം. മറ്റേത് അരോചകമായ ഉപ്പുവെള്ളം. അത് രണ്ടിന്റെയും മദ്ധ്യത്തിൽ അവനൊരു മറയും ശക്തിമത്തായ തടസ്സവും ഉണ്ടാക്കിയിരിക്കുന്നു (25:54). 'രണ്ട് ജലാശയങ്ങൾ സമമായിരിക്കുന്നില്ല. ഒന്ന് രുചികരവും കുടിക്കാൻ സുഖകരവുമായ ശുദ്ധജലം, മറ്റേത് കടുത്ത ഉപ്പുരസമുള്ള വെള്ളം. ഓരോന്നിൽ നിന്നും പുതുമാംസം നിങ്ങൾ ഭക്ഷിക്കുന്നു. നിങ്ങൾ ധരിക്കുന്ന ആഭരണങ്ങൾ പുറത്തെടുക്കുകയും ചെയ്യുന്നു. (തിരമാലകളെ) ഭേദിച്ചുകൊണ്ടിരിക്കുന്ന കപ്പലുകളെ അതിൽ നീ കാണുന്നു. അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങളന്വേഷിക്കുവാനും നിങ്ങൾ നന്ദി കാണിക്കാനും വേണ്ടിയാണിത്. (35:13). 'പറയുക നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ഒഴുകുന്ന ശുദ്ധജലം നിങ്ങൾക്ക് ആരാണ് കൊണ്ടുവന്ന് തരിക? (68:31)

# ആത്മാവിന്റെ അവസ്ഥാന്തരങ്ങൾ



അദൃശ്യ യാഥാർഥ്യങ്ങളിൽപ്പെട്ട ആത്മാവിന്റെ രൂപപരിണാമങ്ങളെ ക്കുറിച്ച് വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിൽലേഖകൻ വിശദീ കരിക്കുന്നു.

എം.മുബാറക്ക് അഹ്മദ്

**ഓ**രോ ഭ്രൂണവും ജന്മമെടുക്കുന്നതിനോടൊപ്പം അതിൽ രൂപപ്പെടുന്ന ആത്മാവ് ശരീരത്തിന്റെ മരണത്തോടുകൂടി പിരിയുന്നു. അഥവാ ആത്മാവിന്റെ വേർപാടിനെതുടർന്ന് ശരീരത്തിന്റെ എല്ലാ ജൈവപ്രവർത്തനങ്ങളും നിലക്കുകയും ശരീരം നിർജീവമാവുകയും ചെയ്യുന്നു. നിദ്രയിലും ആത്മാവ് ശരീരത്തിൽ നിന്നും താൽക്കാലികമായി വേർപെട്ടു പല മേഖലകളിലും സഞ്ചരിക്കാറുണ്ട്. അപ്പോൾ ശരീരം ഭാഗികമായി ബോധരഹിതമാണെങ്കിലും മരണം സംഭവിച്ചിരിക്കില്ല. അതിനാൽ ആത്മാവ് വീണ്ടും ശരീരത്തിലേക്ക് തന്നെ തിരിച്ചെത്തുന്നു. ഇത് വിശുദ്ധ ഖുർആൻ മനസ്സിലാക്കി തരുന്ന വസ്തുതയാണ്. ശ്വസനം, ഹൃദയസ്പന്ദനം, കോശങ്ങൾക്കിടയിൽ നടക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങി നാം അറിഞ്ഞും അറിയാതെയും നടക്കുന്ന പല പ്രവൃത്തികളും ശരീരം ഉറക്കത്തിലും നിർവഹിക്കുന്നുണ്ടല്ലോ. ഉണരുന്നതിനോടൊപ്പം ശരീരത്തിൽ പുനഃപ്രവേശിപ്പിക്കപ്പെട്ട ആത്മാവുമൊന്നിച്ച് ശരീരം അതിന്റെ എല്ലാ വ്യാപാരങ്ങളിലും ഏർപ്പെടുകയും ചെയ്യുന്നു.

മനുഷ്യാത്മാക്കൾ പരമ പരിശുദ്ധരാണെന്നും ധർമത്തെയും അധർമത്തെയും കുറിച്ച് ബോധമുള്ള മനുഷ്യൻ തന്നെയാണ് അതിനെപരിശുദ്ധമായി സൂക്ഷിക്കുന്നതും കളങ്കപ്പെടുത്തുന്നതും രണ്ടിന്റെയും ഫലം അവർ അനുഭവിക്കുമെന്നും വിശുദ്ധ ഖുർആൻ അദ്ധ്യായം 91 വചനം 8മുതൽ 11 വരെ പഠിപ്പിക്കുന്നുണ്ട്.

ഒരാളുടെ ആളത്തം എന്നത് അയാളുടെ ശരീരവും ആത്മാവും ചേർന്നുള്ള സാന്നിദ്ധ്യമാണ്. പ്രജ്ഞ, പ്രാണൻ, ചൈതന്യം, അന്ത:ക്കരണം, സത്ത എന്നെല്ലാം ഇതിനെ പറയുന്നു. എന്നാൽ അനിർവചനീയമായ ഈ പ്രതിഭാസത്തെപ്പറ്റി ഇന്നുവരെയുള്ള മനുഷ്യന്റെ അറിവും കണ്ടെത്തലുകളും തുലോം പരിമിതങ്ങളാണ്. ഓരോ ജീവശരീരത്തിലും പ്രവർത്തിക്കുന്ന ഈ അന്തര്യാമി ആജ്ഞേയവും അപരിമേയവുമായ ഒരു അതിസൂക്ഷ്മശക്തി തന്നെയാണ്.

മനുഷ്യൻ പ്രസ്താവ്യയോഗ്യമായ ഒരു വസ്തു അല്ലായിരുന്ന ഒരുകാലഘട്ടം തീർച്ചയായും അവനിൽ കടന്നുപോയിട്ടുണ്ട്. (വിശുദ്ധ ഖുർആൻ 76:2)

ഒരു പ്രപഞ്ചത്തിൽ എന്തെല്ലാം ഉണ്ടായിരിക്കുമെന്ന് പ്രപഞ്ചസൃഷ്ടിക്ക് മുമ്പ്തന്നെ അറിയാവുന്ന ഏക ശക്തി സ്രഷ്ടാവായ അല്ലാഹുവാണല്ലോ. പ്രസ്താവിക്കാൻ മാത്രമില്ലാതിരുന്ന ഒരു വൈചിത്ര്യ ബിന്ദുവിൽ നിന്നാണ് ഈ പ്രപഞ്ചം പൊട്ടിപ്പുറപ്പെട്ടത്. അതായത് സർവ വസ്തുക്കളുടേയും സർവ കണികകളുടേയും മനുഷ്യന്റെയും നിർമിതിക്കാവശ്യമായ എല്ലാ അടിസ്ഥാന ഘടകങ്ങളും ഉള്ളടക്കം ചെയ്യപ്പെട്ട ഒരു കണികയിലായിരുന്നു പ്രപഞ്ചം. അപ്രകാരം ഒരു പദാർഥം എന്ന് പറയാൻ പോലും പറ്റാത്ത ഒരു വസ്തുവായിരുന്നു മനുഷ്യന്റെ പ്രാഥമികാവസ്ഥ. സുഭഗനും ധിഷണാശാലി

---

പ്രകൃതിയിൽ സ്ഥാപിക്കപ്പെട്ട ഈ ചാക്രികമായ പ്രകൃതി വ്യവസ്ഥയിൽ കരുതിക്കൂട്ടിയുള്ളതോ ആകസ്മികമായതോ ബോധപൂർവമോ അബോധപൂർവമോ ആയ ഗൗരവപൂർവമുള്ള ഇടപെടൽ നിശ്ചിതമായ പരിണിതഫലങ്ങളുണ്ടാക്കും. ചരിത്രത്തിൽ ഇതിന് നിരവധി ഉദാഹരണങ്ങളുണ്ട്. ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും അഭൂതപൂർവമായ കുതിച്ചുചാട്ടം ഉണ്ടായിട്ടുള്ള ഇക്കാലത്ത് പ്രകൃതിയിലെ ചാക്രികവ്യവസ്ഥയിൽ ഇടപെടാനും അതിനെ തടസ്സപ്പെടുത്താനുമുള്ള സാധ്യത പലമടങ്ങു വർധിച്ചിരിക്കുന്നു. ആയതിനാൽ ഈ ചാക്രിക വ്യവസ്ഥയെ സംബന്ധിച്ച് കൂലങ്കഷമായ പഠനങ്ങളും ഗവേഷണങ്ങളും ജാഗ്രതയും ആവശ്യമാണ്. ധാർമികവും ആത്മീയവുമായ മൂല്യങ്ങളിലൂടെ ഇതെല്ലാം നവീകരിക്കപ്പെടേണ്ടതുണ്ട്. ദൈവകാരുണ്യത്താൽ പ്രവർത്തനങ്ങളും അനുഗൃഹീതവും ശക്തിദായകവുമായിത്തീരാറുണ്ട്. ദൈവവുമായുള്ള ഐക്യപ്പെടലിലൂടെയാണ് ഇത് സാധിതമാവുക. നമ്മോട് ഇങ്ങനെ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. "പറയുക സർവാധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ! നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്നും നീ ആധിപത്യം നീക്കിക്കളയുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ അന്തസ്സ് നൽകുന്നു. നീ ഉദ്ദേശിക്കുന്നവരെ നീ അപമാനിതരാക്കുന്നു. എല്ലാ നന്മയും നിന്റെ കൈയിലാണ്. നിസ്സംശയം നീ എല്ലാ കാര്യങ്ങൾക്കും പൂർണമായും കഴിവുള്ളവനുമാകുന്നു. നീ രാവിനെ പകലിലും പകലിനെ രാവിലും ലയിപ്പിക്കുന്നു. നിർജീവമായതിൽ നിന്ന് ജീവനുള്ളതിനെയും ജീവനുള്ളതിൽ നിന്ന് നിർജീവമായതിനെയും നീ ഉദ്ഭവിപ്പിക്കുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ നൽകുന്നു. (3:27, 28) ■

യുമായ മനുഷ്യൻ കേവലം ഒരു ഇന്ദ്രിയ ബിന്ദുവായ ഒരവസ്ഥ പ്രപഞ്ചത്തിന്റെ പ്രാഥമികാവസ്ഥയുമായി താരതമ്യം ചെയ്യാവുന്നതാണ്.

**വാസ്തവത്തിൽ നിങ്ങളെ അവൻ പലഘട്ടങ്ങളിലായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്.(വി. ഖുർആൻ 71:15)**

**നിങ്ങളിൽ ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നത് എന്ന് നിങ്ങളെ പരീക്ഷിച്ചറിയുന്നതിന് വേണ്ടി ജീവിതവും മരണവും സൃഷ്ടിച്ചത് അവനത്രെ. അവൻ പ്രതാപവാനും വളരെയേറെ പൊറുക്കുന്നവനുമാണ് (വി. ഖുർആൻ 67:3).**

മനുഷ്യന്റെ ദീർഘങ്ങളായ മറ്റു ജീവിത ദശകളിൽനിന്ന് വളരെ ചെറിയ ഒരു കാലയളവ് മാത്രമാണ് അവനെ ഭൂമുഖത്ത് ജീവിക്കുവാൻ വിട്ടിരിക്കുന്നത്. ഇത് അവന്റെ മറ്റു ജീവിത കാലഘട്ടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നിമിഷങ്ങൾ എന്ന് പോലും പറയാനാവില്ല, ഭൂമിയിൽ ഇങ്ങനെ ഒരുഘട്ടം ജീവിക്കാനേർപ്പെടുത്തിയിരിക്കുന്നത് മനുഷ്യരിൽ ആരാണ് ഏറ്റവും അധികം സൽക്കർമങ്ങൾ ചെയ്യുന്നത് എന്ന് പരീക്ഷിച്ചറിയുന്നതിന്ന് വേണ്ടിയാണ്. എന്നാൽ ഇക്കാര്യം അധികമാരും ശ്രദ്ധിക്കാറില്ല. ഇവിടുത്തെ പ്രവർത്തികളുടെ ഫലമായിരിക്കും ഉയിർത്തെഴുന്നേൽപ്പിനു ശേഷമുള്ള ജീവിത കാലത്ത് അവൻ അനുഭവിക്കുന്നത്.

വിശുദ്ധ ഖുർആൻ അൽമുഅ്മിൻ അദ്ധ്യായത്തിൽ 13 മുതൽ 15 വരെയുള്ള വചനങ്ങളിൽ മനുഷ്യന്റെ ഭൂമിയിലുള്ള പല ഘട്ടങ്ങളും വിവരിച്ച ശേഷം പറയുന്നു:

**പീന്നീട് അതിനുശേഷം നിങ്ങൾ മരണമടയുന്നവരാണ്. (വി.ഖുർആൻ 23:16), പിന്നീട് പുനരുത്ഥാന നാളിൽ എഴുന്നേല്പ്പിക്കപ്പെടുന്നവരാണ്. (വി.ഖുർആൻ23:16)**

മരണാനന്തരം പുനരുത്ഥാനനാളിൽ എഴുന്നേൽപ്പിക്കപ്പെടുന്നത് വരെ ഒരു കാലഘട്ടം മനുഷ്യന്റെ പരിണാമ ദശയിൽ കടന്ന് പോകുന്നുണ്ട്. ഈ കാലമത്രയും അദൃശ്യവും അപ്രാപ്യവുമായ ഒരു മേഖലയിൽ അവന്റെ ആത്മാവ് കഴിയുന്നു. ഇതത്രേ ഖബർ വാസക്കാലം.

**മനുഷ്യാത്മാക്കൾ ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ (81:8)**

മറ്റൊരിടത്തു വിശുദ്ധ ഖുർആൻ പറയുന്നു: **കാഹളത്തിൽ ഊതപ്പെടുമ്പോൾ അവർ ഖബറുകളിൽ നിന്ന് (എഴുന്നേറ്റ്) തങ്ങളുടെ നാഥനിലേക്ക് ധൃതിപ്പെട്ട് ചെല്ലും (36:52).**

**അവർ പറയും, അഹോ കഷ്ടം ആരാണ് ഞങ്ങളെ ഖബറുകളിൽനിന്ന് എഴുന്നേൽപ്പിച്ചത്? പരമകാരുണികനായ അല്ലാഹു വാഗ്ദാനം ചെയ്തതും ദൈവദൂതന്മാർ സത്യമായിപ്പറഞ്ഞതുമാണിത് (36:53).**

**അല്ലാഹു അവരെയെല്ലാം തന്റെ സന്നിധിയിൽ സമ്മേളിപ്പിക്കുന്ന നാളിൽ പകൽ അൽപ നേരമല്ലാതെ (ഖബറിൽ) താമസിച്ചിട്ടില്ലെന്ന് അവർക്ക് തോന്നും. അവർ പരസ്പരം തിരിച്ചറിയുന്നതാണ്. അല്ലാഹുവുമായികണ്ടുമുട്ടുന്നതിനെ നിഷേധിച്ചവർതീർച്ചയായും നഷ്ടപ്പെട്ടവരാകുന്നു. അവർ നേർമാർഗം പ്രാപിച്ചവരാകുന്നതുമല്ല.(10:46).**

**അല്ലാഹുനിങ്ങളെ വിളിക്കുകയും അപ്പോൾ സ്തുതിച്ചുകൊണ്ട് നിങ്ങൾ ഉത്തരം നൽകുകയും അൽപനേരം മാത്രമേ(മരണത്തിനും പുനരുത്ഥാന നാളിനും ഇടക്ക്) കഴിച്ചുകൂട്ടിയിട്ടുള്ളൂ എന്നു നിങ്ങൾക്ക് തോന്നുകയും ചെയ്യുന്ന ദിവസമാണിത്. (17:53)**

**കാഹളത്തിൽ ഊതപ്പെടുന്നനാൾ സ്മരണീയമത്രേ. അന്നുകുറ്റവാളികളെ പ്രകാശിക്കാത്ത കണ്ണുകളോടുകൂടി ഒരുമിച്ചുകൂട്ടും (20:03).**

**നിങ്ങൾ ഒരു ദിവസമല്ലാതെ താമസിച്ചിട്ടില്ലെന്ന് അവരിൽ നിന്നുള്ള ഏറ്റവും നല്ലനടപടിക്കാരൻ പറയുന്ന അവസരം.(20:105).**

**എന്നാൽ ജ്ഞാനവും സത്യവിശ്വാസവും ലഭിച്ചവർ പറയും അല്ലാഹുവിന്റെ കണക്കിൽ ഉയിർത്തെഴുന്നേൽപ്പിക്കുന്നതിന്ന് വേണ്ടി നിശ്ചയിക്കപ്പെട്ട നാൾവരെ നിങ്ങൾ (ഖബറിൽ) താമസിച്ചു. എന്നാൽ ഇതാണ് (യഥാർഥ) ഉയർത്തെഴുന്നേൽപ്പുനാൾ. പക്ഷേ നിങ്ങൾ അറിയുന്നവരായിരുന്നില്ല.(30:57).**

ഈ വചനങ്ങളിൽ നിന്ന് രണ്ടു കാര്യങ്ങളാണ് മനസ്സിലാക്കാവുന്നത്. ഒന്ന് ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ദൈവം വിലക്കിയിട്ടുള്ള ചെറുതും വലുതുമായ ദുഷ്ക്കർമങ്ങൾ ചെയ്തിരുന്നവരുടെ ആത്മാക്കളും ദൈവകല്പനകൾ അനുസരിച്ച് സൽക്കർമങ്ങൾ ചെയ്ത് ജീവിച്ചിരുന്നവരുടെ ആത്മാക്കളും എല്ലാകാര്യത്തിലും വ്യത്യസ്തവും വിപരീതവുമായ അവസ്ഥയിലായിരിക്കും ഖബർ വാസം അനുഭവിക്കുന്നത്. സൽക്കർമികൾ വിശാലവും പ്രകാശ പൂർണവും സന്തോഷ പ്രദവുമായ ഒരു അവസ്ഥയിൽ വസിക്കുമ്പോൾ ദുഷ്ടാത്മാക്കൾ ഇരുളടഞ്ഞതും വീർപ്പ് മുട്ടിക്കുന്നതുമായ ഒരവസ്ഥയിലുമാണ് ഖബർ വാസം അനുഭവിക്കുന്നത് എന്നും ഇത് സൂചിപ്പിക്കുന്നു. എല്ലാ കാര്യങ്ങളും സർവജ്ഞനായ അല്ലാഹുവിനറിയാം. ■

## ദേഹശുദ്ധി:

പ്രവാചകന്മാർ ചെയ്ത പത്തുകാര്യം



ആയിശ(റ)യിൽനിന്ന് നിവേദനം:

റസൂൽ(സ) പ്രഖ്യാപിച്ചു. പത്തുകാര്യം നബിമാരുടെ ചര്യകളിൽ പെട്ടതാകുന്നു. 1. മീശ വെട്ടുക. 2.താടിവളർത്തുക. 3.ബ്രഷ് ചെയ്യുക. 4.(പ്രാർഥനക്കായി അംഗസ്നാനം ചെയ്യുമ്പോൾ) മൂക്കിൽ വെള്ളം കയറ്റുക. 5.നഖം വെട്ടുക. 6.ബറാജിം(വിരൽമടക്കുകൾ) കഴുകുക. 7. കക്ഷം ക്ഷൗരം ചെയ്യുക. 8.ആനത്ത് (ഗുഹ്യഭാഗത്തെ രോമങ്ങൾ) കളയുക. 9. ശൗച്യം ചെയ്യുക. റിപ്പോർട്ടർ പറയുന്നു: പത്താമത്തേത് ഞാൻ മറന്നുപോയി. അത് വായ കഴുകലായേക്കാം

**(മുസ്ലിം)**



# ജറുസലേം: സമാധാനത്തിന്റെ നഗരം

യഹൂദ-ക്രൈസ്തവ-ഇസ്‌ലാം മതങ്ങളുടെ പുണ്യ ഭൂമിയായ ജറുസലേം സമാധാനത്തിന്റെ പ്രതിഫലന ഭൂമികകൂടിയാണ്.

സയ്യിദ് മൻസൂർ ഷാ അഹ്മദ്

**ആ**ധുനിക ജറുസലേം ജൂതന്മാരുടെ ദേശീയാഭിലാഷങ്ങളുടെ പുണ്യ ഭൂമിയായി മാറിയിട്ടുണ്ടെങ്കിലും മറ്റേതൊരു മതസ്ഥരേക്കാളും ആ നഗരത്തിന്റെ വിശുദ്ധിക്ക് ബഹുമാനാ ദരങ്ങൾ അർപ്പിച്ചത് മുസ്‌ലിംകളായി രുന്നു.

തന്റെ ദാസനെ മസ്ജിദുൽ ഹറാമിൽ നിന്നു മസ്ജിദുൽ അഖ്സയിലേക്ക് -അതിന്റെ പരിസരങ്ങളെ നാം അനുഗൃഹീതമാക്കിയിരിക്കുന്നു -രാത്രിയിൽ പ്രയാണം ചെയ്യിച്ചവൻ എത്രയും പരിശുദ്ധൻ. നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹത്തിന് കാണിച്ചു കൊടുക്കുന്നതിന്നുവേണ്ടി, തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും എല്ലാം കാണുന്ന വനുമാകുന്നു (.വി:ഖുർആൻ)

ജറുസലേമിലെ മസ്ജിദ് അഖ്സയിൽ നിന്ന് താൻ ആകാശത്തേക്ക് കയറിപ്പോയതായി നബി(സ) രണ്ടു തവണ ദർശനത്തിൽ കാണുകയുണ്ടായി. (ഇത് ജഡികമായ കരേറ്റമായിരുന്നുവെന്ന് ചിലമുസ്‌ലിംകൾ വിശ്വസിക്കുന്നു.) അവിശ്വാസികൾ തിരു നബി(സ)യെ പരിഹസിച്ചു. പക്ഷേ ഈ യാത്ര ഹൃദയം സാക്ഷ്യപ്പെടുത്തിയ ഒരു യാഥാർഥ്യമായിരുന്നുവെന്ന് വിശുദ്ധ ഖുർ ആൻ പറയുന്നു. (വി.ഖുർ ആൻ 53:7-19)

ജെറുസലേം മക്കയിൽ നിന്ന് 800 ഉം മദീനയിൽ നിന്ന് 650 ഉം മദ്ധ്യധരണ്യാഴി തീരത്ത് നിന്ന് 40 ഉം നാഴികകൾ ക്കപ്പുറത്ത് സ്ഥിതിചെയ്യുന്നു. സമുദ്ര നിരപ്പിൽ നിന്ന് 2700 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ജൂദിയൻ മലനിരകളിലെ ഒരു പീഠഭൂമിയാണ് ജറുസലേം. മെഡിറ്ററേനിയൻ കാലാവസ്ഥയാണ്. ഇളം മഞ്ഞനിറമുള്ള കെട്ടിടങ്ങൾ പകലിലും വൈകുന്നേരങ്ങളിലും മനോഹരങ്ങളായ കാഴ്ചയാണ് ഒരുക്കുന്നത്. നരച്ച പരുക്കൻ കുന്നുകളും അരുവിജലം മൂലം സമൃദ്ധമായ സൈപ്രസ് വൃക്ഷങ്ങളുടെ ഹരിതാഭമായ പ്രകൃതി ദൃശ്യവും തമ്മിൽ ഒത്തുപോവുന്നി ല്ല. ലോകത്തിലെ ഏറ്റവും വലിയ മൂന്ന് മതങ്ങൾ യഹൂദ-ക്രൈസ്തവ- ഇസ്‌ലാം മതങ്ങൾ ജെറുസലേമിൽ പാദമുറപ്പിക്കുകയും തങ്ങളുടെ മതപരമയ മുദ്രകൾ അവിടെ പതിപ്പിക്കുകയും ചെയ്തു. സോളമന്റെയും ദാവീദിന്റെയും ബന്ധം മുഖേനയാണ് യഹൂദർ ജറുസലേം നഗരവുമായി ഒട്ടിച്ചേരുന്നത്. യേശുവിന്റെ ജീവിത രംഗ ഭൂമിയായിരുന്നു ജെറുസലേം. അത്പോലെ റസൂൽ തിരുമേനി (സ) ക്കുണ്ടായ ആത്മീയ ദർശനങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് മുസ്‌ലിംകൾ ആ നഗരത്തെ ആദരിക്കുന്നത്. ചെറിയ ഇടവേള ഒഴിച്ചാൽ ഏകദേശം 13 നൂറ്റാണ്ടുകളായി മുസ്‌ലിംകൾ ജറുസലേം ഭരിക്കുന്നു.

ഈജിപ്തിലെ ചിത്ര ലിപിയിൽ 'ഉറുഷമെം' എന്നും ഹിബ്രുവിൽ 'യെറുശലായിം' എന്നുമാണ് ജറുസലേം അറിയപ്പെടുന്നത്. അതിന്റെ അർഥം 'സമാധാനത്തിന്റെ നഗരം' എന്നാണ്. അതായത് ദൈവം സ്ഥാപിച്ച സമാധാനത്തിന്റെ നഗരം. എന്നാൽ രക്തരൂക്ഷിതവും പ്രക്ഷുബ്ധവുമായൊരു ചരിത്രമാണ് ജറുസലേമിനുണ്ടായിരുന്നത്. സോപാധികമായ ദൈവഹിതത്തിന്റെ വാഗ്ദാനമനുസരിച്ചു മനുഷ്യൻ സ്വയം നന്നാകാത്തതാണ് നാശത്തിന് കാരണമായത്.

പഴയ ജറുസലേം നഗരത്തിലെ ഒരു പാറയിലാണ് ഹറം ശരീഫും മസ്ജിദുൽ അഖ്സയും സ്ഥിതിചെയ്യുന്നത്. മുസ്‌ലിംകളുടെ പുണ്യസ്ഥലമായ ഈ ആരാധനാലയങ്ങൾ സോളമൻ ക്ഷേത്രത്തിന്റെ അവശിഷ്ടമായ വിലപിക്കുന്ന ഭിത്തിക്കടുത്താണ് സ്ഥിതിചെയ്യുന്നത്. പാലും തേനും ഒഴുകുന്ന സോളമന്റെ ഫലസ്തീൻ രാജ്യം തിരച്ചുവരണമേ എന്നാണ് വിലാപത്തോടെ യഹൂദികൾ ഇവിടെ വെച്ച് പ്രാർഥിക്കുന്നത്. ക്രിസ്ത്യാനികളുടെ നിരവധി ചർച്ചുകൾ ഇവിടെയുണ്ട്.

ശിലായുഗത്തിൽ തന്നെ ജറുസലേമിൽ മനുഷ്യവാസമുണ്ടായിരുന്നു, ഈജിപ്ത്, മെസപൊട്ടോമിയ, അനത്തോളിയ, സൈപ്രസ് എന്നീ ദേശങ്ങളുമായി ചരിത്രാതീത കാലത്തു തന്നെ ജറുസലേമിന് ബന്ധമുണ്ടായിരുന്നു. ജറുസലേമിന്റെ ചരിത്രത്തിൽ ആദ്യമായി രേഖപ്പെടുത്തിയ ആദിമനിവാസികൾ കാനാൻ നിവാസികളായിരുന്നു. ഇന്ന് ഫലസ്തീൻ എന്നറിയപ്പെട്ടിരുന്ന ദേശം കാനാൻ ദേശം എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. വടക്ക് ഭാഗത്ത് നിന്ന് ഹിക്സോകളും തെക്ക് ഭാഗത്ത് നിന്ന് ഈജിപ്ത്കാരും കാനാനെ ആക്രമിച്ചു കൊണ്ടിരുന്നു.

കുലപതിയായ അബ്രഹാം ബൈബിളിൽ രേഖപ്പെടുത്തപ്പെട്ടത് പ്രകാരം ഊർ അഥവാ കാൽദിയ എന്ന സ്ഥലത്താണ് ജനിച്ചത്. അദ്ദേഹം പിതാവിനോടൊപ്പം സമതലങ്ങളും പർവതങ്ങളും താഴ്‌വരകളും നിറഞ്ഞ കാനാനിലേക്ക് കുടിയേറിപ്പാർ ക്കുകയുണ്ടായി. തന്റെ ദേശത്ത് ആദ്യമായി ഏകദൈവ തത്ത്വം പ്രബോധിച്ച വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ പിതാവ് തുർക്കിയിലെ ഹറാനിൽ വെച്ച് മരണമടഞ്ഞു. പിതാവിന്റെ ചരമത്തെ തുടർന്ന് അബ്രഹാം ദൈവ കല്പ്പനയാൽ കാനാനിലേക്ക് പോയി. മക്കളായ ഇസ്മാഈലിനും ഇസ്ഹാ

ക്കിനും അവരുടെ സന്തതികൾക്കും വേണ്ടിയും ദൈവം ആ ഭൂമിയുടെ അവകാശം നൽകി എന്ന് ബൈബിൾ പറയുന്നു. ഇസ്മാഈൽ അറേബ്യയുടെ വിജനതയിൽ താമസിച്ചു. ഇസ്ഹാക്ക് തെക്കൻ കാനാനിലും പാർത്തു. 'ദൈവത്തോടൊപ്പം കഠിനയത്നം ചെയ്തവൻ' എന്നാണ് ഇസ്ഹാക്ക് എന്ന നാമപദത്തിനർഥം. ഇസ്ഹാക്കിന്റെ പുത്രനായ യാക്കോബിന് പന്ത്രണ്ട് പുത്രന്മാരുണ്ടായിരുന്നു. അവരുടെ കുടുബമാണ് ബനീ ഇസ്രായീൽ എന്നറിയപ്പെടുന്നത്. യഅ്ഖൂബിന്റെ പ്രിയ പുത്രൻ യൂസുഫ് ഈജിപ്തിൽ അടിമയായി വിൽക്കപ്പെടുകയും പിന്നീട് പല സംഭവങ്ങൾക്കുമൊടുവിൽ ഈജിപ്തിലെ ഭരണാധികാരിയായി നിയമിക്കപ്പെടുകയും ചെയ്തു. കാനാനിൽ ക്ഷാമം ബാധിച്ചപ്പോൾ അദ്ദേഹത്തിന്റെ പിതാവിനെയും സഹോദരങ്ങളെയും യൂസുഫ് ഈജിപ്തിലേക്ക് ക്ഷണിച്ചു. അവർക്ക് ഈജിപ്തിൽ ഭൂമി നൽകി. യൂസുഫിന്റെ മരണത്തിന് ശേഷം ഈജിപ്ത് ഭരിച്ച ഫിർഔൻ യഹൂദരെ അടിമകളാക്കി. ഈ അടിമത്തകാലത്തായിരുന്നു മോശെ ഇസ്രാഈല്യരെ വീണ്ടും ഈജിപ്തിൽ നിന്നും കാനാനിലേക്ക് നയിച്ചത്. പുറപ്പാടിന്റെ അവസാനസംഘത്തെ നയിച്ചത് ജോഷ്വാ ആയിരുന്നു. അദ്ദേഹം കാനാന്റെ മിക്കവാറും എല്ലാ ഭാഗങ്ങളും കീഴടക്കുകയും പന്ത്രണ്ട് ഗോത്രങ്ങൾക്കായി വിഭജിച്ചു നൽകുകയും ചെയ്തു. അപ്പോഴേക്കും ഹിക്സോകളിൽ നിന്ന് പുതിയ കുടിയേറ്റക്കാരുണ്ടായി. അവരുടെ ആദ്യത്തെ രണ്ടു നൂറ്റാണ്ടുകളിൽ ഇസ്രായീല്യരെ ഭരിച്ചിരുന്നത് ന്യായാധിപന്മാരായിരുന്നു. അവരിൽ ഏറ്റവും പ്രസിദ്ധൻ സംസർ ആയിരുന്നു. ഈജിപ്തുകാരുടെയും ഹിക്സോകളുടേയും ശക്തമായ ആക്രമണം കാരണം ശൗൽ രാജാവിന്റെ കീഴിൽ യഹൂദന്മാർ ശക്തി സംഭരിച്ചു. അദ്ദേഹത്തെ തുടർന്നു വന്നത് ദാവീദായിരുന്നു.

ജറുസലേമിൽ അക്കാലത്ത് ജീവിച്ചിരുന്നത് ജെബൂസ്യർ ആയിരുന്നു. അതുവരെ ജൂതന്മാർക്ക് ജെബൂസ്യരുമായി ഒരു ബന്ധവുമില്ലായിരുന്നു. ദാവീദ് തന്റെ രാജ്യത്തിന്റെ തലസ്ഥാനമാക്കിയത് ജറുസലേം ആയിരുന്നു. എന്തെന്നാൽ കുന്നിൻ പുറത്തുള്ള ഈ പട്ടണത്തെ എളുപ്പത്തിൽ പ്രതിരോധിക്കാൻ സാധിക്കും. ബി.സി. 1000-ാമാണ്ടിലാണ് ദാവീദ് ജെറുസലേം കീഴടക്കിയത്. പക്ഷേ ഇസ്രായീലീ ഗോത്രം ഏകീകരിച്ചു കൊണ്ടുള്ള ക്ഷേമാവൃദ്ധിയുണ്ടാക്കിയത് ദാവീദിന്റെ പുത്രൻ സോളമന്റെ ഭണകാലത്തായിരുന്നു. സോളമൻ ഫിനീഷ്യയിൽ നിന്ന് ശിൽപികളെയും കെട്ടിടനിർമാതാക്കളെയും കൊണ്ടു വന്നു. അദ്ദേഹത്തിന് വേണ്ടി കല്ലുകൊണ്ടും അപൂർവ മരം കൊണ്ടും ഒരു ആരാധനാലയം പണിതു. കപ്പലുകൾ വിദൂരദേശത്തു സഞ്ചരിച്ചു വിലപിടിപ്പുള്ള ചരക്കുകൾ കൊണ്ടു വന്നു. അങ്ങനെ ജറുസലേമിൽ ഒരു വാണിജ്യ സമൂഹം രൂപം കൊണ്ടു.

സങ്കരലോഹങ്ങൾ ഉരുക്കുന്ന വിദ്യ അദ്ദേഹത്തിന്റെ കാലത്താണ് ആരംഭിച്ചത്. ജൂതമത വിശ്വാസപ്രകാരം മോശേക്ക് നൽകപ്പെട്ട വിശുദ്ധ ശിലകൾ സൂക്ഷിച്ചിട്ടുള്ളത് കരാറിന്റെ പേടകത്തിലായിരുന്നു. സോളമന്റെ നിരവധി കൊട്ടാരങ്ങളും റോഡുകളും ജലസംഭരണികളും രാജ്യത്താകെ നിർമിച്ചു. സോളമന്റെ ചരമ ശേഷം അദ്ദേഹത്തിന്റെ ദുർബലനായ പുത്രൻ രെഹായബെയെമിന് ഇസ്രായീൽ ഗോത്രങ്ങളെ ഒരു ഏകീകൃത രാഷ്ട്രമാക്കി നിലനിർത്താനായില്ല. വടക്ക് ഭാഗത്തുള്ള പത്ത് ഗോത്രങ്ങൾ വിപ്ലവം നടത്തി തങ്ങൾക്കായി ഒരു രാജാവിനെ തിരഞ്ഞെടുത്തു. പിന്നീട് അവർ അസീറിയൻ പട്ടാളത്തിന് കീഴടങ്ങി. അവരാണ് നഷ്ടപ്പെട്ട പത്ത് ഗോത്രങ്ങൾ എന്ന പേരിലറിയപ്പെടുന്നത്. ആധുനിക കാലത്ത് കശ്മീർ, തിബത്ത്, അഫ്ഗാനിസ്ഥാൻ എന്നീ വിദൂര സ്ഥലങ്ങളിൽ കാണുന്ന ജനങ്ങൾ ഈ നഷ്ടപ്പെട്ട ഗോത്രങ്ങളാണ്. തെക്കൻ ഭാഗത്ത് അ രണ്ട് ഗോത്രങ്ങൾ തങ്ങളുടെ തലസ്ഥാനമായി തിരഞ്ഞെടുത്തത് ജെറുസലേമായിരുന്നു. ആ രാജ്യത്തിന് അവർ ജൂദ എന്ന് പേർ നൽകി. ബാബിലോണിയൻ രാജാവായ നബുകദ് നസർ ജെറുസലേം ആക്രമിക്കുകയും അദ്ദേഹം ദാവീദ് നിർമിച്ച ഭിത്തി പൊളിച്ചു മാറ്റുകയും ചെയ്തു. സോളമൻ നിർമിച്ച ആരാധ നാലയം അഗ്നിക്കിരയാക്കി. യെശയ്യാ പ്രവാചകൻ ഇതേക്കുറിച്ച് ജൂതന്മാർക്ക് താക്കീത് നൽകിയിരുന്നു. അതിനാൽ അവർ ശിക്ഷക്കിരയായി. അരനൂറ്റാണ്ടിന് ശേഷം ബാബിലോൺ പേർഷ്യക്ക് കീഴടങ്ങി. സൈറസ് രാജാവ് ജൂതന്മാർക്ക് ജെറുസലേമിലേക്ക് മടങ്ങാനും ആരാധനാലയം പുനർനിർമിക്കാനും അനുമതി നൽകി. പിന്നെ നിരവധി സൈന്യങ്ങൾ ജെറുസലേമിനെ ആക്രമിക്കുകയും ഭരണം നടത്തുകയും ചെയ്തു. മാസിഡോണിയക്കാരനായ അലക്സാണ്ടർ സിറിയക്കാരോടും റോമാക്കാരോടും ചേർന്ന് ജൂദായെ ഒരു ഉപഗ്രഹ രാജ്യമാക്കി മാറ്റി. റോമിലെ ഒരു ഉപരാജാവിന് ജൂതരുടെ രാജാവ് എന്ന പദവി നൽകി. സോളമന്റെ ആരാധനാലയം അദ്ദേഹം കുറേ കൂടി വിപുലപ്പെടുത്തുകയും പുനരുദ്ധരിക്കുകയും ചെയ്തു. പുനരുദ്ധരിച്ച ആ മതിലിനെചൊല്ലിയുള്ള വിവാദം ഇന്നും തുടരുകയാണ്.

പിന്നീട് എ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ റോമൻ കോളനിയായിരുന്ന ജെറുസലേം ഭരിച്ചിരുന്നത് ഹെറോദ് എന്ന രാജാവായിരുന്നു. അദ്ദേഹത്തിന്റെ കാലത്താണ് മഹാനായ ഇസ്രാഈൽ മസീഹ് യേശു ഭൂജാതനാകുന്നത്. ഹെറോദ് അക്കാലത്ത് തന്റെ അധികാരത്തിന് ഭീഷണിയാണെന്ന കാരണത്താൽ ജനിക്കുന്ന എല്ലാ ശിശുക്കളെയും വധിക്കുവാൻ തീരുമാനിച്ചിരുന്നു. അതിനെയെല്ലാം അദ്ഭുതകരമായി അതിജീവിച്ച യേശു പിന്നീട് മുപ്പതാം വയസ്സിൽ ഇസ്രായേലീ മസീഹാണെന്ന് ദൈവാജ്ഞ പ്രകാരം വാദിക്കുകയുണ്ടായി. വാദം പുറപ്പെടുവിച്ച യേശുവിനെ യഹൂദ പരിശകളുടെ വൻ സമ്മർദത്താൽ റോമൻ കോടതി വിചാരണ ചെയ്യുകയും പിന്നീട് ക്രൂശിക്കുകയും ചെയ്തു. പക്ഷേ അദ്ഭുതകരമായ രീതിയിൽ അദ്ദേഹം കുരിശിൽ നിന്ന് രക്ഷപ്പെടുകയായിരുന്നു. വിചാരണ സ്ഥലത്തനിന്നും ക്രൂശീകരണ സ്ഥലം വരെ ഇപ്പോൾ നിരവധി ക്രൈസ്തവ ആരാധനാലയങ്ങൾ ഉണ്ട്. പിന്നീട് നഷ്ടപ്പെട്ട ദശഗോത്രങ്ങളിൽ പ്രബോധനമെത്തിക്കാൻ കിഴക്കോട്ടേക്ക് യാത്ര തിരിച്ച യേശു അവസാനം ഇന്ത്യയിൽ എത്തിച്ചേരുകയും കശ്മീരിൽ വെച്ച് ദിവംഗതനാവുകയുമാണുണ്ടായത്.

യഹൂദന്മാർ തങ്ങളുടെ മസീഹിനെ വധിച്ചുവെന്ന് അവകാശവാദം പുറപ്പെടുവിക്കുകയുണ്ടായി. അതേ സമയം യേശുവിന്റെ അനുയായികളാണെന്ന് അവകാശപ്പെടുന്ന ക്രിസ്ത്യാനികൾ റോമൻ വിശ്വാസങ്ങളുമായി കൂട്ടിയോജിപ്പിച്ചുകൊണ്ട് യേശു ദൈവത്തിന്റെ പുത്രനാണെന്ന വിചിത്രമായ ഒരു വിശ്വാസത്തിലെത്തിച്ചേരുകയാണുണ്ടായത്.

എ.ഡി. 66ൽ ജൂദായിലെ ജൂതന്മാർ വിപ്ലവമാരംഭിച്ചു. റോമക്കാർ പട്ടാളത്തെ അയച്ചു. ഫലസ്തീനിലെ കലാപം

അടിച്ചമർത്തി. നാലുവർഷങ്ങൾക്ക് ശേഷം റോമാചക്രവർത്തി ടൈറ്റസ് ജറുസലേം കീഴടക്കി സോളന്റെ ആരാധനാലയം അഗ്നിക്കിരയാക്കി. ജൂതന്മാരെ പീഢിപ്പിച്ചു. നിരവധിപേരെ അടിമകളാക്കി വിറ്റു. ജൂതന്മാരെല്ലാം അവിടെനിന്ന് ചിതറിതെറിച്ചു. ജൂദിയക്ക് പകരം സിറിയ ഫലസ്തീൻനിലവിൽ വന്നു.

എ.ഡി 570 ൽ ഏറ്റവും മഹാനായ ദൈവദൂതൻ മുഹമ്മദ്(സ) മക്കയിൽ ഭൂജാതനായി. ഇസ്ലാം മതം അദ്ദേഹം ലോകത്തിനു മുമ്പിൽ അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ ദൗത്യത്തിന്റെ ആദ്യകാലത്ത് ജറുസലേം ആയിരുന്നു ഖിബ്ലയായി അംഗീകരിച്ചത്. പിന്നീട് കഅ്ബയെ ഖിബ്ല യാക്കാൻ അല്ലാഹു കല്പ്പിക്കുകയായിരുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:

'നിന്റെ മുഖം (ശ്രദ്ധ) കൂടെകൂടെ ആകാശത്തേക്ക് തിരിയുന്നത് നാം കാണുന്നുണ്ട്. തന്മൂലം നീ തൃപ്തിപ്പെടുന്ന ഒരു ഖിബ്ലയുടെ നേർക്ക് തീർച്ചയായും നാം നിന്നെ തിരിക്കുന്നതാണ്. അത്കൊണ്ട് നിന്റെ മുഖം പരിശുദ്ധമായ മസ്ജിദുൽ ഹറാമിന് നേരെ തിരിക്കുക. (മുസ്ലിംകളേ)നിങ്ങൾ എവിടെയായിരുന്നാലും അതിന്റെ നേർക്ക് നിങ്ങളുടെ മുഖങ്ങൾ തിരിക്കുക. ഇത് (ഖിബ്ല മാറ്റുന്നതിന്നുള്ള കൽപ്പന) തങ്ങളുടെ നാഥനിൽ നിന്നുള്ള സത്യം തന്നെയാണെന്ന് ഗ്രന്ഥം (തൗറാത്ത്) നൽകപ്പെട്ടവർക്ക് നന്നായി അറിയാം. അവർ പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് അല്ലാഹു ഒരിക്കലും അശ്രദ്ധനല്ല. (2:114)

നബി(സ)യുടെ ആഗമനത്തെക്കുറിച്ച് ജൂത ക്രൈസ്തവ ഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ടിരുന്നു. എന്നിട്ടും അവരിൽ മിക്കവരും അവിശ്വസിച്ചു. അറേബ്യക്ക് അപ്പുറത്തേക്ക് ഇസ്ലാം ശീഘ്ര ഗതിയിൽ വ്യാപിച്ചു. അന്നറിയപ്പെട്ടിരുന്ന ലോകം മുഴുവനുമെത്തി. ജെറുസലേമിന്റെ വാതിൽപ്പടിയിലുമതെത്തി. അതുവരെ ജറുസലേം ബൈസാന്റിയൻ സാമ്രാജ്യത്തിന്റെയും റോമൻ ആക്രമണത്തിന്റെയും ഇടയിൽ കിടന്ന് ഊഞ്ഞാലാടുകയായിരുന്നു.

രണ്ടാം ഖലീഫ ഉമർ (റ) യുടെ കാലത്ത് ജറുസലേം കീഴടങ്ങാൻ സന്നദ്ധമായിരുന്നു. അതിനുള്ള ഉപാധിയായി വെച്ചിരുന്നത് ഖലീഫ നേരിൽ വന്ന് നിബന്ധനകൾ ഉണ്ടാക്കുകയും നഗരം ഏറ്റെടുക്കുകയും വേണമെന്നായിരുന്നു. ഉമർ(റ) മദീനയിൽ നിന്ന് ഒരു യുദ്ധതടവുകാരനോടൊപ്പം ജറുസലേമിലേക്ക് പുറപ്പെട്ടു. അവരുടെ സാധനങ്ങൾ വഹിക്കാൻ ഒരൊട്ടകവും കൂടെയുണ്ടായിരുന്നു. മൃഗത്തിന് ഭാരമാവരുതെന്ന് കരുതി ഇടവിട്ട് ഉമറും(റ) യുദ്ധത്തടവുകാരനും മാറി മാറി ഒട്ടകപ്പുറത്ത് സഞ്ചരിച്ചു. അവസാന ഘട്ടമെത്തിയപ്പോൾ ഉമർ (റ) തന്നെ ഒട്ടകപ്പുറത്തിരിക്കണമെന്ന് യുദ്ധത്തടവുകാരൻ ആവശ്യപ്പെട്ടു. പക്ഷേ ഉമർ (റ) സമ്മതിച്ചില്ല. അങ്ങനെ അവർ ജറുസലേമിൽ എത്തി. മഹാനായ ഖലീഫയെ സ്വീകരിക്കാൻ സാധാരണ ജനങ്ങളും പൗരപ്രധാനികളും സന്നിഹിതരായിരുന്നു. എന്നാൽ ഒരടിമ ഏകനായി ഒട്ടകപ്പുറത്തു കയറിവരുന്ന കാഴ്ചയാണ് അവർ കണ്ടത്. ഒരു ചടങ്ങോ ആർഭാടമോ ഉണ്ടായിരുന്നില്ല. അവിടെ കൂടിയിരുന്ന ജനങ്ങൾ ആ അടിമയെ എതിരേൽക്കുമ്പോൾ യഥാർഥ ഖലീഫ അവരുടെ ശ്രദ്ധയിൽപ്പെടാതെ ഇപ്പോഴത്തെ മസ്ജിദുൽ അഖ്സായുടെ നേരേക്ക് പോയി. മസ്ജിദുൽ അഖ്സയിൽ നമസ്കാരമനുഷ്ഠിച്ചു. അങ്ങനെയാണ് ജറുസലേമിലേക്ക് മുസ്ലിം ഖലീഫ പ്രവേശിച്ചത്. ഇതിന് സമാനമായ മറ്റൊരു ചരിത്രം വേറെയുണ്ടോ? ഒരു തുള്ളി രക്തം പോലും ചിന്തിയില്ല. ഒരു മതവിഭാഗത്തേയും പീഢിപ്പിച്ചില്ല. ഒരു കെട്ടിടമോ കോട്ടയോ ചർച്ചോ ജൂതപ്പള്ളിയോ നശിപ്പിക്കപ്പെട്ടില്ല. ഒരിക്കൽ കൂടി അബ്രഹാമിന്റെ സന്തതികൾ വിശുദ്ധ ഭൂമിയിൽ ആരൂഢരായി. ഉമർ(റ) ബൈത്തുൽ മുഖദ്ദസ് കാണാനിറങ്ങി അൽ ഖിയാമ ചർച്ച് സന്ദർശിച്ചു കൊണ്ടിരിക്കുമ്പോൾ നമസ്കാര സമയമായി. ചർച്ചിൽ വെച്ച് തന്നെ നമസ്കരിക്കാമെന്ന് കൂടെയുണ്ടായിരുന്ന പുരോഹിതൻ അറിയിച്ചു. പക്ഷേ ഉമർ (റ) പുറത്തിറങ്ങി പടവിൽ വെച്ചുതന്നെ നമസ്കരിക്കുകയാണുണ്ടായത്. പിന്നീട് മുസ്ലിംകൾ അവകാശ വാദമുന്നയിക്കുമോ എന്ന് ഭയന്നാണ് താൻ അകത്ത് നിന്ന് നമസ്കരിക്കാതിരുന്നതെന്ന് ഉമർ(റ) പിന്നീട് പറഞ്ഞു. മേലിൽ പടവിൽ വെച്ചും ആർക്കും നമസ്കരിക്കാൻ അനുവാദമില്ലെന്നും അദ്ദേഹം രേഖാമൂലം ഉറപ്പു കൊടുത്തു. ജറുസലേം ചുറ്റിക്കണ്ട ഖലീഫ നശിപ്പിക്കപ്പെട്ട സോളമന്റെ ആരാധനാലയം കണ്ട് നടുങ്ങിപ്പോയി. ക്രിസ്ത്യാനികൾ അത് ഉപേക്ഷിക്കപ്പെട്ട നിലയിലാക്കിയിരുന്നു.

ഉമർ(റ) മരം കൊണ്ട് ഒരു പള്ളി നിർമിച്ചു. ഇവിടെ വെച്ചാണ് യഅ്ഖൂബ് നബി (അ)യോട് അല്ലാഹു സംഭാഷണം നടത്തിയ തെന്നും വിശ്വസിക്കപ്പെടുന്നു. ഈ പള്ളിയാണ് 'ഖുബ്ബത്തുസ്സഖറ' (Dome of Rock) എന്നറിയപ്പെടുന്നത്. മുസ്ലിം ഭരണകാലത്ത് ജറുസലേം നിവാസികൾ പരിപൂർണ സുരക്ഷിതരായിരുന്നു. അതിനാൽ ജറുസലേമിന് നല്ല പുരോഗതിയുണ്ടായിരുന്നു എന്നത് ഒരു ചരിത്ര യാഥാർഥ്യമാണ്.

മദ്ധ്യനൂറ്റാണ്ടുകളിൽ ഇംഗ്ലണ്ട്. ഫ്രാൻസ്, സ്പെയിൻ, പോർച്ചുഗൽ എന്നിവിടങ്ങളിൽ നിന്നെല്ലാം ജൂതന്മാർ പുറത്താക്കപ്പെട്ടു. ചില ക്രിസ്തീയ രാജ്യങ്ങൾ അവർക്ക് പൗരാവകാശങ്ങൾ നിഷേധിച്ചു. നിർബന്ധമായി മതപരിവർത്തനം ചെയ്യപെട്ടു. എന്നാൽ മുസ്ലിം രാജ്യങ്ങളിൽ യഹൂദർ വളരെ സന്തോഷത്തിലും സ്വാതന്ത്ര്യത്തിലുമാണ് ജീവിച്ചത്. അവരുടെ മേലെ യാതൊരു നിർബന്ധവും ചെലുത്തപ്പെട്ടില്ല. നികുതികൊടുക്കുന്നതിന് പകരമായി ഭരണകൂടം പരിപൂർണ സംരക്ഷണം നൽകി. കുരിശു യുദ്ധകാലത്ത് ഭരണാധികാരികൾക്ക് യഹൂദർക്ക് സംരക്ഷണം കൊടുക്കാൻ സാധിക്കാതെ വന്നപ്പോൾ അവർ കൊടുത്ത നികുതികളെല്ലാം തിരിച്ചുകൊടുക്കുവാൻ സന്നദ്ധരായി. കുരിശുയുദ്ധക്കാർ കുറഞ്ഞകാലം മാത്രമാണ് ജറുസലേം ഭരിച്ചിരുന്നത്. അപ്പോൾ കുറഞ്ഞ പുരോഗതിയാണുണ്ടായിരുന്നത്. പിന്നെ താർത്താരികൾ നിയന്ത്രണമേറ്റെടുത്തപ്പോൾ ജൂതന്മാർ ആട്ടിയോടിക്കപ്പെട്ടു. കുരിശു യുദ്ധങ്ങൾ മത യുദ്ധങ്ങൾ എന്നതിലുപരി വാണിജ്യപരമായ യൂറോപ്യരുടെ ഒരന്വേഷണം കൂടിയായിരുന്നു. അന്തിമമായി കുരിശു യുദ്ധ പോരാളികൾ ജറുസലെം വിട്ടുപോയപ്പോഴാണ് ജറുസലേമിന് ആശ്വാസമായത്. 1517 ൽ ജറുസലേമിന്റെ നിയന്ത്രണം ഉസ്മാനിയാ ഖിലാഫത്തിന്റെ കീഴിലായി. അതിന് ശേഷമാണ് വിലപിക്കുന്ന ഭിത്തിക്കരികെ ജൂതന്മാർക്ക് വിലപിക്കാൻ അനുമതി നൽകിയത്. ഉസ്മാനിയ്യാ ഖിലാഫത്തിനു കീഴിലെ ഭരണാധികാരികൾ വളരെ കഴിവു കുറഞ്ഞവരും സ്വാർഥരുമായി മാറിയപ്പോൾ അവിടെ ജനങ്ങൾ വിപ്ലവം നയിച്ചു. ഈ അവസരത്തിലാണ് ആ ഭൂപ്രദേശങ്ങളിൽ ബ്രിട്ടീഷ്-ഫ്രഞ്ച് താൽപര്യങ്ങൾ വർധിച്ചുവന്നത്.

യൂറോപ്യൻ ശക്തികൾക്ക് കീഴിൽ ജൂതന്മാർ കഠിനയാതനകൾ അനുഭവിക്കുന്നത് തുടർന്നു. ഒരു ജൂതഗേഹത്തിന് വേണ്ടിയുള്ള മുറവിളി ഉയർന്നു

വന്നു. അവരുടെ ഈ ആവശ്യത്തിനായി കിഴക്കെ ആഫ്രിക്ക അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു. എന്നാൽ ജറുസലേമിലേക്ക് മടങ്ങിവരണമെന്നാണ് ജൂതന്മാർ ആഗ്രഹിച്ചത്. 1917 ൽ ബ്രിട്ടീഷ് ഗവൺമെന്റ് നടത്തിയ ഫലപ്രഖ്യാപനം ഇങ്ങനെയായിരുന്നു. "ഫലസ്തീൻ ജൂതന്മാർക്ക് ദേശീയ ഗേഹം അനുവദിക്കുന്നതിന് ഈ ഗവൺമെന്റ് അനുകൂലമാണ്. ഈ ലക്ഷ്യം നേടുന്നത് ത്വരിതപ്പെടുത്താൻ അവർ കഠിനശ്രമം നടത്തുന്നതാണ്. ഫലസ്തീനിലെ ജൂതന്മാരല്ലാത്തവരുടെ പൗരാവകാശങ്ങൾക്ക് പ്രതികൂലമായോ മറ്റു രാജ്യങ്ങളിലുള്ള ജൂതന്മാർ അനുവദിക്കുന്ന അവകാശങ്ങളുമായോ രാഷട്രീയ പദവിയെയോ പ്രതികൂലമായി ബാധിക്കുന്ന ഒന്നും തന്നെ ചെയ്യുന്നതല്ല."

ഈ പ്രമാണമാണ് അറബികൾക്കും ജൂതന്മാർരും തമ്മിലുള്ള എല്ലാ പ്രശ്നങ്ങൾക്കും കാരണം. ബ്രിട്ടീഷുകാർ തുർക്കികളെ ജറുസലെമിൽ പരാജയപ്പെടുത്തി. 1920ൽ ഫലസ്തീനുള്ള ലീഗ് ഓഫ് നേഷന്റെ മാൻഡേറ്റ് ബ്രിട്ടന് നൽകി. 1904 നും ഒന്നാം ലോക മഹായുദ്ധത്തിന്റെ തുടക്കത്തിനുമിടയിൽ ഫലസ്തീനിലുള്ള ജനസംഖ്യ കൂടുതലാക്കാനുള്ള നയത്തിന്റെ ഭാഗമായി 50,000 യൂറോപ്യൻ ജൂതന്മാർ ഫലസ്തീനിലേക്ക് കുടിയേറിപ്പാർത്തു. അങ്ങനെ മതത്തോട് കുറഞ്ഞ ആഭിമുഖ്യമുള്ള ഒരു അപരിചിതനായിക്കൊണ്ട് ജെറുസലേമിലെ അറബി ജൂതൻ പാശ്ചാത്യ ജൂതനെ ഫലസ്തീനിൽ കണ്ടുമുട്ടി.

1929ലും 1936ലും ജൂതന്മാരുടെ പ്രവാഹത്തിനെതിൽ അറബികൾ കലാപമുയർത്തി. പക്ഷേ ക്രമസമാധാനം വീണ്ടെടുത്ത ബ്രിട്ടീഷുകാർ മദ്ധ്യപൗരസ്ത്യദേശത്ത് നിന്ന് പട്ടാള ട്രൂപ്പുകളുമായി കുതിച്ചു. എന്നിരിക്കിലും രണ്ടാം ലോക മഹായുദ്ധകാലത്തെ നാസികളുടെ കൂട്ടക്കൊല കാരണം ജൂതന്മാർ യൂറോപ്യൻ കോൺസൻ സട്രേഷൻ ക്യാമ്പിൽ നിന്ന് കൂട്ടമായി ഫലസ്തീനിലേക്ക് പ്രവഹിച്ചു. അതിന്റെ ഫലമായി ബ്രിട്ടീഷുകാർ യുണൈറ്റഡ് നേഷൻസിന്റെ സഹായ മഭ്യർഥിച്ചു. ഒരുപ്രത്യേക കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഫലസ്തീനെ അറബ് സ്റ്റേറ്റ്, ജൂത സ്റ്റേറ്റ്, യു എൻ ഭരണ ജറുസലേം എന്നിങ്ങനെവിഭജിച്ചു. ഇതിനെ അറബികളും ബ്രിട്ടനും എതിർത്തു. എന്നാൽ യുഎൻ മീറ്റിങ്ങിൽ നിന്ന് അറബികൾ വിട്ടുനിന്നത് കാരണം 13 നെതിരിൽ 33 വോട്ടുകൾക്ക് യു എൻ വിഭജനത്തെ അംഗീകരിച്ചു. എട്ടുമാസങ്ങൾക്ക് ശേഷം ബ്രിട്ടീഷുകാർ വിടവാങ്ങി. അങ്ങനെ ജറുസലേം തലസ്ഥാനമായി ജൂത രാഷ്ട്രം സ്ഥാപിതമായി. ജറുസലേം പഴയ പട്ടണവും അറബ് പ്രദേശങ്ങളും 30 വർഷം മുമ്പ് വരെ ജോർദാന്റെ കൈകളിലായിരുന്നു. ഈ വിഭജനം പട്ടണത്തെ ഉപേക്ഷിക്കുന്ന തിലേക്ക് നയിച്ചു. അന്ന് മുതൽ അറബികൾ ആഭ്യന്തര യുദ്ധങ്ങൾ കൊണ്ടും താൽക്കാലിക സമാധാനം കൊണ്ടും കലുഷിതമാണ്.

എന്താണ് ജറുസലേമിന്റെ ഭാവി? ഖുർആൻ ആ വിശുദ്ധ ഭൂമിയെ ക്കുറിച്ചു പറയുന്നു:

" ചില ഉപദേശങ്ങൾക്ക് ശേഷം സബൂറിൽ നാം ഇങ്ങനെഎഴുതിയിരിക്കുന്നു. തീർച്ചയായും ആ പരിശുദ്ധ ഭൂമിയെ എന്റെ സദ്‌വൃത്തരായ ദാസന്മാർ അവകാശമായി എടുക്കുന്നതാണ്. തീർച്ചയായും ഇതിൽ അല്ലാഹുവിനെആരാധിക്കുന്നവർക്ക് ഒരു സന്ദേശമുണ്ട്" (വി.ഖുർആൻ 21:106,107)

അബ്രഹാം ദൈവവുമായി ഉണ്ടാക്കിയ കരാർ പാലിക്കുന്ന ദൈവഭയമുള്ള ജനങ്ങൾക്കുള്ളതാണ് ഫലസ്തീൻ. ജൂത മതം, ക്രിസ്തു മതം, ഇസ്‌ലാം മതം എന്നീ ലോകമതങ്ങളുടെ മഹത്തായ ചരിത്രത്തിന്റെ രംഗ ഭൂമിയാണ് ജറുസലേം. ഈ മതങ്ങളുടെയെല്ലാം അടയാളങ്ങളും പുണ്യസ്ഥലങ്ങളും ശക്തമായ നിലയിൽ ഈ നഗരത്തിലുണ്ട്. എത്രത്തോളമെന്നാൽ പഴയ നഗരം ഇപ്പോൾ വിഭജിച്ചിരിക്കുന്നത് ജൂതന്മാർ, അർമീനിയക്കാർ, ക്രിസ്ത്യാനികൾ, മുസ്‌ലിംകൾ എന്നിവരുടെ വാസസ്ഥലങ്ങളായിട്ടാണ്.

സമാധനത്തിന്റെ നഗരം ഇപ്പോൾ ദുരിത പൂർണമാണ്. അനിശ്ചിതത്വവും അരക്ഷിതത്വവുമാണ് എവിടെയും. ലോകമതങ്ങളുടെ സംഗമ സ്ഥാനം എന്ന നിലയിൽ ഫലസ്തീനിൽ സഹവർത്തിത്വത്തോടെ സമാധാനം പുലരേണ്ടത് മാനവസംസ്കൃതിയുടെ ആവശ്യമാണ്. ദൈവികതയുടെ യഥാർഥ പ്രകാശനമാണ് ജറുസലേമിൽ സമാധാനം കൊണ്ടുവരുന്നത്. ■

## വിജ്ഞാനം

അബൂഹുറൈറ(റ)യിൽ നിന്നു നിവേദനം: അല്ലാഹുവിന്റെ ദൂതർ (സ) പറഞ്ഞു: വിജ്ഞാനമുള്ള വാക്ക് വിശ്വാസിയുടെ കളഞ്ഞുപോയ സ്വത്താണ്. അതിനാൽ അതെവിടെ കണ്ടാലും അതിന്മേൽ അവന് കൂടുതൽ അവകാശമുണ്ട്. (ബുഖാരി). അബൂദ്ദർദായി(റ)ൽ നിന്നു നിവേദനം: റസൂൽ തിരുമേനി (സ) പറയുന്നത് ഞാൻ കേട്ടു. വിജ്ഞാനാന്വേഷണത്തിന് ആരെങ്കിലും വല്ലവഴിയിലും പുറപ്പെട്ടാൽ സ്വർഗത്തിലേക്കുള്ള മാർഗം അവന് അല്ലാഹു എളുപ്പമാക്കികൊടുക്കും. നിശ്ചയമായും വിജ്ഞാനാന്വേഷിക്ക് മലക്കുകൾ അവരുടെ പ്രവർത്തിയിലുള്ള സന്തോഷം കാരണം ചിറക് താഴ്ത്തികൊടുക്കും. ആകാശ ഭൂമികളിലുള്ളവർ-വെള്ളത്തിലെ മത്സ്യം കൂടി വിജ്ഞാനിയുടെ പാപമോചനത്തിന്ന് വേണ്ടി പ്രാർഥിക്കും. (വിവരമില്ലാത്ത) ആബിദിനേക്കാൾ വിവരമുള്ള ആബിദിനുള്ള ശ്രേഷ്ഠത നക്ഷത്രങ്ങളേക്കാൾ ചന്ദ്രനുള്ള ശ്രേഷ്ഠത പോലെയാണ്. മാത്രമല്ല പണ്ഡിതന്മാരാണ് നബി(സ)യുടെ അനന്തരവകാശികൾ. നബിമാരാകട്ടെ, സ്വർണവും വെള്ളിയും അനന്തര സ്വത്തായി ഉപേക്ഷിച്ചിട്ടില്ല. ജ്ഞാനവിദ്യയാണ് അവർ അനന്തരസ്വത്തായി ഉപേക്ഷിച്ചു പോയത്. അത്കൊണ്ട് അതാരെങ്കിലും കരസ്ഥമാക്കിയാൽ ഒരു മഹാഭാഗ്യമാണവൻ കരസ്ഥമാക്കിയത്.

**(അബൂദാവൂദ്, തിർമിദി)**



# ഹദ്റത്ത് മസീഹ് മൗഊദ് (അ)

## വിശ്വാസലോകത്ത് വരുത്തിയ ആത്മീയ വിപ്ലവം

(രണ്ടാം ഭാഗം)

മുഹമ്മദ് ഉമർ, നാഇബ് നാസിർ അഅ്‌ലാ, ഖാദിയാൻ

ജിഹാദിന്റെ നിരർഥകത തുറന്നു കാട്ടിയും എല്ലാവിമർശനങ്ങളെയും അഭിമുഖീകരിച്ചുകൊണ്ടും ഇസ്‌ലാമിന്റെ പക്ഷത്തു നിന്ന് വാഗ്ദത്ത മസീഹ് (അ) നടത്തിയ ഐതിഹാസികമായ ആത്മീയസമരങ്ങൾ ഇസ്‌ലാമിന്റെ അനശ്വരമായ വിജയഗാഥകളാണ്.

### ജിഹാദിന്റെ യാഥാർഥ്യം

ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് മുസ്‌ലിം രാജ്യങ്ങളിൽ ജിഹാദിന്റെ പേരിൽ അക്രമപരവും മൃഗീയവുമായ ഭീകരപ്രവർത്തനങ്ങൾ നടന്നു വരികയാണല്ലോ. അതിന്റെ ഫലമായി ഇസ്‌ലാമിനും മുസ്‌ലിം സമുദായത്തിനും വളരെയധികം ദുഷ്പേരുണ്ടായിരിക്കുകയാണ്. ഹദ്റത്ത് ഇമാം മഹ്ദി മസീഹ് (അ) ഏകദേശം ഒരു നൂറ്റാണ്ട് മുമ്പുതന്നെ ഇത് സംബന്ധിച്ച് മുന്നറിയിപ്പു നല്കിയിട്ടുണ്ട്. പറയുന്നു:

“ഇപ്പോൾ വാഗ്ദത്ത മസീഹിന്റെ ആഗമനത്തിനു ശേഷം ജിഹാദിൽ നിന്നു വിരമിക്കേണ്ടത് മുസൽമാന്റെ കടമയാണ്. ഇപ്പോൾ മതത്തിന്റെ പേരിൽ വാളേന്തുന്നവന് അല്ലാഹുവിന്റെ മുമ്പാകെ ഒരു ഒഴിവുകഴിവും ഇല്ല തന്നെ. കണ്ണുള്ള ഒരാൾ ഹദീസുകൾ പരായണം ചെയ്യുകയും ഖുർആനിലേക്ക് ദൃഷ്ടിപായിക്കുകയും ചെയ്യുകയാണെങ്കിൽ വളരെ വ്യക്തമായി കാണുവാൻ സാധിക്കുന്നത് ഇന്നു ജിഹാദിന്റെ പേരിൽ കാണപ്പെടുന്ന മൃഗീയ പ്രവർത്തനങ്ങൾ ഇസ്‌ലാം വിവരിക്കുന്ന ജിഹാദല്ല എന്നാണ്. മറിച്ച് ഇത് നഫ്സെ അമ്മാറാ എന്ന ദോഷപ്രവണമായ മനസ്സിന്റെ വികാരപ്രകടനങ്ങളും അല്ലെങ്കിൽ സ്വർഗം പ്രാപിക്കാമെന്ന വ്യാമോഹത്തിൽ നിന്ന് രൂപം കൊണ്ട അനുവദനീയമല്ലാത്ത ദുഷ്പ്രവണതയുമാണ് മുസ്‌ലിംകളിൽ വ്യാപിച്ചിരിക്കുന്നത്. അങ്ങനെ വാദ്ഗത്തമസീഹ് വന്ന് മതത്തിന്റെ പേരിൽ വാളെടുക്കുന്ന ചിന്താഗതിയെ അകറ്റുകയുണ്ടായി. (മൽഫൂസാത്ത് വാല്യം 3 പേജ് 176).

അദ്ദേഹം തന്റെ ഒരു കവിതയിൽ പറയുന്നു,

അല്ലയോ സുഹൃത്തുക്കളേ! ഇപ്പോൾ ജിഹാദിനെക്കുറിച്ചുള്ള ചിന്ത ഉപേക്ഷിക്കുക. ഇപ്പോൾ ദീനിനു വേണ്ടിയുള്ള യുദ്ധവും ലഹളയും നിഷിദ്ധമാണ്. ഈ കല്പന ശ്രവിച്ചതിനുശേഷവും ആരെങ്കിലും യുദ്ധത്തിനു പോവുകയാണെങ്കിൽ അവസാനം അവിശ്വാസികളിൽ നിന്ന് കഠിനമായ പരാജയം ഏറ്റുവാങ്ങേണ്ടി വരുന്നതാണ്. (ദുർ റെ സമീൻ)

പരാജയങ്ങൾക്കുമേൽ പരാജയം ലഭിച്ചതിനുശേഷം മുസ്‌ലിംകളിൽപ്പെട്ട ബുദ്ധിമാന്മാരായ ഒരു വിഭാഗം ജനങ്ങൾ വാഗ്ദത്തമസീഹിന്റെ ചിന്താഗതിയെ സ്വായത്തമാക്കാൻ തുടങ്ങിയിരിക്കുകയാണ്. 2002 ഡിസംബർ 4-ാം തീയതി ന്യൂഡൽഹിയിൽ സമ്മേളിച്ച ജാമിയ മില്ലിയ ഹാഫിസ് സിദ്ദീഖ് സാഹിബ് ഇപ്രകാരം പറയുകയുണ്ടായി ഇസ്‌ലാം നിർദേശിക്കുന്ന യുദ്ധത്തിന്റെ നിയമാവലിയുടെയും സദാചാര സിദ്ധാന്തങ്ങളുടെയും വെളിച്ചത്തിൽ നോക്കുകയാണെങ്കിൽ ഭീകരതയുടെ ആധുനിക രൂപം ഒരുവിധത്തിലും അനുവദനീയമാണെന്നു പറയുവാൻ സാധ്യമല്ല. (ഹിന്ദ് സമാചാർ ജലന്തർ 06-12-2002)

ഒരു ഹജ്ജ് വേളയിൽ പ്രസംഗിച്ചുകൊണ്ട് ശാഹ് ഫൈസൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി.

‘ജിഹാദുകൊണ്ടുള്ള ഉദ്ദേശ്യം തോക്കെടുത്തു വെടിവെക്കലും വാളെടുത്തു യുദ്ധം ചെയ്യലുമാണെന്നു മാത്രമല്ല മറിച്ച് ജിഹാദുകൊണ്ടുള്ള ഉദ്ദേശ്യം വിശുദ്ധ ഖുർആനിലേക്കും നബി(സ)യുടെ ചര്യകളിലേക്കും ജനങ്ങളെ ക്ഷണിക്കുകയും ഈ വഴിയിൽ എന്തു തന്നെ പ്രയാസങ്ങളും ആപത്തുകളും നേരിടുകയാണെങ്കിലും അതിനെ മുറുകെപ്പിടിക്കുകയും ആണ്.’

### കുരിശുടക്കൽ

ഹദ്റത്ത് റസൂൽ തിരുമേനി (സ) അവസാനകാലത്ത് തന്റെ ഉമ്മത്തിൽ ആഗതനാകുന്ന വാഗ്ദത്ത മസീഹിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്ന് ‘യക്സിറുസ്സലീബ’ - കുരിശുടക്കൽ- അതായത് ക്രൈസ്തവ വിശ്വാസികളുടെ പൊള്ളത്തരങ്ങളെ എടുത്തുകാട്ടി അവയെ ഉടക്കുക എന്നതാണ്.

വാഗ്ദത്ത സീഹിന്റെ ആഗമനത്തിനു മുൻപ് ഇതര മതങ്ങളുടെ വിശിഷ്യ ക്രിസ്തുമതത്തിന്റെ പ്രധാനമായ ഉദ്ദേശ്യലക്ഷ്യം ഇസ്‌ലാം മതത്തെ ഭൂമുഖത്തുനിന്നു നിശ്ശേഷം നശിപ്പിച്ചു കളയുക എന്നതായിരുന്നു. ലോകമെങ്ങുമുള്ള ക്രിസ്ത്യാനികളും അവരുടെ പാതിരിമാരും മുസ്‌ലിംകളെ ക്രിസ്തീയ വലയത്തിൽ അകപ്പെടുത്തി വ്യാജമായ ത്രയേകത്വ സിദ്ധാന്തത്തിന്റെ അടിമകളാക്കിത്തീർക്കുവാൻ കച്ചകെട്ടിപുറപ്പെട്ടിരിക്കുന്നു. തങ്ങളുടെ ഉദ്ദേശ്യലക്ഷ്യ

പ്രാപ്തിയിൽ അവർക്ക് എത്രമാത്രം ഉറച്ചവിശ്വാസമുണ്ടായിരുന്നുവെന്നാൽ കെയ്റോ, ദിമിഷ്ഖ്, അങ്ങനെ കുരിശിന്റെ തിളക്കം അറേബ്യൻ മണലാരണ്യത്തിന്റെ മൗനത്തെ ഭഞ്ജിച്ചു കൊണ്ട് പരിശുദ്ധ മക്കയിൽ പ്രവേശിക്കുകയും അങ്ങനെ കഅബത്തുല്ലായിൽ കുരിശു നാട്ടുകയും ചെയ്യുന്നതാണെന്നു വീരവാദം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. (വില്ല്യം ബറോസ് ലക്ചർസ് പേജ് 43)

ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം ഏറ്റവും അപകടം നിറഞ്ഞ കാലഘട്ടമായിരുന്നു അത്. തദവസരത്തിൽ അല്ലാഹു കാസിറെ സലീബായി ഹദ്ത്ത് വാഗ്ദത്ത മസീഹിനെ നിയുക്തനാക്കി. അദ്ദേഹം ആഗതനായി ക്രിസ്ത്യാനികളുടെ ഈ ദിവാസ്വപ്നത്തെ എന്നെന്നേക്കുമായി അവസാനിപ്പിക്കുകയും അവരുടെ എല്ലാ വിധത്തിലുള്ള ദുരുദ്ദേശ്യങ്ങളും നിഷ്ഫലമാക്കിത്തീർക്കുകയും ചെയ്തു. അദ്ദേഹം ഇപ്രകാരം അരുൾ ചെയ്യുന്നു.

അവരുടെ (ക്രിസ്ത്യാനികളുടെ) മതത്തിന്റെ ഏകസ്തൂപം ഇതാണ്. അതായത് ഇന്നുവരെ ഹദ്ത്ത് മസീഹിബ്നു മർയം ആകാശത്ത് ജീവനോടെ ഇരിക്കുന്നുഎന്നതാണ്. ഈ സ്തൂപത്തെ ഛിന്നഭിന്നമാക്കിത്തീർക്കുക എന്നിട്ടു ക്രിസ്തുമതം ലോകത്തെവിടെയാണുള്ളതെന്നു ദൃഷ്ടി പായിച്ചു നോക്കുക. കാരണം അല്ലാഹു ഇച്ഛിക്കുന്നത് ഈ സ്തൂപം ഛിന്നഭിന്നമായിത്തീരുകയും യൂറോപ്പിലും ഏഷ്യയിലും തൗഹീദിന്റെ കാറ്റുവീശുകയും ചെയ്യണമെന്നാണ്. ഇതിനായിട്ടാണ് അവൻ എന്നെ അയച്ചിരിക്കുന്നത്. (ഇസാല യെ ഔഹാം പേജ് 232)

ഇന്നു വാഗ്ദത്ത മസീഹിന്റെ അനുചരന്മാരായ അഹ്മദിയ്യാ മിഷനറിമാർ ക്രിസ്തുമതത്തിന്റെ തെറ്റായ വിശ്വാസങ്ങൾക്കെതിരായി സുശക്തമായ യുദ്ധമുന്നണിതന്നെ രൂപീകരിക്കുകയും പാശ്ചാത്യ പൗരസ്ത്യ നാടുകളിൽ പ്രവർത്തിക്കുകയും അങ്ങനെ ലക്ഷക്കണക്കിലുള്ള ക്രിസ്ത്യാനികളെ ഇസ്‌ലാമിന്റെ വിജയപതാകയ്ക്കു കീഴിൽ അണിനിരത്തുന്നതിൽ വിജയിക്കുകയും ചെയ്തിരിക്കുന്നു.

Christianity is going down the hill very fast. (Tankanika Times 23.12.1961)

ക്രിസ്തുമതം വളരെ വേഗത്തിൽ അധഃപ്പതിച്ചു കൊണ്ടിരിക്കുകയാണെന്നു സമ്മതിക്കുവാൻ അവർ നിർബന്ധിതരായിത്തീർന്നിരിക്കുകയാണ്. ഹദ്റത്ത് വാഗ്ദത്ത മസീഹിന് വിശ്വാസലോകത്ത് കൈവന്ന അതിമഹത്തായ നേട്ടവും പരിവർത്തനവും ആണ് ഇതു കുറിക്കുന്നത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ക്രിസ്ത്യാനികൾക്ക് ഉണ്ടായിക്കൊണ്ടിരുന്ന വിജയത്തിൽ ഊറ്റം കൊണ്ട് കഅ്ബത്തുല്ലായിൽ കിരിശുനാട്ടപ്പെടും എന്നു വ്യാമോഹം കൊണ്ടിരിക്കുന്നു. എന്നാൽ ഇന്നു ക്രിസ്തുമതത്തിനു തങ്ങളുടെ കോട്ടകൊത്തളങ്ങളിൽ നിന്ന് കുരിശിന്റെ തിളക്കം അവസാനിച്ചതായി അവർ തന്നെ പറയുന്നു.

**ജീവനുള്ള ജമാഅത്ത്**

ഹദ്റത്ത് വാഗ്ദത്ത മസീഹ് വിശ്വാസലോകത്ത് കൈവരിച്ച മഹത്തായ വിപ്ലവം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന പേരിൽ ആഗോളാടിസ്ഥാനത്തിൽ അറിയപ്പെടുന്ന ആത്മീയ സംവിധാന സ്ഥാപനമാണ്. ഈ വിപ്ലവം ഇന്ന് ഇസ്ലാം മതലോകത്ത് ശക്തിമത്തും ഊർജസ്വലവും ആയ ഒരാത്മീയ പ്രസ്ഥാനത്തിന്റെ പേരിൽ പ്രത്യക്ഷപ്പെട്ട് 200 രാഷ്ട്രങ്ങളിൽ നിലകൊള്ളുന്നു.

ദൈവാനുഗ്രഹത്താൽ ഈ ജമാഅത്ത് വൈജ്ഞാനികവും ബുദ്ധിപരവും ആത്മീയപരവും ആയ മൂല്യങ്ങളെ പുനരുജ്ജീവിപ്പിക്കുകയും ഭയഭക്തി, പരിശുദ്ധി, ഇബാദത്ത്, വിശ്വസ്തത എന്നീ സദ്ഗുണങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹുല്ലാഹ്) 2009 ജൂലായ് മാസത്തിൽ യു.കെ. യിൽ സമ്മേളിച്ച വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത ചില മാന്യവ്യക്തികൾ അഹ്മദിയ്യാ ജമാഅത്തിനെ പ്രകീർത്തിച്ചു പറഞ്ഞ ചില പ്രസംഗങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അവയിൽ ഒന്ന് മാത്രം ഇവിടെ ചേർക്കുന്നു.

ആഫ്രിക്കയിലെ ബനൈൻ നാട്ടു ഗവൺമെന്റിന്റെ മിനിസ്റ്റർ ഫോർ പൊളിറ്റിക്സ് അഫയേഴ്സ് അലക്സാണ്ടർ പറയുന്നു.

'അഹ്മദിയ്യത്ത് തന്നെ യഥാർഥ ഇസ്‌ലാം. ലോകത്ത് ഇസ്‌ലാമിന്റെ ഭാവി അഹ്മദിയ്യത്തുമായി മാത്രം ബന്ധപ്പെട്ടതാണ്. ഞങ്ങൾക്ക് ഒരു മുസ്‌ലിമിലും ഈ രൂപം കാണാൻ സാധിച്ചിരുന്നില്ല. ഇത് വാസ്തവത്തിൽ സ്നേഹം, സൗഹാർദം, സാഹോദര്യം, ആത്മാർഥത, മനുഷ്യസ്നേഹം എന്നിവയുടെ രൂപമാണ്. ഈ പ്രസ്ഥാനം അറിവിന്റെയും ആത്മീയതയുടെയും സുശക്തമായ സമന്വയമാകുന്നു. എല്ലാവരോടും സ്നേഹം, ആരോടുമില്ല വിദ്വേഷം എന്ന മുദ്രാവാക്യത്തിന്റെ പ്രതീകവും പ്രാവർത്തിക രൂപവുമാണ് അഹ്മദിയ്യാജമാഅത്ത്. ഒരു ദൈവീക പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യലക്ഷ്യവും ഇതു തന്നെയാണ്. സ്വാർഥതയുമായോ സ്വാർഥതാൽപര്യങ്ങളുമായോ ഒരു ബന്ധവുമില്ലാത്ത ജമാഅത്താണിത്. വാസ്തവത്തിൽ ഇവർ മനുഷ്യരല്ല മലക്കുകളാണ്, ഇവർ ആകാശത്ത് നിന്നു ഇറങ്ങിയവരും ലോകത്ത് ജീവിക്കാൻ തുടങ്ങിയവരുമാണ്." (ബദർ 29-10-2009)

ആധുനിക കാലഘട്ടത്തിൽ മുസ്‌ലിംകൾക്ക് സുശക്തമായ സംവിധാനങ്ങളും ഭരണകൂടങ്ങളും ഉണ്ടായിട്ടും ആഗോളാടിസ്ഥാനത്തിൽ അഹ്മദിയ്യാ ജമാഅത്ത് ചെയ്തുകൊണ്ടിരിക്കുന്നതു പോലുള്ള ഇസ്‌ലാം മതസേവനങ്ങളുടെ ആയിരത്തിലൊന്നുകൂടി ഇവർക്ക് ചെയ്യുവാൻ സാധിക്കുന്നില്ല എന്നത് ഒരു യാഥാർഥ്യം മാത്രമാണ്. ഇന്നു ലോകത്ത് 200 രാഷ്ട്രങ്ങളിൽ അഹ്മദിയ്യത്ത് തന്റെ വിജയപ്പതാക നാട്ടിയിരിക്കുകയാണ്. ആത്മീയമായ രീതിയിൽ വിപ്ലവാത്മകമായി ഈ ജമാഅത്ത് എതിർപ്പുകളുടെ കൊടുങ്കാറ്റുകളെ അതിജീവിച്ചുകൊണ്ട് ഇസ്‌ലാമിനെ ആഗോളവിജയത്തിലേക്കെത്തിച്ചു കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചും മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ ഇന്റർനാഷണൽ മുഖേന സൂര്യൻ പടിഞ്ഞാറു നിന്നുദിക്കും എന്ന നബിതിരുമേനി (സ) യുടെ പ്രവചനം പൂർത്തിയായിരിക്കുകയാണ്.

ആഗോളാടിസ്ഥാനത്തിൽ വാഗ്ദത്ത മസീഹ് ചെയ്ത മഹത്തായ വിപ്ലവത്തെ പ്രകീർത്തിച്ചുകൊണ്ട് സുപ്രസിദ്ധ പണ്ഡിതനും ഖുർ ആൻ വ്യഖ്യാതാവും മുസ്‌ലിംകളുടെ രാഷ്ട്രീയ നേതാവുമായിരുന്ന മൗലാനാ അബ്ദുൽ കലാം ആസാദ് ഇപ്രകാരം പ്രസ്താവിച്ചു.

ആ മനുഷ്യൻ ഏറ്റവും വലിയ മനുഷ്യൻ, അദ്ദേഹത്തിന്റെ തൂലിക മാന്ത്രികമായിരുന്നു, ജിഹ്വമന്ത്രജാലവും, മസ്തിഷ്കം അദ്ഭുതങ്ങളുടെ പ്രതീകവുമായിരുന്നു. ആ മനുഷ്യൻ അദ്ദേഹത്തിന്റെ കൈവിരലുകളിൽ വിപ്ലവത്തിന്റെ കമ്പികൾ കെട്ടിപ്പിണഞ്ഞിരുന്നു. അദ്ദേഹത്തിന്റെ രണ്ടു മുഷ്ടികൾ വിദ്യുച്ഛക്തിയുടെ രണ്ടു ബാറ്ററികളായിരുന്നു. ആ മനുഷ്യൻ മതലോകത്തിനായി 30 വർഷക്കാലം കൊടുങ്കാറ്റായി ഭവിച്ചിരുന്നു. അദ്ദേഹം ലോകത്തുനിന്നു തിരോധാനം ചെയ്തിരിക്കുകയാണ്. മത

പരവും ബുദ്ധിപരവുമായ ലോകത്ത് വിപ്ലവം സൃഷ്ടിക്കുന്നവർ എപ്പോഴും ലോകത്ത് വരുന്നില്ല. ഇത്തരം ചരിത്രത്തിന്റെ വിജേതാക്കൾ ലോകത്ത് വളരെ കുറച്ച് മാത്രമേ വരുന്നുള്ളു. അവർ വരികയാണെങ്കിൽ ലോകത്ത് വിപ്ലവം സൃഷ്ടിച്ചു കാണപ്പെടുന്നു. (വക്കീൽ പത്രം 30 മെയ് 1908)

അഹ്മദിയ്യാ ജമാഅത്തിന് ആഗോളാടിസ്ഥാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതിയേയും അഭിവൃദ്ധിയേയും അംഗികരിച്ചുകൊണ്ട് കറാച്ചിയിൽ നിന്നും പുറപ്പെടുന്ന 'ദിഫാഗ്' എന്ന മാസിക 1977 ആഗസ്റ്റ് ലക്കത്തിൽ എഴുതുന്നു.

ഖാദിയാനികളുടെ ദൈനംദിനമുള്ള പുരോഗതിയും അഭിവൃദ്ധിയും ലക്ഷക്കണക്കിൽ ജനങ്ങളുടെ ഖാദിയാനി മത(?)ത്തിൽ ഉള്ള പ്രവേശവും ഖാദിയാനിസത്തിലേക്കുള്ള ചായ്‌വും പ്രത്യക്ഷത്തിൽ ദൈവം അവരോടൊപ്പമാണെന്നതിനുള്ള തെളിവാണ്. മുഴുവൻ ഉമ്മത്തും ഒരുഭാഗത്തും ഏറ്റവും ചെറിയ ഈ ജമാഅത്ത് വേറൊരു ഭാഗത്തും നിൽക്കുന്നതായി ഓരോ കണ്ണിനും കാണുവാൻ സാധിക്കുന്നതാണ്. പെട്രോളിന്റെ സമ്പത്ത്! ഭരണകൂടങ്ങളുടെ ആനുകൂല്യം!! ഭൂരിപക്ഷമാണെന്ന വാദം!!! ഫലം? വട്ടപൂജ്യം! അവസാനം ഇതെങ്ങനെ സംഭവിച്ചു? നാം ഗൗരവപൂർവം ഈ പ്രശ്നത്തെക്കുറിച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഖാദിയാനിയ്യത്ത് എന്ന വെള്ളപ്പൊക്കം എത്രമാത്രം വേഗതയിലാണ് മുന്നേറിക്കൊണ്ടിരിക്കുന്നതെന്നു കാണുമ്പോൾ അടുത്ത ചില വർഷങ്ങളിൽ ഇതു മുഴുലോകത്തോടൊപ്പം പാകിസ്ഥാനെയും ഒഴുക്കിക്കളയും എന്ന് അനുമാനിക്കുന്നത് പ്രയാസകരമല്ല.

ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) പറയുന്നു:

അല്ലയോ ബുദ്ധിമാന്മാരേ! പ്രവർത്തനങ്ങൾ മുഖേന എന്നെതിരിച്ചറിയുക, ദൈവീക സഹായവും പിന്തുണയും ലഭിച്ചവർക്ക് ലഭ്യമായത്പോലുള്ള പ്രവർത്തനവും ദൃഷ്ടാന്തങ്ങളും പ്രത്യക്ഷമാകുന്നില്ലെങ്കിൽ നിങ്ങൾക്കെന്നെ സ്വീകരിക്കാതിരിക്കാം. എന്നാൽ പ്രകടമാകുന്നുവെങ്കിൽ നിങ്ങൾ മനഃപ്പൂർവ്വം നാശത്തിന്റെ പടുകുഴിയിൽ നിങ്ങളെ അർപ്പിക്കാതിരിക്കുക. തെറ്റിദ്ധാരണകളും ദുരൂഹങ്ങളും ഉപേക്ഷിക്കുക. ഒരു പരിശുദ്ധാത്മാവിനെ അവഹേളിച്ചതു കൊണ്ട് ആകാശം വിവർണമായിരിക്കുകയാണ്. എന്നാൽ നിങ്ങൾക്കത് കാണുവാൻ സാധ്യമല്ല. മലക്കുകളുടെ കണ്ണുകളിൽനിന്നും രക്തം ഉറ്റിവീഴുകയാണ്. പക്ഷേ നിങ്ങൾ അത് കാണുന്നില്ല. ഭവനങ്ങളും മതിൽകോട്ടകളും വിജ്ജംഭിതമാണ്. കാര്യം ഗ്രഹിക്കുവാൻ സാധിക്കുന്ന ബുദ്ധിയും വിവേകശക്തിയും എവിടെയാണുള്ളത്? സമയങ്ങളെ കണ്ടറിയുവാൻ സാധിക്കുന്ന അകക്കണ്ണുകൾ എവിടെയാണ്? ഉപരിലോകത്ത് ഒരു കല്പന എഴുതപ്പെട്ടിരിക്കുന്നു. ഈ കാര്യത്തിൽ നിങ്ങൾ വെറുപ്പുകൊണ്ടിരിക്കുകയാണോ? നീ ഇപ്രകാരം എന്തിനു ചെയ്തു എന്നു നിങ്ങൾ റബ്ബുൽ ഇസ്സത്തിനോട് ചോദിക്കുകയാണോ? അല്ലയോ അറിവുകെട്ടവരേ! വിരമിച്ചു കൊള്ളുക. മിന്നൽ പിണറിന്റെ മുൻപാകെ നിന്നു കൊള്ളുക എന്നത് നിനക്കു നല്ലതിനല്ല.' (സിറാജെ മുനീർ പേജ് 5)

മറ്റൊരിടത്ത് അദ്ദേഹം പറയുന്നു:

അല്ലാഹു എനിക്കു വളരെയധികം മഹത്വം നൽകി അനുഗ്രഹിച്ചിരിക്കുകയാണെന്നും എന്നോടുള്ള സ്നേഹം ഹൃദയങ്ങളിൽ അങ്കുരിപ്പിക്കുകയാണെന്നും എന്റെ പ്രസ്ഥാനത്തെ ലോകത്തെങ്ങും വ്യാപിപ്പിക്കുന്നതാണ് എന്നും എല്ലാ ജമാഅത്തുകളുടെ മേലും എന്റെ ജമാഅത്തിനു വിജയം നൽകുന്നതാണെന്നും എന്റെ ജമാഅത്തിലുള്ളവർ വിജ്ഞാനത്തിൽ പരിപൂർണത പ്രാപിക്കുന്നതാണെന്നും അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. അവർ തങ്ങളുടെ സത്യതയുടെ പ്രകാശവും തെളിവുകളും മൂലം എല്ലാവരുടേയും വായടക്കുന്നതായിരിക്കും. ഓരോ സമുദായവും ഈ നീരുറവയിൽ നിന്ന് ജലപാനം ചെയ്യുന്നതാണ്. ഈ പ്രസ്ഥാനം സുശക്തമായി മുന്നേറുന്നതും പുഷ്പിച്ച് കായ്ച്ച് ഭൂമിയിൽ വലയം ചെയ്യുന്നതുമായിരിക്കും. വളരെയധികം തടസ്സങ്ങളുണ്ടാകും. പരീക്ഷണങ്ങളുണ്ടാകും. എന്നാൽ അല്ലാഹു എല്ലാം തന്നെ ഒടുവിൽ എടുത്തുകളയുന്നതും തന്റെ വാഗ്ദാനങ്ങളെ പൂർത്തിയാക്കുന്നതുമായിരിക്കും. അല്ലയോ ശ്രോതാക്കളേ! ഈ കാര്യങ്ങൾ സ്മൃതിപഥത്തിൽ വെച്ചുകൊള്ളുക. ഈ പ്രവചനങ്ങളെ തങ്ങളുടെ പെട്ടികളിൽ സുരക്ഷിതമായി വെക്കുക. അതായത് ഇതു അല്ലാഹുവിന്റെ വചനമാണ്. തീർച്ചയായും ഇത് ഒരു ദിവസം പൂർത്തിയാകുന്നതാണ്. ഇൻശാ അല്ലാഹ്. (തദ്കിറ പേജ് 846). ■



## സലാം ചൊല്ലൽ

അബൂഹുറൈറ(റ) പറയുന്നു: നബി(സ) അരുളി: ചെറിയവർ വലിയവർക്കും നടക്കുന്നവർ ഇരിക്കുന്നവർക്കും ചെറിയസംഘം വലിയ സംഘത്തിനും സലാം പറയണം. (ബുഖാരി) അബൂഹുറൈറ(റ)യുടെ മറ്റൊരു രിവായത്തിൽ നബി അരുളി: വാഹനത്തിൽ സഞ്ചരിക്കുന്നവൻ നടക്കുന്നവനും നടക്കുന്നവൻ ഇരിക്കുന്നവനും സലാം ചൊല്ലണം(ബുഖാരി). അബ്ദുല്ല(റ)യിൽ നിന്ന് നിവേദനം: ഒരാൾ നബി(സ)യോട് ചോദിച്ചു: ഇസ്‌ലാമിലെ നടപടികളിൽ ഏതാണ് ഏറ്റവും ഉൽകൃഷ്ടം? നബി(സ) അരുളി: വിശക്കുന്നവർക്ക് ആഹാരം നൽകുകയും നിനക്ക് പരിചയമുള്ളവർക്കും പരിചയമില്ലാത്തവർക്കും സലാം ചൊല്ലണം(ബുഖാരി) അനസ് (റ)ൽ നിന്ന് നിവേദനം: നബി(സ) ഒരു സംഘം കുട്ടികളുടെ അടുത്തുകൂടി നടന്നുപോയപ്പോൾ അവർക്ക് സലാം ചൊല്ലി. അനസും അപ്രകാരം ചെയ്തു. **(ബുഖാരി)**

ലേഖനം



# ഇസ്‌ലാമിക് ബാങ്കിങ്ങ്

**ആഗോള അഹ്മദി യുവജനസംഘടനയായ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ 'Professionals Journal' എന്ന പ്രസിദ്ധീകരണത്തിൽ വന്ന ലേഖനത്തിന്റെ രണ്ടാം ഭാഗം**

ഹാഷിം അഹ്മദ്

**മു**തൽമുടക്കുന്ന നിക്ഷേപകനും ബിസിനസ് സംരംഭകനും തമ്മിലുള്ള ഉടമ്പടിയിലൂടെ രൂപം കൊള്ളുന്ന കച്ചവടം അഥവാ **മുദാറബ** രീതിയിലുള്ള ബിസിനസിന് ആധുനിക കാലത്തുള്ള ഒരു വെല്ലുവിളി പണം മുടക്കാൻ തയ്യാറുള്ള നിക്ഷേപകനേയും (Investor) കച്ചവടം നടത്തുന്ന ഏജന്റിനേയും അഥവാ സംരംഭകനേയും ഒരുമിച്ചുകൂട്ടുക എന്നതാണ്. ഇത് ഇസ്‌ലാമിക വ്യവസ്ഥിതിയിൽ എങ്ങനെ സാധ്യമാക്കാം എന്നതാണ് പ്രശ്നം. ഇക്കാലത്ത് നടക്കുന്ന രീതിയിലുള്ള സ്റ്റോക്ക് മാർക്കറ്റ് സമ്പ്രദായം ഇസ്‌ലാം അംഗീകരിക്കുന്നില്ല.

ആധുനിക സ്റ്റോക്ക് മാർക്കറ്റ് സമ്പ്രദായം നിക്ഷേപകനേയും സംരംഭകനേയും ഫലപ്രദമായി ഒന്നിപ്പിക്കുന്നുവെങ്കിലും അവയിൽ ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ അദ്ധ്യാപനങ്ങൾക്ക് യോജിക്കാത്ത ധാരാളം ഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. ഓഹരിയുടെ ഹ്രസ്വകാല വിപണനം, മാർജിൻ വിപണനം, ഭാവി വിപണനം (Future Trading), ഹ്രസ്വകാല വിപണത്തിനായുള്ള പലിശക്ക് കടമെടുക്കൽ മുതലായ സമ്പ്രദായങ്ങളൊന്നും ഇസ്‌ലാമിൽ അനുവദനീയമല്ല. ഇതിനുള്ള പരിഹാരം നിക്ഷേപകന്റെയും അൽ മുദാറബ (ബിസിനസ് ഏജന്റ് / ബിസിനസ് സംരംഭകൻ) യുടെയും ഇടയിൽ മദ്ധ്യവർത്തിയായി ഒരു സാമ്പത്തിക സ്ഥാപനത്തിന്റെ രൂപീകരണമാണ്. അതായത് ഇസ്‌ലാമിക രീതിയിലുള്ള ഒരു ബാങ്കിന്റെ രൂപീകരണം. ബാങ്ക് മുദാറബകളിലും മുശാറക്കകളിലും (പാർട്ട്ണർഷിപ്പ്) പണം നിക്ഷേപിക്കാവുന്നതാണ്. ബാങ്കിന്റെ വീക്ഷണകോണിലായിരിക്കണം ഈ സ്ഥാപനത്തിൽ പണം നിക്ഷേപിക്കേണ്ടത്. അത് പാശ്ചാത്യ രീതിയിലുള്ള ഇക്വിറ്റി പണനിക്ഷേപത്തിനു സമാനമായ ഒരു സമ്പ്രദായമായിരിക്കും.

റസൂൽ തിരുമേനി (സ) തന്റെ പ്രവാചകവാദത്തിന് മുമ്പ് അറബികൾക്കിടയിൽ 'അൽ അമീൻ' എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. അതിന് കാരണം അവിടുത്തെ അനിതരസാധാരണമായ വിശ്വസ്തതയും സത്യസന്ധതയുമായിരുന്നു. ആളുകൾ ദീർഘയാത്രകൾ പോവുമ്പോൾ അവരുടെ പക്കലുള്ള പണവും മുതലുകളും (അമാനത്ത്) ഭാവിയിൽ ആവശ്യപ്പെട്ടാൽ തിരിച്ചുതരണമെന്ന വ്യവസ്ഥയിൽ റസൂൽ തിരുമേനി(സ)യെ സൂക്ഷിക്കാനേൽപിക്കാറുണ്ടായിരുന്നു. അപ്രകാരം അവർ എപ്പോഴാണ് ആവശ്യപ്പെട്ടിരുന്നത് അപ്പോഴെല്ലാം യാതൊരു വിഘ്നവും കൂടാതെ റസൂൽ തിരുമേനി(സ) അവരുടെ പണവും മുതലുകളും അവർക്ക് തിരിച്ചേൽപ്പിച്ചിരുന്നു. മുതലുകൾ സൂക്ഷിക്കുകയും അവ ആവശ്യപ്പെടുമ്പോൾ തിരിച്ചേൽപ്പിക്കുകയും ചെയ്യുന്ന അങ്ങേയറ്റം വിശ്വസ്തതയും സത്യസന്ധതയും പുലർത്തുന്ന ഒരാൾക്ക് ലഭിക്കുന്ന അത്യപൂർവവും അത്യുന്നതവുമായ ബഹുമതിയാണ് 'അൽ അമീൻ' എന്ന സ്ഥാനം.

പലിശരഹിതമായ വ്യവസ്ഥയിലാണ് ഇസ്‌ലാമിക ബാങ്ക് പ്രവർത്തിക്കുക. 'അമീന്റെ' പണം സൂക്ഷിപ്പ് ചുമതലയും അതുപോലെ കച്ചവടസംരംഭങ്ങളിലെ 'നിക്ഷേപകന്റെ' ചുമതലയും നിർവഹിക്കുന്ന പണം സൂക്ഷിപ്പിന്റേയും നിക്ഷേപത്തിന്റേയും ലളിതമായ ഒരു ഘടനയിലാണ് ഇസ്‌ലാമിക് ബാങ്ക് പ്രവർത്തിക്കുക. പണം സൂക്ഷിക്കാൻ വേണ്ടി നിക്ഷേപിക്കുന്നവരും (Depositors) ബിസിനസിൽ നിക്ഷേപിക്കുന്നവരും (Inverstors) ഉൾക്കൊള്ളുന്ന ഒരു സാമ്പത്തിക സ്ഥാപനമാണ് ബാങ്ക്.

### പണം സൂക്ഷിപ്പി(ഡപ്പോസിറ്റ്) നു വേണ്ടിയുള്ള നിക്ഷേപകർ

തങ്ങളുടെ വരുമാനം, ശമ്പളം മുതലായവ സൂക്ഷിക്കാൻ വേണ്ടി ബാങ്കിനെ ഉപയോഗപ്പെടുത്തുന്നവരാണ് ഡപ്പോസിറ്റേഴ്സ് അഥവാ പണം സൂക്ഷിപ്പിനു വേണ്ടി നിക്ഷേപിക്കുന്നവർ. അത്തരം ആളുകൾ ഒരു വർഷത്തിനുള്ളിൽ അവരുടെ പണം പല ആവശ്യങ്ങൾക്കായി തിരിച്ചുവാങ്ങുന്നവരായിരിക്കും.

### ബിസിനസ് സംരംഭങ്ങളിലെ നിക്ഷേപകർ (ഇൻവെസ്റ്റ്മെന്റ്)

സക്കാത്ത് നിരക്കിനേക്കാൾ ഉയർന്ന തോതിൽ ലാഭം പ്രതീക്ഷിച്ചുകൊണ്ട് തങ്ങളുടെ അധിക മൂലധനവും നിക്ഷേപിക്കുന്ന വ്യക്തികളാണ് ബാങ്കിലെ നിക്ഷേപകരായി കണക്കാക്കപ്പെടുന്നത്. ബാങ്ക് സ്ഥാപിക്കാൻ വേണ്ടി അടിസ്ഥാന മൂലധനമിറക്കുന്ന നിക്ഷേപകനും 'നിക്ഷേപകൻ' അഥവാ 'ഇൻവെസ്റ്റർ' ആയിട്ടായിരിക്കും പരിഗണിക്കപ്പെടുക. അയാൾക്ക് യാതൊരു വിധത്തിലുള്ള പ്രത്യേകാവകാശങ്ങളോ മറ്റു പരിഗണനകളോ ഉണ്ടായിരിക്കുകയില്ല. നിക്ഷേപങ്ങൾ സ്ഥിരാടിസ്ഥാനത്തിലുള്ളതോ നിശ്ചിത ദീർഘകാലാടിസ്ഥാനത്തിലുള്ളതോ ഇടക്കാലത്തിലുള്ളതോ ഹ്രസ്വകാലാടിസ്ഥാനത്തിലുള്ളതോ ആയിരിക്കും.

### ബാങ്കിന്റെ സേവനങ്ങൾ

മറ്റു പൊതുസേവനങ്ങൾ കൂടാതെ ബാങ്ക് അതിന്റെ പണം താഴെ കാണുന്ന രണ്ട് രീതിയിൽ നിക്ഷേപിക്കുന്നു.

**ഖർദുൽ ഹസൻ:** അടിയന്തിരാവശ്യങ്ങൾക്കും മറ്റുമായി യാതൊരു അധികം തിരിച്ചടവുമില്ലാതെ വ്യക്തികൾക്ക് നൽകുന്ന വായ്പയാണ് ഖർദുൽ ഹസൻ. ഇത് ഒരു പേർഷ്യൻ പദത്തിന്റെ

അറബി രൂപമാണ്. അടിയന്തരാവശ്യങ്ങൾക്ക് വ്യക്തികൾക്ക് നൽകുന്ന വായ്പയാണിത്. കടം വാങ്ങുന്നയാൾ വായ്പയായി സ്വീകരിച്ച പണം മാത്രമേ തിരിച്ചടക്കേണ്ടതുള്ളൂ. വായ്പയായി വാങ്ങിയ തുകയെക്കാൾ കൂടുതലായി വായ്പ വാങ്ങിയയാൾക്ക് തിരിച്ചു നൽകാവുന്നതാണ്. പക്ഷേ, അത് തികച്ചും വായ്പ വാങ്ങിയയാളുടെ ഇഷ്ടപ്രകാരമായിരിക്കും. യാതൊരു നിർബന്ധവും പാടില്ല.

**സാമ്പത്തിക സ്ഥാപനേതര നിക്ഷേപങ്ങൾ**

ഈ രീതിയിലുള്ള നിക്ഷേപം ബാങ്കിന്റെ 'നിക്ഷേപകനിധിയിൽ' (ഇൻവെസ്റ്റ്മെന്റ് ഫണ്ട്) നിന്നായിരിക്കും പണമെടുത്ത് മുതൽമുടക്കുന്നത്. നേരത്തെ സൂചിപ്പിച്ച ബി. ടൈപ്പ് നിക്ഷേപകരി (ഇൻവെസ്റ്റേഴ്സ്)ൽ നിന്നു സമാഹരിച്ച മൂലധനത്തിൽ നിന്നായിരിക്കും ഈ നിക്ഷേപം നടത്തുക. മുദാറബ, മുശാറക്ക/ മുഫാവദ എന്നീ ഇനങ്ങളിലുള്ള ബിസിനസ് സംരംഭങ്ങളിലായിരിക്കും പണം മുടക്കുക. ഏത് തരത്തിലുള്ള ബിസിനസ് സ്ഥാപനമാവട്ടെ, ബാങ്കിന് ആ സ്ഥാപനത്തിൽ നൂറുശതമാനവും ഉടമസ്ഥാവകാശമില്ലാത്തതാണെങ്കിൽ അത്തരം ബിസിനസ് സ്ഥാപനങ്ങളിൽ ബാങ്ക് വളരെ സ്ഥൈര്യമുള്ളതും നിർണായകവുമായ ഒരു ഓഹരിയുടമയായിരിക്കും. ബാങ്കിന്റെ നിക്ഷേപങ്ങൾ ഉചിതംപോലെ സ്ഥിര/ദീർഘകാല/ ഹ്രസ്വകാല സ്വഭാവത്തോടുകൂടിയതുമായിരിക്കും.

**ലാഭനഷ്ട പങ്കാളിത്തം**

ബാങ്ക് വിവിധ ബിസിനസ് സംരംഭങ്ങളിൽ വിവിധ രീതിയിലുള്ള നിക്ഷേപങ്ങൾ നടത്തുകയും ഒരു നിശ്ചിതകാലത്തിനുശേഷം ലാഭനഷ്ടങ്ങളുടെ കണക്കുകൾ പരിശോധിക്കുകയും ചെയ്യും. ബാങ്കിന്റെ ഭരണപരവും പ്രവർത്തനപരവുമായ ചെലവുകൾ കഴിച്ച് ബാക്കി ലാഭം നിക്ഷേപകരുടെ ഓഹരി മൂലധനത്തിന്റെ അനുപാതമനുസരിച്ച് വീതിക്കുന്നു. നഷ്ടമാണെങ്കിൽ ആ നഷ്ടത്തിന്റെ അനുപാതത്തിൽ വീതിക്കുന്നു. നഷ്ടമാണെങ്കിൽ അത് മൂലധനത്തിന്റെ മൂല്യത്തിൽ കുറവ് വരുത്തുകയും ചെയ്യുന്നു. സാധാരണയായി ബാങ്ക് പണം മുടക്കിയ സംരംഭകർക്ക് അഥവാ ബാങ്കിന്റെ ഏജന്റിന് മുൻകരാർ പ്രകാരമാണ് ബാങ്കുമായി ലാഭം വീതിക്കുക.

**ലാഭം പങ്കുവെക്കൽ**

ബാങ്കിന് ലഭിക്കുന്ന ലാഭം അഥവാ അറ്റാദായം നിക്ഷേപകർക്കിടയിൽ ഡിവിഡന്റായി വീതിക്കുന്നു. നിക്ഷേപകരുടെ ഇഷ്ടമനുസരിച്ച് അത് ക്യാഷ് ആയോ നിക്ഷേപക ഓഹരിയായോ അല്ലെങ്കിൽ മുൻകൂട്ടി വല്ല കരാറുമുണ്ടെങ്കിൽ അത് പ്രകാരമോ ബാങ്ക് നൽകുന്നു. ഇസ്‌ലാമിക വ്യവസ്ഥയ്ക്ക് കീഴിലുള്ള ബാങ്കോ അല്ലെങ്കിൽ ഏതെങ്കിലും ഒരു ബിസിനസ് സ്ഥാപനമോ യാതൊരു കാരണവശാലും നിക്ഷേപകന്റെ ലാഭം പിടിച്ചുവെക്കാൻ പാടുള്ളതല്ല. നിക്ഷേപകന്റെ സമ്മതമുണ്ടെങ്കിൽ മാത്രമേ അപ്രകാരം ചെയ്യാൻ പാടുള്ളു. അങ്ങനെ ലാഭം കൈയിൽ സൂക്ഷിക്കുന്ന സാഹചര്യത്തിൽ ലാഭവിഹിതത്തിനനുസരിച്ചുള്ള തങ്ങളുടെ ഓഹരികൾ നിക്ഷേപകന് യഥാക്രമം ആ ബിസിനസ് സ്ഥാപനം രേഖാമൂലം നൽകിയിരിക്കണം. നിക്ഷേപകർക്കിടയിൽ പ്രത്യേക അവകാശമുള്ളവർ ഉണ്ടാവാൻ പാടില്ല. ഓഹരിയുടമകൾക്കെല്ലാവർക്കും തുല്യ അവകാശവും തുല്യബാദ്ധ്യതകളുമായിരിക്കണം ഉണ്ടാവേണ്ടത്. അവരുടെ നിക്ഷേപങ്ങളുടെ അനുപാതത്തിലുള്ള അന്തരങ്ങളൊഴികെ മറ്റു യാതൊരു വ്യത്യാസങ്ങളും അസമത്വങ്ങളും അംഗീകരിക്കില്ല.

**ബാങ്കിന്റെ മറ്റു പ്രവർത്തനങ്ങൾ**

പാശ്ചാത്യ നാടുകളിലെ ഇൻഷൂറൻസ് കമ്പനികൾ, വെൽഫയർ ഫണ്ട്, മ്യൂച്ചൽ ഫണ്ട് മുതലായ ധനകാര്യ കമ്പോളത്തിലെ സ്ഥാപനങ്ങളെപ്പോലെയുള്ള സാമ്പത്തിക സ്ഥാപനങ്ങളെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. ഈ സ്ഥാപനങ്ങളെല്ലാം തന്നെ പലിശയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവയാണ്. ഇത്തരം സ്ഥാപനങ്ങളുടെ ഒരു ഇസ്‌ലാമിക ബദലാണ് 'അൽ-തകാഫുൽ' (Al - Takaful). വ്യത്യാസം ഇത്രമാത്രമാണ്. അൽ-തകഫുൽ പ്രത്യേകമായ അടിസ്ഥാനമുള്ള ഒരു സ്ഥാപനമല്ല. അത് ഇസ്‌ലാമിക ബാങ്കിന്റെ അവിഭാജ്യമായ ഘടകമായിരിക്കും. 'തകഫുൽ, എന്നാൽ മുസ്‌ലിംകൾ തമ്മിലുള്ള ഐക്യദാർഢ്യത്തിന്റെ പരസ്പരസഹായത്തെയാണ് അത് അർഥമാക്കുന്നത്.

ഇസ്‌ലാമിക ബാങ്കുകൾ ഒരു മാനേജ്മെന്റ് കമ്പനി പോലെയാണ് പ്രവർത്തിക്കുക. അതിൽ പങ്കെടുക്കുന്നവർ ഓഹരികളായി പണം നൽകുകയും അവ സമാഹരിച്ച് ബിസിനസുകളിൽ നിക്ഷേപങ്ങൾ നടത്തുകയുമാണ് ബാങ്ക് ചെയ്യുന്നത്. ബാങ്കിന്റെ ഓഹരി ഉടമകളുടെ മുടക്ക് ധനവും അതിന്റെ ലാഭവും കൂട്ടി, ഭരണച്ചെലവുകൾ, മാനേജ്മെന്റ് ചെലവുകൾ, അപ്രതീക്ഷിതമായി സംഭവിക്കുന്ന നഷ്ടങ്ങൾ എന്നീ എല്ലാ ചെലവുകളും കഴിച്ചുള്ള ലാഭം ഓഹരി ഉടമകൾക്കിടയിൽ വീതിക്കുന്നു. ഒരു വർഷത്തെ പ്രവർത്തനത്തിനിടയിൽ ചെലവുകൾ നടത്തുവാൻ മതിയായ വരുമാനം ലഭ്യമല്ലെങ്കിൽ ഓഹരിയുടമകളെ വിളിച്ചുചേർത്ത് വരവ് ചെലവുകളിലുള്ള വ്യത്യാസം അറിയിക്കുകയും അത് നികത്തുവാൻ സഹകരിക്കണമെന്ന് ബാങ്ക് അഭ്യർഥിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള രീതികൾ നിക്ഷേപകർക്കും ബാങ്കിനുമിടയിൽ ഐക്യദാർഢ്യവും സഹകരണവും വളർത്തുവാൻ സഹായിക്കും.

**ബാങ്കിന്റെ കോർപ്പറേറ്റ് ഭരണം**

ഇസ്‌ലാമിക സമ്പദ്ഘടന സമ്പത്തിന്റെ വിപുലമായ വിതരണം ഉറപ്പ് വരുത്തുന്നു. അത് അല്പം ചിലരുടെ കൈകളിൽ പണം കുന്നുകൂടുന്നതിനെ നിരുത്സാഹപ്പെടുത്തുന്നു. ലോകത്തിലെ സകല ജനതകളുടെയും സാമ്പത്തികവും സാമൂഹികവുമായ ക്ഷേമം ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

മൂലധനം അങ്ങനെ സമാഹരിക്കപ്പെട്ടാൽ ആ മൂലധനം ലോകജനസമൂഹത്തിനിടയിൽ വിഭജിച്ച് അംശീകരിച്ച് വിതരണം ചെയ്യേണ്ടതാണ്. അവ ഉപയോഗിക്കാൻ വേണ്ടി ഒരു മദ്ധ്യവർത്തി സ്ഥാപനം രൂപീകരിക്കപ്പെടണം. ആ മൂലധനം സമ്പദ്‌വ്യവസ്ഥയിൽ എവിടെ, എപ്രകാരം, ഏറ്റവും ഫലപ്രദമായി നിക്ഷേപിക്കുവാൻ കഴിയും എന്ന് ഈ സ്ഥാപനത്തിന് അറിവുണ്ടായിരിക്കണം. ഈ സ്ഥാപനം ആദ്യം മൂലധനം സമാഹരിക്കും. പിന്നീട് വിവിധ ഉൽപാദക രംഗങ്ങളിൽ അത് വിനിയോഗിക്കും. ഈ സ്ഥാപനം നാം നേരത്തെ ചർച്ച ചെയ്തത് പോലെ രണ്ട് രീതിയിൽ മുദാരിബ് (ഏജന്റ്) ആയി പ്രവർത്തിക്കുന്നു. അത് നിക്ഷേപം സ്വീകരിച്ച് ജനങ്ങൾക്ക് വേണ്ടിയുള്ള മുദാരിബും ഉൽപാദന മേഖലയിൽ നിക്ഷേപമിറക്കുന്ന മുദാരിബും ആയിരിക്കും. ഈ സമ്പ്രദായം നിരവധി ബാങ്കുകളുടെ രൂപീകരണത്തിലേക്ക് നയിക്കും. പക്ഷേ, അവയുടെ അസ്തിത്വവും വിജയവും സത്യസന്ധതയിലും വിശ്വസ്തതയിലും അധിഷ്ഠിതമായിരിക്കും. അങ്ങനെ വരുമ്പോൾ അത് സ്ഥിരനിക്ഷേപകരുടെ വമ്പിച്ച സ്രോതസ്സുകൾ സൃഷ്ടിക്കുകയും ബാങ്കിൽ അവർക്കുള്ള താല്പര്യം ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായി ത്തീരുന്നു.

ഏത് രൂപത്തിലായാലും ഏത് നാമത്തിൽ അവ നില നിന്നാലും ശരി, ഇസ്‌ലാമിക സമ്പദ് വ്യവസ്ഥയിൽ ഇസ്‌ലാമിക് ബാങ്കിന് ബിസിനസിലും കോർപറേറ്റ് മാനേജ്മെന്റിലും വളരെ കേന്ദ്രീയവും നിർണായകവുമായ പങ്ക് വഹിക്കാൻ കഴിയും. ഈ അർഥത്തിൽ ഇസ്‌ലാമിക വ്യവസ്ഥ ജർമനിയിലേയും ജപ്പാനിലേയും വ്യവസ്ഥകളോട് വളരെയേറെ സാമ്യമുള്ളതാണ്. ബാങ്കിനെ ധനകാര്യ ഇടപാടുകൾ നടത്തുന്ന സ്ഥാപനമായി അവർ കാണുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം ബാങ്കുകൾ അവർക്ക് മൂലധനം സ്വരൂപിക്കാനുള്ള ഏറ്റവും വലിയ സ്രോതസ്സാണ്. ജർമൻ, ജപ്പാൻ ബാങ്കുകളിൽ നിന്നും വ്യത്യസ്തമായി ഇസ്‌ലാമിക ബാങ്കുകൾ നിക്ഷേപങ്ങൾ വായ്പകളായോ (Debt) ഇക്വിറ്റിയായോ വേർതിരിച്ചു കണക്കാക്കുകയില്ല എന്ന് മാത്രം. ഒരു ദിവസത്തെ നിക്ഷേപമായാൽ പോലും ആ നിക്ഷേപങ്ങളെല്ലാം ഇക്വിറ്റിഷെയറുകളായി മാത്രമാണ് കണക്കാക്കപ്പെടുക. അതായത് ലാഭത്തിലും നഷ്ടത്തിലും ഒരുപോലെ പങ്കാളിത്തമുള്ള ഇക്വിറ്റി ഷെയറുകളായിട്ടായിരിക്കും അവ കണക്കാക്കപ്പെടുക. കടപ്പത്രരൂപത്തിലുള്ള പലിശയുടെ അടിസ്ഥാനത്തിലുള്ള വായ്പകൾ വഴി ഇസ്‌ലാമിക ബാങ്കുകൾ ഒരിക്കലും പണം സമാഹരിക്കുകയില്ല. പലിശയുടെ അടിസ്ഥാനത്തിലുള്ള ഇത്തരം സാമ്പത്തിക സ്ഥാപനങ്ങളാണ് മുതലാളിത്തത്തെ രൂപപ്പെടുത്തുന്നത്. ജർമനിയുടെ യൂണിവേഴ്സൽ ബാങ്ക് (Universal Bank)ഇസ്‌ലാമിക ബാങ്കുമായി താരതമ്യപ്പെടുത്താവുന്നതാണ്. പക്ഷേ വിപുലമായ അർഥത്തിൽ അത് ഒരു ജർമൻ സങ്കല്പത്തിലുള്ള സ്ഥാപനം തന്നെയാണ്.

കോർപറേറ്റ് ഭരണത്തിന്റെ വീക്ഷണകോണിൽ ബാങ്കുകളും അതിന്റെ കക്ഷികളും തമ്മിലുള്ള ബന്ധത്തെ വിലയിരുത്തിക്കൊണ്ട് വിൽസൺ എന്ന സാമ്പത്തിക വിദഗ്ധൻ നടത്തിയ വ്യക്തമായ നിരീക്ഷണം ശ്രദ്ധിക്കുക.

'മുസ്‌ലിം രാജ്യങ്ങളിലെ നിരവധി കുടുംബ ബിസിനസുകൾ പൊതുജനങ്ങളിൽ നിന്ന് മൂലധനം സ്വീകരിക്കാൻ ഭയപ്പെടുന്നു. ഒരു പക്ഷേ അവരുടെ ഭീതിക്ക് കാരണം ബിസിനസിൽ അവർക്കുള്ള നിയന്ത്രണം നഷ്ടപ്പെടുമോ എന്ന ആശങ്കയാണ്. അങ്ങനെ ബിസിനസിന്റെ വിപുലീകരണത്തിനുള്ള ധനസമാഹരണം തടയപ്പെടുകയും അവരുടെ രീതി കാരണം ബിസിനസ് ചെറുതായി തുടരുകയും ചെയ്യുന്നു. 'മുദാറബ' ധനനിക്ഷേപ പദ്ധതിയിലൂടെ ഈ വെഞ്ചർ മൂലധനത്തി (Venture Capital)ന്റെ വിടവ് ഇസ്‌ലാമിക ബാങ്കുകൾക്ക് നികത്തിക്കൊടുക്കാൻ സാധിക്കുകയും ഇത്തരം സാഹചര്യത്തിൽ ബാങ്കും ബാങ്കിനെ സമീപിക്കുന്ന കക്ഷിയും ചേർന്ന് പുതിയ ഒരു ബിസിനസ് ആരംഭിക്കും. ബിസിനസിൽ പങ്കാളിയാവുന്ന കക്ഷിക്ക് തന്റെ തനത് ബിസിനസിന്റെ നിയന്ത്രണം നഷ്ടപ്പെടുമെന്ന ഭീതിയില്ലാതെ തന്നെ പുതിയ സംരംഭം ഇസ്‌ലാമിക ബാങ്കുമായി സഹകരിച്ച് തുടങ്ങാവുന്നതാണ്. തീർച്ചയായും 'മുദാറബ' സാമ്പത്തിക നിക്ഷേപങ്ങൾ അത്തരം സന്ദർഭങ്ങളിൽ ഏറ്റവും മാതൃകാപരമാണ്. മുശാറക്ക (പാർട്ണർ ഷിപ്പ്) സംവിധാനത്തിലും കമ്പനിയുടെ നിയന്ത്രണമേറ്റെടുക്കാതെ ലാഭം കിട്ടുമെന്ന പ്രതീക്ഷയിൽ ഇസ്‌ലാമിക ബാങ്കിന് പണം നിക്ഷേപിക്കാവുന്നതാണ്. (5)

ഇത് തികച്ചും സത്യവും സംഭവിച്ചുകൊണ്ടിരിക്കുന്ന യാഥാർഥ്യവുമാണ്. മുൻകാലങ്ങളിൽ ബ്രിട്ടന്റെ ഭരണത്തിനു കീഴിലോ അമേരിക്കൻ സ്വാധീനത്തിലോ ഉള്ള മുസ്‌ലിം രാജ്യങ്ങളിൽ ഇത്തരം സംരംഭങ്ങളിൽ ഇപ്പോൾ നടന്നുവരുന്നു. ഇത്തരം സംരംഭങ്ങൾ ബാങ്ക് പരമ്പരാഗതമായ രീതിയിൽ ബിസനസിന്റെ ഭരണകാര്യങ്ങളിൽ ഉദാസീനമായ നിലപാടാണ് സ്വീകരിക്കുക. ബാങ്കിന്റെ കക്ഷികളുമായുള്ള ബന്ധം കൈയെത്തും ദൂരത്ത് നിർത്തിക്കൊണ്ടാണ് ഇത്തരം ഉദാസീന സമീപനം സ്വീകരിക്കുന്നത്. ബാങ്ക് ഓഫ് പാകിസ്താൻ, ദുബായ് ഇസ്‌ലാമിക് ബാങ്ക്, ഫൈസൽ ഇസ്‌ലാമിക് ബാങ്ക്, അൽ റയാൻ, അൽ ശരീഫ്, അൽ മിസ്ർ, നാഷണൽ ബാങ്ക് ഓഫ് അബുദാബി, അൽ ബറാക്ക ഇസ്‌ലാമിക് ഇൻവെസ്റ്റ്മെന്റ് ബാങ്ക്, കുവൈത്ത് ഫിനാൻസ് ഹൗസ് മുതലായവയാണ് ഇപ്പോഴത്തെ ഇസ്‌ലാമിക ബാങ്കിങ്ങ് സ്ഥാപങ്ങൾക്ക് ഉദാഹരണങ്ങൾ.

മുമ്പ് സൂചിപ്പിച്ചതുപോലെ നിക്ഷേപകർ അവരുടെ മൂലധനം 'മുദാറബ'യെ (ഏജന്റ് / മാനേജർ) ചില വ്യവസ്ഥകളോടെയാണ് ഏല്പിക്കുന്നത് . ഇത് ഇസ്‌ലാമിന് മുമ്പ് തന്നെ അറബികളുടെ ഇടയിലുണ്ടായിരുന്ന സമ്പ്രദായമാണ്. റസൂൽ തിരുമേനി(സ) ആ സമ്പ്രദായം അംഗീകരിക്കുകയും അത് മുസ്‌ലിംകളിൽ തുടരുകയുമാണ് ചെയ്തത്. ഉടമസ്ഥാവകാശവും നടത്തിപ്പും വേറെ വേറെയായി വിഭജിക്കപ്പെട്ടു കിടക്കുന്ന ഒരു ബിസിനസ് സ്ഥാപനത്തിന്റെ ഉടമയായ നിക്ഷേപകന് ബിസിനസിൽ ഇടപെടാനുള്ള വഴി തീർച്ചയായും ഈ വ്യവസ്ഥയിലൂടെ ലഭ്യമാകുന്നു. അതിനാൽ വിൽസന്റെ വാദങ്ങളോട് പൂർണമായും യോജിക്കാൻ സാധ്യമല്ല. അതായത് മുദാറബയിൽ ഇസ്‌ലാമിക് ബാങ്ക് ഒരു ഉറങ്ങുന്ന പങ്കാളിയെപ്പോലെ (Sleeping Partener)വർത്തിക്കുന്നുവെന്ന് വിൽസന്റെ നിരീക്ഷണം ശരിയല്ല. മുൻകൂർ കരാറുണ്ടെങ്കിൽ അത് ചിലപ്പോൾ ഉറങ്ങുന്ന പാർട്ട്ണറെപ്പോലെ യാവാം അല്ലാതെയുമാവും.

* വെഞ്ചർ കാപിറ്റൽ: പുതിയ ബിസിനസ് മേഖലകളിലോ, ഇത് വരെ ആരും കടന്നുചെന്നിട്ടില്ലാത്ത അല്പം സാഹസികതയുള്ള ബിസിനസ് സംരംഭങ്ങൾക്കോ മൂലധന കമ്മി അനുഭവപ്പെടുന്ന ഇടപാടുകാർക്ക് ദീർഘാടിസ്ഥാനത്തിൽ നൽകുന്ന മൂലധന വായ്പയാണ് വെഞ്ചർ ക്യാപിറ്റൽ. റിസ്ക് ക്യാപിറ്റൽ (Risk Capital) എന്നും ഇത് അറിയപ്പെടുന്നു. (വിവ:) ■

### നാളേക്ക് എന്ത്?

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നാളേക്ക് വേണ്ടി താൻ മുൻകൂട്ടി ഒരുക്കിവെച്ചിട്ടുള്ളതെന്താണെന്ന് ഓരോ മനുഷ്യനും ചിന്തിക്കട്ടെ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അല്ലാഹു സൂക്ഷ്മജ്ഞനാകുന്നു. **(വിശുദ്ധ ഖുർആൻ 59:19)**

# മുസ്‌ലിം തീവ്രവാദം **അവസാനിക്കണമെങ്കിൽ...**

അബ്ദുല്ലാഹി മാസ്റ്റർ, കൊടിയത്തൂർ

**ഇ**സ്‌ലാമിന്റെ പേരിലുള്ള തീവ്രവാദവും, തീവ്രവാദപ്രവർത്തനവും അനുദിനം ശക്തിപ്പെട്ടുവരികയാണ് ഇന്ത്യയിൽ. തീവ്രവാദ വിരുദ്ധ പ്രചരണവും, നടപടികളും ശക്തിയായി നടന്നുകൊണ്ടിരിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത് എന്നതാണ് രസകരം. തീവ്രവാദം അവസാനിക്കണമെങ്കിൽ എന്താണ് തീവ്രവാദം എന്ന് നിർവചിക്കാൻ കഴിയണം. അതിന് ശേഷം തീവ്രവാദ ആശയങ്ങൾക്കും ചിന്തകൾക്കും പ്രചോദനങ്ങൾ എവിടെനിന്ന്, ആരിൽനിന്ന് ഉദ്ഭവിക്കുന്നു എന്ന് കണ്ടെത്തുകയാണ് ഒന്നാമതായിവേണ്ടത്. ഇവിടെയാണ് മുസ്‌ലിം ഭൂരിപക്ഷത്തിന് തെറ്റു പറ്റിയത്. യഥാർഥ തീവ്രവാദ സംഘടനയെ കണ്ടെത്തുവാൻ അവർക്ക് കഴിയുന്നില്ല. തീവ്രവാദ സംഘടനയെ കൂട്ടുപിടിച്ച് തിവ്രവാദികളെ തിരയുന്ന ദുരന്ത കാഴ്ചയാണ് കാണാൻ കഴിയുന്നത്. എല്ലാവരും തീവ്രവാദിയെ തിരയുന്നു.

കേരളത്തിൽ അതി തീവ്രവാദ ചിന്തകൾ പ്രചരിപ്പിക്കുന്ന, സായുധകലാപത്തിന് പ്രേരണ നല്കുന്ന, സായുധ കലാപങ്ങളിൽ അഭിമാനിക്കുന്ന ഏക മുസ്‌ലിം സംഘടന ജമാഅത്തെ ഇസ്‌ലാമി മാത്രമാണെന്ന് അവരുടെ പ്രസിദ്ധീകരണങ്ങൾ തെളിയിക്കുന്നു. മറ്റൊരു സംഘടനയുടെ പ്രസിദ്ധീകരണങ്ങളിലും ജമാഅത്തെ ഇസ്‌ലാമിയുടേത് പോലെയുള്ള തീവ്രവാദ ആശയങ്ങൾ കാണാൻ കഴിഞ്ഞിട്ടില്ല. ജമാഅത്തെ ഇസ്‌ലാമിയുടെ നേതൃത്വത്തിൽ തീവ്രവാദിയെ തെരഞ്ഞാൽ ഒരിക്കലും കാണാൻ കഴിയുകയില്ല. ഒരിക്കലും തീവ്രവാദത്തിൽ നിന്ന് മുസ്‌ലിം കളെ രക്ഷിക്കാനും ആർക്കും കഴിയുകയില്ല.

ജമാഅത്തെ ഇസ്‌ലാമിയുടെ പ്രസിദ്ധീകരണങ്ങളിൽ നിറഞ്ഞു നില്ക്കുന്ന തീവ്രവാദ ചിന്തകൾ പരിശോധിക്കാം. അവരുടെ പ്രസിദ്ധീകരണങ്ങളിലുള്ള തീവ്രവാദ ആശയങ്ങളെ ഒരിക്കലും ജമാഅത്ത് നിഷേധിച്ചിട്ടില്ല. പിൻവലിച്ചിട്ടുമില്ല. ഒരിക്കലും തള്ളിപ്പറഞ്ഞിട്ടുമില്ല. മറിച്ച്, സാമൂഹ്യസേവനങ്ങളിലൂടെയും, മതമൈത്രീ കാമ്പയിനിലൂടെയും ദുരിതാശ്വാസ പ്രവർത്തനങ്ങളിലൂടെയും ഒരു പുകമറ സൃഷ്ടിച്ച് സ്വന്തം തനിമയെ മറച്ച് വെക്കാനാണ് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

> തീവ്രവാദത്തിന്റെ ഉറവിടം ജമാഅത്തെ ഇസ്‌ലാമിയാണെന്ന് ലേഖകൻ കണ്ടെത്തുന്നു.

ജമാഅത്തെ ഇസ്‌ലാമിയുടെ അമ്പതാം വാർഷികത്തോടനുബന്ധിച്ച് 'പ്രബോധനം' ഇറക്കിയ സോവനീറിൽ അതിന്റെ ഉദ്ഭവവും, വളർച്ചയും, വികാസവും വിശദമായി വിവരിച്ചിട്ടുണ്ട്. ആ സോവനീറിൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ജമാഅത്തെ ഇസ്‌ലാമിക്ക് 6 ഘടകങ്ങളുള്ളതായി അവകാശപ്പെടുന്നു. ഓരോന്നിന്റെയും പ്രവർത്തന ശൈലിയും, ശക്തിയും, സ്വാധീനവും വിശദമായി വിവരിച്ചിട്ടുണ്ട്. അതിൽ കാശ്മീരി ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ചുള്ള ലേഖനത്തിലെ വരികൾ വായിക്കുക.

താഴ്‌വരയിൽ തീവ്രവാദ പ്രവർത്തനം ശക്തിപ്പെട്ടതിനു ശേഷം ജമാഅത്തെ ഇസ്‌ലാമിയുടെ സ്വാധീനം വർദ്ധിച്ചിട്ടുള്ളതായി പറയപ്പെടുന്നു. താഴ്‌വരയിലെ ഏറ്റവും ശക്തമായ തീവ്രവാദ ഗ്രൂപ്പുകളിലൊന്നായ ഹിസ്ബുൾ മുജാഹിദീൻ ജമാഅത്തെ ഇസ്‌ലാമി അനുകൂല ഗ്രൂപ്പാണ്. ഇതിന് പുറമെ 'അല്ലാഹ് ടൈഗേഴ്സ്' എന്ന സംഘത്തിനും ജമാഅത്ത് രൂപം നല്കിയിട്ടുണ്ട്. ജനങ്ങളിൽ ഇസ്‌ലാമിക ചൈതന്യം വളർത്തുകയും നില നിർത്തുകയുമാണ് ഈ സംഘത്തിന്റെ മുഖ്യമായ പ്രവർത്തനമെന്ന് പറയപ്പെടുന്നു.

വിവിധ തീവ്രവാദ ഗ്രൂപ്പുകളെ ഏകോപിപ്പിക്കുന്നതിലും ജമാഅത്തിന്റെ പങ്ക് പ്രധാനമാണ്. രാഷ്ട്രീയ മേഖലയിൽ പതിമൂന്ന് സംഘടനകൾ ചേർന്ന തഹ്‌രീകെ ഹുർയത്ത് കാശ്മീർ (കാശ്മീർ സ്വാതന്ത്ര്യ പ്രസ്ഥാനം) എന്ന പേരിൽ ഒരു മുന്നണിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഈ ഗ്രൂപ്പിലെ ഏറ്റവും വലിയ സംഘടന ജമാഅത്താണ്. അരാഷ്ട്രീയനായ അഡ്വക്കറ്റ് മിയാൻ അബ്ദുൾ ഖയ്യൂമാണ് മുന്നണിയുടെ അദ്ധ്യക്ഷൻ. സെക്രട്ടറിയായ മുഹമ്മദ് അഷ്‌റഫ് സഹ്‌റായി കശ്മീർ ജമാഅത്തെ ഇസ്‌ലാമിയുടെയും സിക്രട്ടറി ജനറലാണ്. സൈനിക മേഖലയിൽ വിവിധ സായുധ ഗ്രൂപ്പുകൾ ചേർന്ന് രൂപം നല്കിയ 'മുത്തഹിദ് ജിഹാദ് കൗൺസിലി'ന്റെ ചെയർമാൻ അലി മുഹമ്മദ് ഡാറും ജമാഅത്തെ ഇസ്‌ലാമിയുടെ നേതാക്കളിലൊരാളാണ്. (പേജ്. 145.)

കാശ്മീർ ജമാഅത്തെ ഇസ്‌ലാമിയുടെ ചുവട് പിടിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് കേരളത്തിലും നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. മുസ്‌ലിം സംഘടനകളെ ഏകോപിപ്പിച്ച് മുന്നണിയാക്കി നേതൃത്വം പിടിച്ചെടുത്ത് മുസ്‌ലിംകളിൽ സ്വാധീനം നേടുവാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലും, കേരളത്തിലും വളരെ ന്യൂനപക്ഷമായതുകൊണ്ടുമാത്രമാണ് കടുത്ത തീവ്രവാദ പ്രവർത്തനങ്ങൾക്ക് തയ്യാറാവാതിരിക്കുന്നത്. അനേകായിരം മുസ്‌ലിംകളുടെ കൂട്ടക്കൊലപാതകത്തിൽ അഭിമാനിക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്ക് എങ്ങനെയാണ് ഇസ്‌ലാം സമാധാനത്തിന്റെ, സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ മതമാണെന്ന് പ്രചരിപ്പിക്കുവാൻ കഴിയുക?. ലേഖനത്തിൽ കാശ്മീർ ജമാഅത്തെ ഇസ്‌ലാമിയുടെ തീവ്രവാദ നിലപാടുകളെ അഭിമാനത്തോടെയാണ് ലേഖകൻ വിവരിക്കുന്നത്. ആ നിലപാടുകളാണ് ഇന്ത്യയിലും

പിന്തുടരേണ്ടതെന്നാണ് ധ്വനിപ്പിച്ചിരിക്കുന്നത്. തങ്ങളുടെ സഹോദര ഘടകമായ കാശ്മീർ ജമാഅത്തെ ഇസ്‌ലാമിയുടെ തീവ്രവാദ സായുധ നിലപാടുകൾ ഇസ്‌ലാമിക വിരുദ്ധമാണെന്നോ, തള്ളിക്കളയേണ്ടതാണെന്നോ ലേഖകൻ പറയുന്നില്ല. ചുരുക്കത്തിൽ ഇന്ത്യയിൽ ജമാഅത്തെ ഇസ്‌ലാമി ശക്തിപ്രാപിച്ചാൽ കാശ്മീർ ജമാഅത്തെ ഇസ്‌ലാമിയുടെ എല്ലാ നിലപാടുകളും നയങ്ങളും സ്വീകരിക്കുമെന്നാണ് ലേഖനത്തിന്റെ പാഠം. ജമാഅത്തെ ഇസ്‌ലാമി തീവ്രവാദ സംഘടനയാണെന്നുള്ളതിന് ഈ ലേഖനം മതിയായ തെളിവാണ്. ഈ സത്യം തിരിച്ചറിഞ്ഞ് ജമാഅത്തെ ഇസ്‌ലാമിയെ ഒറ്റപ്പെടുത്തി ഇസ്‌ലാം ശാന്തിയുടെയും സമാധാനത്തിന്റെ മതമാണെന്ന അവകാശ വാദത്തെ ഉയർത്തി കാണിക്കാൻ മുസ്‌ലിം സംഘടനകൾ തയ്യാറാവേണ്ടതുണ്ട്.

അതോടൊപ്പം ജമാഅത്തെ ഇസ്‌ലാമി പ്രചരിപ്പിക്കുന്ന മറ്റൊരു തീവ്രവാദ ആശയമാണ് ഇസ്‌ലാംമത വിശ്വാസം ഉപേക്ഷിക്കുന്നവനെ വധിച്ചു കളയണമെന്ന നിയമം ഖുർആനിൽ ഉണ്ടെന്നത്. അമുസ്‌ലിംകളിൽ ഇസ്‌ലാമിനെക്കുറിച്ച് വമ്പിച്ച തെറ്റിദ്ധാരണയുണ്ടാക്കുന്ന ഒരു ഖുർആനിക വിരുദ്ധ വിശ്വാസമാണിത്. ഈ വാദം ജമാഅത്തെ ഇസ്‌ലാമിയുടെ മാത്രം വാദമാണെന്നും, ഇസ്‌ലാമിന്റെതല്ലെന്നും മുസ്‌ലിം സംഘടനകൾ പ്രഖ്യാപിക്കാൻ ഒട്ടും വൈകിക്കൂടാ.

ഇസ്‌ലാമിൽ രാജ്യദ്രോഹപ്രവർത്തനങ്ങൾ നടത്തുന്നവരെ ഭരണകൂടത്തിന് മാത്രം വധിക്കാം എന്ന നിയമം മാത്രമേ ഉള്ളൂ. ഇസ്‌ലാം മതം ഉപേക്ഷിക്കുന്ന സാധാരണ മനുഷ്യൻ എങ്ങനെയാണ് രാജ്യദ്രോഹിയാകുന്നത്?. ഇസ്‌ലാം മതം പൂർണമായും വിശ്വാസ സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു. വിശ്വാസം ഉപേക്ഷിക്കുവാനും, വീണ്ടും സ്വീകരിക്കുവാനും വീണ്ടും ഉപേക്ഷിക്കുവാനും, വീണ്ടും സ്വീകരിക്കുവാനും, അവിശ്വാസത്തിൽ മുന്നേറാനും ഒരു മനുഷ്യന് അവകാശമുണ്ടെന്ന് 4:134ൽ വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. അതിന് യാതൊരു ശിക്ഷയും ദുനിയാവിൽ വിധിച്ചിട്ടില്ല. പരലോകശിക്ഷ മാത്രമേ ഉള്ളൂ. ഈ പവിത്രമായ മൗലികാവകാശത്തെയാണ് ജമാഅത്തെ ഇസ്‌ലാമി വെല്ലുവിളിക്കുന്നത്.

ഇതുസംബന്ധിച്ച് ജമാഅത്ത് നേതാവായ ഒ. അബ്ദുറഹിമാൻ ഉന്നയിക്കുന്ന പരിഹാസ്യമായ ന്യായ വാദം അത്ഭുതപ്പെടുത്തുന്നതാണ്. ഒ. അബ്ദുറഹിമാൻ പറയുന്നത് കാണുക. 'ഒരാൾ ഇസ്‌ലാമാകുന്നത് തന്നെ, പിന്നീടൊരിക്കൽ രാജിവെക്കാനാഗ്രഹിച്ചാൽ അത് അനുവദിക്കപ്പെടാൻ പോകുന്നില്ലെന്ന ഉത്തമ ബോധ്യത്തോടെയാണ്' എന്നാണ്. (ഇസ്‌ലാമും യുക്തിവാദവും പേ. 163). ഇതാണ് ഖുർആനിക നിയമമെങ്കിൽ രാജി വെക്കാൻ സ്വാതന്ത്ര്യമില്ലെങ്കിൽ അത് അമുസ്‌ലിം കൾക്ക് മുമ്പാകെ തുറന്ന് പ്രഖ്യാപിക്കാത്തത് എന്തുകൊണ്ടാണ്. അവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കേണ്ടത് തന്നെ ഈ മുന്നറിയിപ്പോടെയല്ലേ. സമൂഹ നോമ്പുതുറയും, സർവ്വ സമുദായ മൈത്രീ സമ്മേളനവും മറ്റും നടത്തി ഇസ്‌ലാമിലേക്കാകർഷിച്ച് ഇസ്‌ലാം സ്വീകരിച്ചശേഷം പഠിപ്പിക്കേണ്ട തത്വമാണോ ഇത്? ഇത്തരം വിചിത്രവും വഞ്ചനാപരമായ വിധികൾ ഖുർആനിന്റെ പേരിൽ വെച്ച് കെട്ടി ഇസ്‌ലാം ഭീകരവാദമതമാണെന്ന തെറ്റിദ്ധാരണ അമുസ്‌ലിംകളിൽ ഉണ്ടാക്കുവാൻ കാരണമാക്കുന്ന ജമാഅത്തെ ഇസ്‌ലാമിയെ ഒറ്റപ്പെടുത്തുവാൻ മുസ്‌ലിം സംഘടനകൾ തയ്യാറായേ തീരൂ. അതാണ്, അത് മാത്രമാണ് കേരളത്തിലെ മുസ്‌ലിംകളുടെ സമാധാന ജീവിതത്തിന് അനിവാര്യമായിരിക്കുന്നത്.


Reaching the corners of the Earth

## ജുമുഅ ഖുത്വ്ബ

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്‌ലിംകൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർത്ഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്‌ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്‌ലിം ടെലിവിഷൻ അഹ്‌മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജ്ജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്‌മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്‌ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടിക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദ്ദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു.



Every Friday live at 13.00 GMT on MTA International

**Live Translations:**
English, French, Arabic, German, Bengali

**Translations on repeat**
Russian, Turkish, Swahili, Tamil, Malayalam

**www.mta.tv**

# യൂറോപ്പ്: ഭീകരതയിലേക്ക് വഴിമാറുന്ന അസഹിഷ്ണുത

മുസാഫിർ

**ക**ഴിഞ്ഞ ജൂലൈ 22ന് യൂറോപ്പിലെ സ്കാന്റിനേവിയൻ രാജ്യമായ നോർവെയിലെ ഓസ്ലോയിൽ ഇസ്ലാംമത വിരോധിയും ബഹുസ്വര സംസ്കാരത്തിന്റെ എതിരാളിയും ക്രിസ്ത്യൻ വലതുപക്ഷ നവയാഥാസ്ഥിതികനുമായ ആന്റേഴ്സ് ബെഹ്റിംങ്ങ് ബ്രെയ്വിക് എന്ന ഭീകരവാദി നടത്തിയ ബോംബ് സ്ഫോടനത്തിലും വെടിവെപ്പിലും 92 പേരാണ് കൊല്ലപെട്ടത്. ബ്രെയ്വിക്ക് ആക്രമിക്കാൻ തിരഞ്ഞെടുത്തത് നോർവെയിലെ ഒരു മസ്ജിദോ മുസ്ലിം ആൾക്കൂട്ടമോ ആയിരുന്നില്ല. മുസ്ലിം കുടിയേറ്റം അനുവദിക്കുന്ന ഭരണ കക്ഷിയായ നോർവെ ലേബർ പാർട്ടിയുടെ യുവജനക്യാമ്പിനെയായിരുന്നു അയാൾ ലക്ഷ്യമാക്കിയത്. അത്യന്തം മൃഗീയമായ ആക്രമണമാണ് നടന്നത്. പോലീസ് വേഷം ധരിച്ചെത്തിയ ബ്രെയ്വിക്ക് ഒന്നാം റൗണ്ട് വെടിവെച്ചു കഴിഞ്ഞപ്പോൾ കൗമാര പ്രായക്കാരായ കുട്ടികൾ കുറെപേർ മരിച്ചു. കുറെപേർ ഭയചകിതരായി ഓടിയൊളിച്ചു. 20 മിനിറ്റ് നേരത്തെ നിശബ്ദതക്ക് ശേഷം, താൻ രക്ഷിക്കാനെത്തിയ പോലീസാണെന്നും ഒളിസ്ഥലങ്ങളിൽ നിന്നും വേഗം പുറത്ത് വരണമെന്നും ഭീകരൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ഇത് കേട്ട് പുറത്തുവന്ന കുട്ടികളെയാണ് ആ നരാധമൻ വീണ്ടും തലങ്ങും വിലങ്ങും വെടിയുതിർത്ത് കൊലപ്പെടുത്തിയത്. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ഒറ്റയാൾ ആക്രമണത്തിൽ ഇത്രയധികം ആളുകൾ കൊല്ലപ്പെട്ടിട്ടില്ല. ഈ വാർത്ത നിഷ്പക്ഷമായി അവലോകനം ചെയ്ത വരാരും ഇത് ഒരു ഒറ്റപ്പെട്ട സംഭവമായി കാണുന്നില്ല. അമേരിക്കയിലും യൂറോപ്പിലും നിരന്തരമായി നടക്കുന്ന



ബ്രെയ്വിക്

ഇസ്ലാം വിരുദ്ധ പ്രചാരണങ്ങളുടെയും അതിന്ന് ഉപോൽബലകമായി മുസ്ലിം ലോകത്ത് നടക്കുന്ന സംഭവ വികാസങ്ങളുടെയും പരിണിതിയാണ് നോർവെ ആക്രമണം എന്ന് വിലയിരുത്തപ്പെടുന്നു. അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) ഈ അക്രമണത്തെ അപലപിച്ചിട്ടുണ്ട്. 15 വർഷങ്ങൾക്ക് മുമ്പ് അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) നോർവെ മുസ്ലിംകൾക്ക് ഇത് സംബന്ധിച്ച് മുന്നറിയിപ്പ് നല്കിയിരുന്നു. അത് പിന്നീട് വിവരിക്കാം.

ബ്രെയ്വിക്ക് അക്രമണം നടത്തുന്നതിന് മുമ്പായി ഇന്റർനെറ്റിൽ പ്രസിദ്ധീകരിച്ച 2083 A European Declaration' എന്ന പ്രഖ്യാപനത്തിൽ അയാളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാണ്. താനൊരു സാംസ്കാരിക ക്രിസ്ത്യാനി (Cultural Christian) ആണെന്ന് അവകാശപ്പെടുന്ന ബ്രെയ്വിക്ക് ഉയർത്തുന്ന ആശയങ്ങൾ യൂറോപ്പിൽ നിന്ന് ഇസ്ലാം മതത്തെ തുടച്ചു നീക്കുക, യൂറോപ്പിലേക്കുള്ള കുടിയേറ്റം ഇല്ലാതാക്കി വൈവിധ്യരഹിതവും ബഹുസ്വര വിമുക്തവുമാക്കുക, മാർക്സിസ്റ്റ് സോഷ്യലിസ്റ്റ് ആശയങ്ങളിൽ നിന്ന് യൂറോപ്പിനെ മോചിപ്പിക്കുക, മദ്ധ്യകാല ക്രൈസ്തവ വിശുദ്ധിയിലേക്ക് യൂറോപ്പിനെ കൊണ്ടു പോകുക മുതലായവയാണ്. അമേരിക്കയിലെ വലതുപക്ഷ ഗ്രൂപ്പുകളേയും ഇന്ത്യയിലെ ഹിന്ദുത്വത്തേയും ഇസ്രയേലിന്റെ സയണിസത്തേയും വാഴ്ത്തുന്ന ബ്രെയ്വിക്ക് യൂറോപ്യൻ യൂണിയനെ നഖശിഖാന്തം എതിർക്കുന്നുണ്ട്. യൂറോപ്യൻ യൂണിയൻ ഇസ്ലാംവത്ക്കരിക്കപ്പെട്ട് 'യൂറേബ്യ' ആയിമാറുമെന്നാണ് ബ്രെയ്വിക്ക് ഭയപ്പെടുന്നത്. മദ്ധ്യകാലഘട്ടത്തിലെ മതാധിഷ്ഠിത ക്രൈസ്തവ ഭരണകൂടങ്ങളുടെ അസഹിഷ്ണുതയെ അനുസ്മരിപ്പിക്കുന്നതാണ് ബ്രെയ്വിക്കിന്റെ ജൽപ്പനങ്ങൾ.

നോർവെ ആക്രമണം നടന്ന ഉടനെ അമേരിക്കയിലും യൂറോപ്പിലു മുണ്ടായ പ്രതികരണങ്ങൾ ഇസ്ലാമി നോട് അവർക്കുള്ള മുൻവിധിയും ഇരട്ടത്താപ്പും വ്യക്തമാക്കുന്നു. അമേരിക്കൻ പ്രസിഡണ്ട് ബറാക്ക് ഒബാമ ആക്രമണത്തിന്നു പിന്നിൽ മുസ്ലിംകളാണെന്ന് ഉടൻ പ്രസ്താവനയിറക്കി. ലോകമാധ്യമ ഭീമനായ റുപർട്ട് മർഡോക്കിന്റെ ഫോക്സ് ന്യൂസും, വാൾ സ്ട്രീറ്റ് ജേർണലും ഒട്ടും വൈകാതെ ജിഹാദികളാണ് ഇതിന് പിന്നിലെന്ന് എഡിറ്റോറിയലെഴുതി. നീലക്കണ്ണനായ ബ്രെയ്വിക്ക് എന്ന ഈ ഭീകരൻ ഇസ്ലാമിനെ യൂറോപ്യൻ മണ്ണിൽ നിന്ന് തുടച്ചു നീക്കാൻ നോമ്പുനോറ്റിരിക്കുന്ന ക്രിസ്ത്യൻ

വലത്പക്ഷ വിശ്വാസിയാണെന്നറിഞ്ഞപ്പോൾ അമേരിക്കൻ യൂറോപ്യൻ മീഡിയകൾ അയാളുടെ മാനസിക വൈകല്യങ്ങളെ പറ്റിയും മനോരോഗത്തെപ്പറ്റിയുമായി ചർച്ച. 92 പേരെ നിഷ്ക്കരുണം കൊലപ്പെടുത്തുകയും അതിന് മുമ്പേ മുസ്‌ലിം വിദ്വേഷത്തിലധിഷ്ഠിതമായ തന്റെ മാനിഫെസ്റ്റോ പ്രസിദ്ധീകരിക്കുകയും ചെയ്ത ഈ കൊലയാളിയുടെ മതപരമായ പക്ഷപാതിത്വത്തെ പറ്റി യാതൊരു പരാമർശവുമുണ്ടായില്ല. ഇസ്‌ലാമിക ഭീകരവാദം സൃഷ്ടിച്ച മാനസിക വിഭ്രാന്തിയുടെ കേവലം ഒരുൽപ്പന്നമാണ് ബ്രെയ്‌വിക്ക് എന്നായിരുന്നു പാശ്ചാത്യമാധ്യമങ്ങളുടെ പിന്നീടുള്ള വിലയിരുത്തൽ. ഈ ഹീനകൃത്യം ചെയ്തത് ഒരു മുസ്‌ലിം നാമധാരിയായിരുന്നെങ്കിൽ വിശുദ്ധ ഖുർആനും മുഹമ്മദ് നബി(സ)യുമെല്ലാം അവരുടെ വിശകലനങ്ങൾക്കും വിമർശനത്തിന്നും ശരവ്യമാവുകയും അവരെ പ്രതിനായകന്മാരാക്കി കാർട്ടൂണുകളും നോവലുകളും സിനിമകളും ഇതിനകം പ്രത്യക്ഷപ്പെടുകയും ചെയ്യുമായിരുന്നു.

അമേരിക്കയിലെ ട്രെയിഡ് സെന്റർ ആക്രമണത്തിന് ശേഷം പാശ്ചാത്യ മാധ്യമങ്ങൾ ഇസ്ലാമിനെതിരെ നടത്തുന്ന പ്രചണ്ഡമായ പ്രചാരണങ്ങൾ യൂറോപ്യൻ സമൂഹത്തെ വമ്പിച്ച തോതിൽ സ്വാധീനിക്കുന്നുണ്ട്. നീതി തത്ത്വങ്ങൾ ഉയർത്തിപ്പിടിക്കുകയും സെക്കുലറിസത്തിന്റേയും സോഷ്യലിസ്റ്റ് വീക്ഷണങ്ങളുടേയും പരികർമികളായി വർത്തിക്കുകയും ചെയ്ത യൂറോപ്പ് ഇന്ന് കുടിയേറ്റവിരുദ്ധത, ഇസ്‌ലാം വിരോധം, ബഹുസ്വരതയോടുള്ള അസഹിഷ്ണുത, ക്രിസ്ത്യൻ പക്ഷപാതിത്വം മുതലായ ഫാസിസ്റ്റ് പ്രതിലോമത്വം മുഖമുദ്രയായുള്ള വലത്പക്ഷ യാഥാസ്ഥിതികത്വത്തിലേക്ക് അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. ഇസ്‌ലാം മതത്തിന്റെ കടന്നുകയറ്റത്തെ ചെറുക്കാനും പാശ്ചാത്യ നാഗരികതയെ സംരക്ഷിക്കാനും യൂറോപിലെ സ്കാന്റിനേവിയൻ രാജ്യങ്ങളായ നോർവേ, സ്വീഡൻ, ഡന്മാർക്ക്, ഫിൻലന്റ് എന്നീ രാജ്യങ്ങളിൽ രൂപപ്പെട്ടുവന്ന പരജനവിദ്വേഷ പാർട്ടികളായ (Xenophobic Parties) വലത്പക്ഷ പാർട്ടികളുടെ സാന്നിദ്ധ്യം ശ്രദ്ധേയമാണ്. പല യൂറോപ്യൻ രാജ്യങ്ങളിലെ പാർലമെന്റിലും അവരുടെ പ്രാതിനിധ്യമുണ്ട്. അത്തരത്തിലുള്ള ഒരു നോർവീജിയൻ പാർട്ടിയാണ് നോർവെ റസിസ്റ്റ് പ്രോഗ്രസീവ് പാർട്ടി. 2005,2009 വർഷങ്ങളിൽ നടന്ന തിരഞ്ഞെടുപ്പിൽ 20 ശതമാനത്തോളം വോട്ടുകൾ നേടുകയുണ്ടായി. ആ പാർട്ടിയിൽ 1997 മുതൽ 2007 വരെ ഭീകരനായ ബ്രെയ്‌വിക്ക് പ്രവർത്തിച്ചിട്ടുണ്ട്. ഫ്രാൻസിൽ മറീൻ ലീ പെൻ നയിക്കുന്ന ഇസ്‌ലാം വിരുദ്ധ ദേശീയ മുന്നണി അടുത്ത വർഷം നടക്കുന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വലിയൊരു ശതമാനം വോട്ടു നേടുമെന്ന് പ്രതീക്ഷിക്കുന്നു. ബ്രെയ്‌വിക്കിന്റെ മാനിഫെസ്റ്റോയിൽ മുന്നോട്ടു വെച്ച പല ആശയങ്ങളെയും താൻ പിന്തുണക്കുന്നുവെന്ന് ഇറ്റലി കുടിയേറ്റ വിരുദ്ധ പാർട്ടിയായ നോർത്തേൺ ലീഗിന്റെ നേതാവും യൂറോപ്യൻ പാർലമെന്റിൽ ആ പാർട്ടിയുടെ പ്രതിനിധിയുമായ മാരിയോ ബോർ ഗെസിയോ പ്രസ്താവിക്കുകയുണ്ടായി. ആ പാർട്ടിയുടെ മറ്റൊരു നേതാവായ ഫ്രാൻസിസ്ക്കോ സ്പെറോണി പ്രശസ്തമായ ഒരു റേഡിയോ പ്രോഗ്രാ മിൽ ബ്രെയ്‌വിക്കിന്റെ ആശയങ്ങൾ പാശ്ചാത്യ നാഗരികതയെ സംരക്ഷിക്കാനുള്ള ഉദ്യമമാണെന്ന് പറയുകയുണ്ടായി. ഇറ്റാലിയൻ പ്രസിഡന്റ് സിൽ വിനോ ബെർലൂസ്കോണിന്റെ ഭരണകൂടം നോർത്തേൺ ലീഗിന്റെ പിന്തുണ യോടെയാണ് ഭരിക്കുന്നത്. ആധുനിക ജനാധിപത്യത്തിന്റെ ജന്മഗേഹം എന്നറിയപ്പെടുന്ന ബ്രിട്ടനിലും അത് പോലെ ജർമനിയിലും ഫ്രാൻ സിലും ഇറ്റലിയിലുമെല്ലാം നവനാസി ആശയ ധാരയുടെ മുഴക്കങ്ങൾ കേൾക്കുമ്പോൾ മാനവരാശിയെക്കുറിച്ചുള്ള ആശങ്കകൾ ഏറിവരുന്നു.

യൂറോപ്യൻ രാജ്യങ്ങളിൽ ആ രാജ്യങ്ങളിലെ ദേശീയ സമൂഹങ്ങളുമായി സാമൂഹ്യമായി സ്വരചേർച്ചയില്ലാതെയും ദേശക്കൂറ് കാണിക്കാതെയും ഉദ്ഗ്രഥനത്തിന്ന് വിധേയമാകാതെ മുഖം തിരിഞ്ഞുനിൽക്കുന്ന ഏഷ്യൻ സമൂഹം വിശിഷ്യാ മുസ്‌ലിം സമൂഹം അപകടകരമായ അവസ്ഥയാണ് വിളിച്ചു വരുത്തുന്നത്. യൂറോപ്യൻ രാജ്യങ്ങളിലെ മുസ്‌ലിംകൾ തദ്ദേശീയ സമൂഹത്തിന്റെ ഭാഗമാണെന്ന് അവരെ ബോദ്ധ്യപ്പെടുത്തുംവിധം സ്വന്തം സാംസ്കാരിക വ്യതിരിക്തത നിലനിർത്തിക്കൊണ്ട് തന്നെ ആത്മാർഥമായി മുഖ്യധാരയുമായി ഒത്തുപോകണമെന്നും അല്ലാത്ത പക്ഷം ഗുരുതരമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്നും 15 വർഷങ്ങൾക്ക് മുമ്പ് അഹ്മദിയ്യ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ഇപ്പോൾ ഭീകരാക്രമണമുണ്ടായ നോർവേയിൽ വെച്ച് തന്നെ മുന്നറിയിപ്പ് നൽകിയത് നമ്മെ അദ്ഭുതപ്പെടുത്തുന്നു. 1996 ഒക്ടോബർ 12ന് അദ്ദേഹം നോർവേ അഹ്മദിയ്യാ ജമാഅത്ത് വാർഷിക സമ്മേളനത്തെ അഭിസംബോധനചെയ്തുകൊണ്ട് കുടിയേറ്റ ജനത അനുവർത്തിക്കേണ്ട ജീവിത രീതികളെ പറ്റി നടത്തിയ ഒരു പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി: ''ഭാഷാപരമായ ഭിന്നത നിലനിലനിൽക്കുകയാണെങ്കിൽ തീർച്ചയായും അത് രാജ്യത്ത് ഒറ്റപ്പെട്ട ദ്വീപുകൾ സമൂഹത്തിൽ സൃഷ്ടിക്കാൻ കാരണമാവും. ഈയൊരവസ്ഥ ആ രാജ്യത്ത് അവർക്കെതിരെ ഭീകരമായ ഒരുപ്രസ്ഥാനം ഉണ്ടാവാൻ സാധ്യതയുണ്ട്." ഈ മുന്നറിയിപ്പാണ് ഇപ്പോൾ യാഥാർഥ്യമായിരിക്കുന്നത്.

സമാധാനം എന്ന അർത്ഥം വരുന്ന ഒരു പദം സ്വന്തം വിളിപ്പേരായി സ്വീകരിച്ച ഒരു മതമാണ് ഇസ്‌ലാം. ആ മതം ഇന്ന് ഭീകര വാദത്തിന്റെ പര്യായമായി മാറിയതിന്റെ ഉത്തരവാദിത്വം പാശ്ചാത്യമാധ്യമങ്ങളുടെ തലയിൽ മാത്രം കെട്ടിവെക്കുന്നത് ശരിയല്ല. ഇതിൽ ഗണ്യമായ പങ്ക് മുസ്‌ലിം കക്ഷികൾക്കുണ്ട്. സായുധ ജിഹാദ് ഇസ്‌ലാം മത പ്രചാരണത്തിന്റെ അവിഭാജ്യ ഘടകമാണെന്ന് സിദ്ധാന്തിച്ച് അതിൽ അനുയായികളെ ആവേശഭരിതരാക്കുന്ന മുസ്‌ലിം കക്ഷികളുടെ സജീവ സാന്നിധ്യമുള്ള സമൂഹം എങ്ങനെ വിമർശനങ്ങൾക്കതീതരാകും. പാകിസ്ഥാനിലും അഫ്ഘാനിസ്ഥാനിലും മറ്റുമുസ്‌ലിം രാജ്യങ്ങളിലും മുസ്‌ലിം കക്ഷികൾ തന്നെ ആവേശത്തോടെ പരസ്പരം ജിഹാദ് എന്ന പേരിൽ കൂട്ടക്കൊല നടത്തി നാട് നരകതുല്യമാക്കിക്കൊണ്ടിരിക്കുകയാണ്. പരിശുദ്ധ റമദാൻ പോലും ഈ നരവേട്ടയിൽ നിന്നും അവരെ തടയുന്നില്ല. എന്നിരിക്കെ അവർക്കെങ്ങനെ ഈ പാശ്ചാത്യ പ്രചാരണങ്ങളെയും വിമർശനങ്ങളെയും അക്രമണങ്ങളെയും അതി ജീവിക്കാനാകും. വിശുദ്ധ ഖുർആൻ പറയുന്നു :

**'ഒരു ജനത അവരുടെ ഹൃദയത്തിലുള്ളതിന് സ്വയം മാറ്റം വരുത്തുന്നത്‌വരെ അവരുടെ സ്ഥിതിക്ക് അല്ലാഹു മാറ്റം വരുത്തുന്നില്ല.'** (13:12)

അല്ലാഹു ലോകത്തെയും മുസ്‌ലിം സമൂഹത്തേയും രക്ഷിക്കട്ടെ. ■

അഫ്ഇദത്തുൽ സലാം വി. എം.

# ശാന്തിദൂതുമായ് അമേരിക്കൻ അഹ്മദികൾ






നിരപരാധിയായ ഒരുവനെ വധിച്ചാൽ അത് മനുഷ്യരാശിയെ മുഴുവനും വധിച്ചതിനു തുല്യമാണ്. ഒരാളുടെ ജീവൻ രക്ഷിച്ചാൽ അത് മനുഷ്യസമൂഹത്തെ മുഴുവൻ രക്ഷിച്ചതിനു തുല്യമാണ്. വിശുദ്ധഖുർആന്റെ ഈ മനോഹര അധ്യാപനത്തെ പ്രാവർത്തികമാക്കുകയാണ് അമേരിക്കൻ അഹ്മദീ മുസ്‌ലിംകൾ. ദശകമൊന്നുകഴിഞ്ഞെങ്കിലും അമേരിക്കൻ മനസ്സുകൾക്കിന്നും മറക്കാനാവാത്ത ദുഃഖമായ 9/11 രക്തസാക്ഷികൾക്ക് ആദരമർപ്പിച്ചുകൊണ്ട് Muslims for life ക്യാമ്പെയിനിംഗിന് തുടക്കം കുറിക്കുകയാണിവർ. പതിനായിരം യൂണിറ്റ് രക്തം ശേഖരിച്ചുകൊണ്ട് മുപ്പതിനായിരത്തോളം ജീവനുകളെ സഹായിക്കാനുള്ള പദ്ധതിയാണിത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി നൂറോളം കൗണ്ടറുകൾ രക്തശേഖരണത്തിനായി തുറന്നിട്ടുണ്ട്. അമേരിക്കൻ റെഡ്ക്രോസ്സും യു.എസ്സ് കോൺഗ്രസ്സ് അംഗമായ ജാക്കിസ്പെയിറും Muslims for life പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

മാധ്യമങ്ങളുടെയും ഇവാഞ്ജലിസ്റ്റുകളുടെയും പചാരണ പ്രവർത്തനങ്ങളുടെ ഫലമായി ഇസ്‌ലാം മതത്തെ വളരെയേറെ തെറ്റിദ്ധരിച്ച അമേരിക്കൻ ജനതയിൽ അഹ്മദിയ്യാ മുസ്‌ലിം ജമാത്ത് സാഹിത്യ പ്രചാരണത്തിലൂടെയും ജീവകാരുണ്യ പ്രവർത്തനത്തിലൂടെയും വലിയ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. വൈറ്റ് ഹൗസിൽ റമദാനിൽ നടത്തിയ ഇഫ്ത്താർ വിരുന്നിൽ പങ്കെടുത്ത അഹ്മദിയ്യാ മുസ്‌ലിം അമേരിക്കാദേശീയ ഉപാധ്യക്ഷൻ ഇമാം നസീം മഹ്ദി സാഹിബ് അഹ്മദിയ്യാ ജമാഅത്ത് അമേരിക്കയിലും ആഗോളതലത്തിലും ചെയ്തുവരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെപ്പറ്റി പ്രസിഡന്റ് ബാറാക്ക് ഒബാമയക്ക് വിശദീകരിച്ചുകൊടുത്തു. അദ്ദേഹം അഹ്മദികളുടെ ഇത്തരം പ്രവർത്തനത്തെ വളരെയേറെ പ്രശംസിക്കുകയും ചെയ്തു.

# ഫ്രാൻസിൽ ഇസ്‌ലാമിന് പ്രചാരമേറുന്നു.

യൂറോപ്യൻ രാജ്യമായ ഫ്രാൻസിൽ ഇസ്‌ലാമിന്റെ വളർച്ച ത്വരിതഗതിയിലെന്ന് റിപ്പോർട്ട്. റോമൻകത്തോലിക്കരെ പിന്തള്ളിക്കൊണ്ട് മുസ്‌ലിം ജനസാമാന്യം ഫ്രാൻസിലെ ഒരുപ്രധാനശക്തിയായി വളർന്നുവരുന്നു. കത്തോലിക്ക ദിനപത്രം 'ലാക്രോയിക്സ്' നടത്തിയ പഠനത്തിൽ കഴിഞ്ഞ ഒരു ദശകത്തിൽ ഫ്രാൻസിൽ രണ്ടായിരം മസ്ജിദുകൾ നിർമിക്കപ്പെടുകയും എന്നാൽ അതേകാലയളവിൽ ഇരുപത് ചർച്ചുകൾ മാത്രമാണ് നിർമിക്കപ്പെട്ടതെന്നും കൂടാതെ അറുപതോളം ചർച്ചുകൾ വിറ്റഴിക്കപ്പെടുകയും അതിൽ പലതും മുസ്‌ലിം പള്ളികളായി മാറ്റപ്പെടുകയും ചെയ്തിട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്കുന്നു. നിലവിലുള്ള പള്ളികൾക്ക് ഉൾക്കൊള്ളാനാവാത്ത വിധത്തിൽ വെള്ളിയാഴ്ചകളിൽ നിരത്തുകളിലും നടപാതകളിലും പ്രാർഥനാനിരതരായിരിക്കുന്ന വിശ്വാസിസമൂഹത്തെ കാണാൻ സാധിക്കുന്നു. ഇസ്‌ലാമിന്റെ വളർച്ചയിൽ ആശങ്കപ്പെടുന്ന തീവ്രവലതുപക്ഷ ദേശീയമുന്നണി നേതാവ് 'ലീ പെൻ' ഇതിനെ നാസി അധിനിവേശത്തോട് താരതമ്യപ്പെടുത്തിക്കൊണ്ട് മുസ്‌ലിം വിരുദ്ധവികാരം ഉണർത്താൻ ശ്രമിക്കുന്നുണ്ട്.






# റോസാബാൽ ഷ്റൈൻ ഓഫ് ശ്രീനഗർ
## ഡോക്യുമെന്ററി ഡയറക്ടറെ അഹ്മദിയ്യാ മിഷണറി സന്ദർശിച്ചു



മൗലവി അമീൻ സാഹിബ് യശേന്ദ്രയ്ക്ക് അഹ്മദിയ്യാ സാഹിത്യങ്ങൾ നല്കുന്നു, മുഹമ്മദ് ഹുസൈൻ സാഹിബ്, തിരുവനന്തപുരം പ്രസിഡന്റ് മുഹമ്മദ് നിസാർ സാഹിബ് എന്നിവർ സമീപം

തിരുവനന്തപുരം: നാലാം അന്തർദേശീയ ഡോക്യുമെന്ററി ഷോർട്ട്ഫിലിം മേളയിൽ യശേന്ദ്ര തയ്യാറാക്കിയ ഒരു മണിക്കൂർ നീണ്ട റോസാബാൽ ഷ്റൈൻ ഓഫ് കശ്മീർ എന്ന ഡോക്യുമെന്ററിപ്രദർശിപ്പിച്ചു.

യേശുവിന്റെ കുരിശുപീഡനത്തിൽ നിന്നുള്ള രക്ഷപ്പെടൽ, അതിനു ശേഷമുള്ള ഇന്ത്യയിലേക്കുള്ള പാലായനം, ശൈശവ കാലത്തെ ഇന്ത്യാസന്ദർശനം, കശ്മീരിലെ ഖാൻയാറിലെ ശിലാകുടീരം മുതലായ വിഷയങ്ങളെ സംബന്ധിച്ച അന്വേഷണമാണ് ഡോക്യുമെന്ററി. യഹൂദ, ക്രൈസ്തവ, ഇസ്‌ലാം മതാനുയായികളുടെ വിശ്വാസവുമായി ബന്ധപ്പെട്ട് യേശുവിന്റെ ഖബർ അത്യന്തം പ്രധാനപ്പെട്ട ഒരു ചരിത്ര സ്മാരകമാണെന്നും ആർക്കിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ ഈ ശിലാകുടീരം ഏറ്റെടുക്കണമെന്നും യശേന്ദ്ര പ്രദർശനത്തിനുശേഷം നടന്ന പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു. താൻ പത്താം ക്ലാസിൽ പഠിക്കുമ്പോഴാണ് യേശുവിന്റെ ഇന്ത്യാ സന്ദർശനത്തെക്കുറിച്ച് ശ്രീ ശ്രീ താക്കൂർ അനുകൂൽ ചന്ദ്ര (1889-1969) എഴുതിയ പ്രബന്ധത്തിൽ നിന്ന് ആദ്യമായി അറിയാൻ കഴിഞ്ഞതെന്നും ഹദ്റത്ത് മിർസാഗുലാം അഹ്മദ് ഈ വിഷയം സംബന്ധിച്ച് എഴുതിയ ഗ്രന്ഥങ്ങൾ താൻ വായിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പ്രസിഡന്റ് മുഹമ്മദ് നിസാർ സാഹിബ്, മിഷണറി മൗലവി അമീൻ സാഹിബ്, മുഹമ്മദ് ഹുസൈൻ സാഹിബ് എന്നിവർ യശേന്ദ്രയെ സന്ദർശിച്ചു. മൗലവി അമീൻ മുഹമ്മദ് അദ്ദേഹവുമായി അഭിമുഖം നടത്തി ജമാഅത്തിന്റെ സാഹിത്യങ്ങൾ അദ്ദേഹത്തിന് ഉപഹാരമായി നൽകി.

### ശ്രേഷ്ഠമായ ദാനം

അബൂഹുറൈറയിൽ നിന്നും നിവേദനം: ഒരാൾ നബിയോട് ചോദിച്ചു. പ്രവാചകരേ ഏത് ദാനധർമ്മമാണ് ഏറ്റവും ശ്രേഷ്ഠമായത്?. നബി(സ) അരുളി: നീ ആരോഗ്യവാനായിരിക്കുക. ധനത്തോട് നിനക്ക് ആഗ്രഹമുണ്ടായിരിക്കുക. ഐശ്വര്യത്തെ നീ പ്രതീക്ഷിക്കുക. ദാരിദ്ര്യത്തെക്കുറിച്ച് നീ ഭയപ്പെടുക എന്നീ പരിതസ്ഥിതിയിൽ നീ നൽകുന്ന ദാനമാണ് ഏറ്റവും ശ്രേഷ്ഠമായത്. നീ ദാനത്തെ പിന്തിരിപ്പിക്കരുത്. ജീവൻ കണ്ഠനാളത്തിലെത്തിക്കഴിഞ്ഞാൽ ഇന്നവനിത്ര കൊടുക്കണം എന്നെല്ലാം നീ പറയാൻ തുടങ്ങും. എന്നാൽ അപ്പോൾ അത് മറ്റൊരുവന്റെ സ്വത്തായി മാറിക്കഴിഞ്ഞിരിക്കും. (ബുഖാരി)

## അനുസ്മരണം



റിയാസ് അഹ്മദ്

കോഴിക്കോട്: കോഴിക്കോട് ജമാഅത്തിലെ സുലൈമാൻ ഹാജിക്കകത്ത് എസ്.എച്ച്. അബ്ദുൽ മജീദ് സാഹിബിന്റെ മകൻ റിയാസ് അഹ്മദ് സാഹിബ് (21) 2011 ജൂലായ് 3 ന് വഫാത്തായി. ഇന്നാലില്ലാഹി വഇന്നാഇലൈഹി... പ്രതിഭാശാലിയായ വിദ്യാർഥിയായിരുന്ന റിയാസ് സാഹിബ് എയ്റോനോട്ടിക്ക് എഞ്ചിനീയറിങ്ങ് ഡിഗ്രിക്ക് കോയമ്പത്തൂരിൽ പഠിക്കുകയായിരുന്നു. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. മാതാവ് മുഹ്സിനാ സാഹിബ. സഹോദരൻ ഫിറോസ് അഹ്മദ്, സഹോദരി മുബീനാ മജീദ്.

## വിശുദ്ധ ഖുർആൻ മനഃപ്പാഠമാക്കി



ബാസിത് അലി



മിസ്ബാഹുദ്ദീൻ

പരിശുദ്ധ ഖാദിയാനിൽ നിന്ന് വിശുദ്ധ ഖുർആൻ മനഃപ്പാഠമാക്കുന്ന ഹിഫ്ള് കോഴ്സ് പൂർത്തിയാക്കിയ ഐരാപുരം ജമാഅത്തിലെ അബ്ദുൽ ബാസിത് അലി സാഹിബിനെയും (15) മിസ്ബാഹുദ്ദീൻ സാഹിബിനെയും (15) എറണാകുളം മസ്ജിദിൽവെച്ച് നടന്ന മേഖലാ സംഗമത്തിൽ മേഖലാ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് ഉപഹാരങ്ങൾ നൽകി ആദരിച്ചു. ഇബ്റാഹിം സാഹിബിന്റെയും ഷാഹിദ സാഹിബയുടെയും മകനാണ് അബ്ദുൽ ബാസിത് അലി. മൗലവി സൈനുൽആബ്ദീൻ സാഹിബിന്റെയും റസിയാ ബീഗം സാഹിബയുടെയും മകനാണ് മിസ്ബാ ഹുദ്ദീൻ സാഹിബ്.

# ഈദ് മിലൻ



കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ നടന്ന ഈദ് മിലൻ പരിപാടിയിൽ മേയർ ശ്രീമതി എം. കെ. പ്രേമജം സംസാരിക്കുന്നു

കോഴിക്കോട്: രാഷ്ട്രീയ സാംസ്കാരിക രംഗത്തെ പ്രഗദ്ഭമതികളും പൗരപ്രമുഖരും പങ്കെടുത്ത കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിലെ ഈദ് മിലൻ പരിപാടി നായിബ് നാസിർ അഅ്ലാ ഭാരത് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് ഉദ്ഘാടനം ചെയ്തു. അഹ്മിയ്യാ മുസ്ലിം ജമാഅത്ത് കോഴിക്കോട് മേഖലാ അമീർ കെ. എം. അഹ്മദ് കോയാ സാഹിബ് ആധ്യക്ഷത വഹിച്ചു. കോഴിക്കോട് പാർലമെന്റ് നിയോജക മണ്ഡലം പ്രതിനിധി ശ്രീ. എം. കെ. രാഘവൻ എം പി. കോഴിക്കോട് മേയർ ശ്രീമതി. എം. കെ പ്രേമജം, കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജമീലാ കാനത്തിൽ സാഹിബ. കോഴിക്കോട് സിറ്റി പോലീസ് കമീഷ്ണർ ശ്രീ. സർജൻ കുമാർ, കേരളാ ഫോക്ക്ലോർ അക്കാദമി ചെയർമാൻ പ്രൊഫ: മഹ്മൂദ് അഹ്മദ് സാഹിബ് എന്നിവർ ആശംസകൾ നേർന്നു. സത്യദൂതൻ പത്രാധിപർ എ. എം. മുഹമ്മദ് സലീം സാഹിബ് ആമുഖഭാഷണത്തിൽ ഈദ് മിലൻ സന്ദേശം അവതരിപ്പിച്ചു. മൗലവി പി. എ. മുഹമ്മദ് സലീം സാഹിബ് ഖുർആൻ പരായണം നടത്തുകയും മാസ്റ്റർ സൽമാൻ ആഖിബ് മൈത്രീ ഗാനം ആലപിക്കുകയും ചെയ്തു. പരിപാടിയുടെ സ്റ്റേജ് നിയന്ത്രണം ഈസക്കോയാ സാഹിബ് നിർവഹിച്ചു.

സമാധാനം ഉയർത്തിപ്പിടിക്കുന്ന അഹ്മദിയ്യാ ജമാഅത്ത് പാകിസ്ഥാനിൽ നിരവധി പീഢനങ്ങൾ ഏറ്റുവാങ്ങിയിട്ടും സഹനസമരത്തിന്റെ മാർഗത്തിൽ നിന്നും ഒരിക്കലും പിൻമാറിയിട്ടില്ല എന്ന് മൗലാന മുഹമ്മദ് ഉമർ സാഹിബ് ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. വിശ്വശാന്തിപുലരാൻ അഹോരാത്രം പ്രവർത്തിക്കുന്ന ഒരാഗോള പ്രസ്ഥാനമാണ് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് എന്ന് അദ്ധ്യക്ഷ ഭാഷണത്തിൽ അഹ്മദ് കോയാ സാഹിബ് വ്യക്തമാക്കി. ആധുനിക ജനാധിപത്യത്തിന്റെ ജന്മഗേഹമായ ബ്രിട്ടീഷ് പാർലമെന്റ് അഹ്മദീയ്യാ ഖലീഫയെ ക്ഷണിച്ചാദരിച്ചത് അത്കൊണ്ടാണെന്നും അദ്ദേഹം അനുസ്മരിച്ചു. തുടർന്നു സംസാരിച്ച ശ്രീ. രാഘവൻ എം. പി. ആധുനിക ജനാധിപത്യത്തിന്ന് അനുഗുണമായ നിലപാടാണ് അഹ്മദിയ്യാ പ്രസ്ഥാനം പുലർത്തുന്നതെന്നും അവരുടെ എല്ലാ പ്രവർത്തനത്തെയും ഈ രാജ്യത്തെ നല്ലവരായ എല്ലാവരും പിന്തുണക്കുമെന്നും പറഞ്ഞു. അഹ്മദിയ്യാ പ്രസ്ഥാനം സമാധാന പ്രസ്ഥാനമാണെന്നും ജമാഅത്തിലെ പലരുമായും എനിക്ക് വ്യക്തിബന്ധമുണ്ടെന്നും മേയർ ശ്രീമതി എം. കെ. പ്രേമജം പറഞ്ഞു. അന്യമതങ്ങളോട് സഹിഷ്ണുത കാട്ടുകയും അവരെ ബഹുമാനിക്കാൻ പഠിപ്പിക്കുകയും ചെയ്യുന്ന അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പ്രവർത്തനം മാതൃകാപരമാണെന്നും ജമീലാ കാനത്തിൽ തന്റെ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. ■


Humanity First

Our mission is to serve disaster struck and socially disadvantaged individuals and families in the poorer communities of the world.

**Humanity First International**
22 Deer Park Road, South Wimbledon
London, SW19 3AH
Tel: +44 (0)20 8417 0082, Fax: +44 (0)20 8417 0110




2011 September

Reg.No. 3332/59, Postal Regn. No.KL/CT/108/2009-11.Estd. 1925
Licensed to post without pre-payment, Licence No: KL/PMG/NR/WPP/16/KKD/09-11

Vol: LXXXIII No.9
Price Rs. **20/-**

**The Sathyadoothan Monthly**

എല്ലാവരോടും സ്നേഹം, വെറുപ്പ് ആരോടുമില്ല!..



**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് കേരള**

**സംസ്ഥാന**

# സമ്മേളനം

2011 നവംബർ 12, 13 (ശനി, ഞായർ)

**കോഴിക്കോട്**

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**Toll free No.**

**1800 425 2020**

**(9 am to 9 pm)**